# അദ്ധ്യായം 3

# ലോകമെമ്പാടുമുള്ള ഒരു വിഷമവൃത്തം

രക്ഷയുടെ ആവശ്യകതയെപ്പറ്റിയുള്ള സൂക്ഷ്മാവലോകനത്തിൽ, പൗലൊസ് യഹൂദൻമാരേയും വിജാതീയരേയും ഒരേ പോലെ ഉൾപ്പെടുത്തിയിട്ടുണ്ട്. വിജാതീയർ ആത്മീയമായി നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് സ്ഥാപിക്കുന്നതിനായുള്ള അദ്ദേഹത്തിന്റെ ചർച്ച ഒരു അദ്ധ്യായത്തിന്റെ പകുതിയോളമാണ്: പതിനഞ്ച് വാക്യങ്ങൾ (1:18–32). യഹൂദൻമാരെ കുറ്റം വിധിച്ചു കൊണ്ടുള്ള അതിന്റെ ഇരട്ടിയിലേറെ നീളുന്നതാണ് - ഒന്നര അദ്ധ്യായം: മുപ്പത്തിയേഴ് വാക്യങ്ങൾ (2:1–3:8).[1] എന്തുകൊണ്ട് ഈ വ്യത്യാസം? യഹൂദൻമാർക്ക് തങ്ങൾ പാപികളാണെന്ന് സമ്മതിക്കുന്നത് ഒരുപക്ഷെ രണ്ടിരട്ടി ദുഷ്കരമായേക്കാം എന്നുള്ളതു കൊണ്ടാകാം ഇത്.

### എതിർപ്പുകൾക്ക് മറുപടി നൽകൽ (3:1-8)

യഹൂദൻമാർ ഉയർത്തിയേക്കാവുന്ന എതിർപ്പുകൾ സംബന്ധിച്ച മുഴുവൻ വചനഭാഗവും അനായാസം മനസ്സിലാക്കാവുന്ന ഒരു ഭാഗമല്ല. 3 മുതൽ 8 വരെയുള്ള വാക്യങ്ങളെക്കുറിച്ച് ഡഗ്ലസ് ജെ. മൂ പറയുന്നതിങ്ങനെയാണ്: "മുഴുവൻ ലേഖനത്തിലും വ്യാഖ്യാനിക്കുന്നതിന് ഏറ്റവും ദുഷ്കരമായവയിൽ ചിലത്"[2] എന്നാണ്. ഭാവനയിലുള്ള ഒരു യഹൂദ എതിരാളി ഉയർത്തുന്ന എതിർപ്പുകൾക്ക് മറുപടി നൽകുന്ന ഒരു സംവാദ രൂപമാണ് പൗലൊസ് ഉപയോഗിച്ചിരിക്കുന്നത് എന്ന് നിരവധി എഴുത്തുകാർ സമ്മതിക്കുന്നു. എങ്കിലും, ആരാണ് (പൗലൊസ് അല്ലെങ്കിൽ അദ്ദേഹത്തിന്റെ എതിരാളി) "സംസാരിക്കുന്നത്" എന്നത് എപ്പോഴും വ്യക്തമാകുന്നില്ല. കൂടുതലായി, യഥാർത്ഥത്തിൽ സംവേദിക്കുന്നതിന് ഉദ്ദേശിക്കുന്നതെന്താണ് എന്നതിനെക്കുറിച്ച് അനുമാനിക്കേണ്ടി വരുന്ന വിധത്തിൽഎതിർപ്പുകളും അതിനുള്ള മറുപടികളും വളരെയേറെ സംക്ഷിപ്തമായവയാണ്. എന്നിരുന്നാലും, അപ്പൊസ്തലന്റെ പ്രാഥമികമായ ഉദ്ദേശ്യം വ്യക്തമാണ്: യഹൂദ എതിർപ്പുകളെ നിശ്ശബ്ദമാക്കുക (കാണുക 2:1; 3:19).

എതിർപ്പുകളെക്കുറിച്ച് പറയുമ്പോൾ, ഒരുപക്ഷെ യഹൂദ സിനഗോഗുകളിൽ പൗലൊസ് പ്രസംഗിച്ച സന്ദർഭങ്ങളിൽ (കാണുക അ. പ്രവൃത്തി. 13:14; 14:1; 17:1, 10; 18:4; 19:8). അദ്ദേഹം കേട്ട തരങ്ങളിലുള്ള വക്രോക്തികളായിരിക്കണം അവ. നിരവധി വർഷങ്ങളായി ഒരുപക്ഷെ പൗലൊസ് ഒരേ തരത്തിലുള്ള എതിർപ്പുകൾ പിന്നെയും പിന്നെയും കേട്ടിട്ടുണ്ടായിരിക്കണം. ഒരു ക്രിസ്തീയ വിശ്വാസിയായിത്തീരുന്നതിന് മുൻപ്, അദ്ദേഹം സ്വയം നടത്തിയിട്ടുള്ള വിമർശനങ്ങളോട് അവ സമാനമായിരിക്കുക പോലും ചെയ്തിരുന്നേക്കാം.

**ഒന്നാമത്തെ എതിർപ്പ്: ''ദൈവത്തിന്റെ നിയമത്തെക്കുറിച്ച് എന്ത്?'' (3:1, 2)**

**[1]എന്നാൽ യെഹൂദന്നു എന്തു വിശേഷത? അല്ല, പരിച്ഛേദനയാൽ എന്തു പ്രയോജനം? [2]സകലവിധത്തിലും വളരെ ഉണ്ടു; ഒന്നാമതു ദൈവത്തിന്റെ അരുളപ്പാടുകൾ അവരുടെ പക്കൽ സമർപ്പിച്ചിരിക്കുന്നതു തന്നേ.**

**വാക്യം 1.** അദ്ധ്യായം 2-ന്റെ അവസാനത്തിൽ, മോശയുടെ ന്യായപ്രമാ ണം ഉള്ളതു കൊണ്ടു മാത്രവും പരിച്ഛേദന ഏറ്റതു കൊണ്ടു മാത്രവും, രക്ഷ ഉറപ്പാക്കുന്നതിന് സാദ്ധ്യമല്ല എന്ന് പൗലൊസ് യഹൂദൻമാരോട് പറഞ്ഞു (2:17–29). മതഭക്തി പുലർത്തുന്ന ഒരു വ്യക്തിയോട്, ആരെങ്കിലും എപ്പോഴെങ്കിലും അയാളുടെ രക്ഷയെക്കുറിച്ച് സംശയമുണ്ടെന്ന് പറഞ്ഞാൽ, ഒരു തർക്കമുണ്ടാകുമെന്നതിന് സംശയമില്ല. അതിനാൽ ഈ "പ്രതികരണം" അത്ഭുതപ്പെടുത്തുന്നതില്ല: **എന്നാൽ യെഹൂദന്നു എന്തു വിശേഷത? അല്ല, പരിച്ഛേദനയാൽ എന്തു പ്രയോജനം?**

''വിശേഷത'' എന്ന് അർത്ഥം വരുന്ന വാക്ക് തർജ്ജമ ചെയ്തിരിക്കുന്നത് περισσός (*perissos*) ൽ നിന്നാണ്. ഇത് വരുന്നത് ''മുകളിൽ'' എന്ന വാക്കിനായുള്ള ഉപസർഗ്ഗമായ περί (*peri*) ൽ നിന്ന് ഉത്ഭവിക്കുന്നു. പെരിസ്സോസ് പരാമർശിക്കുന്നത് ''എല്ലാറ്റിനും മുകളിൽ''[3] എന്നാണ്. "വിശേഷത" ὠφέλεια (*ōpheleia*) ൽ നിന്നാണ്. ഇത് ഉൽഭവിച്ചിരിക്കുന്നത് ''അധികരിക്കുക'' എന്ന വാക്കിൽ നിന്നാണ്.[4] ഒഫീലിയ പരാമർശിക്കുന്നത് ഒരു വ്യക്തിക്ക് ഉള്ളത് വർദ്ധിക്കുക അല്ലെങ്കിൽ അതിനോട് കൂട്ടിച്ചേർക്ക പ്പെടുക എന്നതാണ്. *പെരിസ്സോസ്*, *ഒഫീലിയ* എന്നിവ, ഒരേ കാര്യം തന്നെ രണ്ട് വിധത്തിൽ പറയുകയാണ്. പൗലൊസിന്റെ ഭാവനയിലെ പ്രതിയോഗി ഇങ്ങനെ ചോദിക്കുകയായിരുന്നു, "നിങ്ങൾ പറയുന്നത് ശരിയാണെങ്കിൽ, ഒരു യഹൂദനായിരിക്കുന്നതിൽ *അർത്ഥമെന്താണ്?''*

യഹൂദൻമാരെ സംബന്ധിച്ചിടത്തോളം, അദ്ധ്യായം 2-ലെ പൗലൊസിന്റെ വാക്കുകൾ, ഏറെക്കാലങ്ങൾക്ക് മുൻപ് ദൈവം അവരുമായി ചെയ്ത ഉടമ്പടിയെ പ്രതിഫലിപ്പിക്കുന്നതാണ്. ദൈവം അവരെ ഭൂമിയിലെ മറ്റ് രാഷ്ട്രങ്ങളിൽ നിന്ന് വേർതിരിക്കുകയും *അവർക്ക്* ന്യായപ്രമാണവും പരിച്ഛേദനയുടെ അടയാളവും നൽകുകയും ചെയ്തു. ഈ ഉടമ്പടിയ്ക്ക് യാതൊരു അർത്ഥവുമില്ലെന്നായിരുന്നുവോ പൗലോസ് പറഞ്ഞത്?

**വാക്യം 2.** അദ്ധ്യായം 2-ലെ പൗലൊസിന്റെ ശക്തമായ വാക്കുകൾക്ക് ശേഷം, നാം പ്രതീക്ഷിക്കുക "ഒരു യഹൂദനായിത്തീരുന്നതിൽ സവിശേഷതയൊന്നുമില്ല" എന്ന് മറുപടി നൽകുമെന്നാണ്. പകരം, അദ്ദേഹം മറുപടി പറയുന്നത് സകലവിധത്തിലും **വളരെ ഉണ്ട്** എന്നാണ്. വളരെയുള്ള എന്ത് സവിശേഷതകളും നേട്ടങ്ങളുമാണ് പൗലൊസിന്റെ മനസ്സിലുണ്ടായിരുന്നത്? പൗലൊസ് പറയുന്നു, **ഒന്നാമതു ദൈവത്തിന്റെ അരുളപ്പാടുകൾ അവരുടെ പക്കൽ സമർപ്പിച്ചിരിക്കുന്നതു തന്നേ**. ''ഒന്നാമത്'' എന്ന വാക്ക് ഉപയോഗിക്കു മ്പോൾ, പൗലൊസ് വളരെ വിശാലമായ ഒരു പട്ടിക നൽകുന്നതിന് ഉദ്ദേശിക്കുന്നുവെന്നുള്ള ഒരു ധാരണയാണ് അത് നൽകുന്നത് - എന്നാൽ ഈ പട്ടിക അദ്ധ്യായം 9 എത്തുന്നതു വരെ പ്രത്യക്ഷപ്പെടുന്നില്ല (കാണുക 9:4, 5). ഇവിടെ, വാക്കുകൾ ഒരു പക്ഷേ ഒരു മുഖവുര മാത്രമാണ് (കാണുക ഇംഗ്ലീഷ് രൂപാന്തരമായ ആർഎസ്‌വി). അതിന്റെ അർത്ഥം, "ഏറ്റവും പ്രധാന

പ്പെട്ട (വിശേഷതയാണ്)" (കാണുക KJV).

യഹൂദൻമാരുടെ ഏറ്റവും പ്രധാനപ്പെട്ട വിശേഷത, ''ദൈവത്തിന്റെ അരുളപ്പാടുകൾ അവരുടെ പക്കൽ സമർപ്പിച്ചിരിക്കുന്നു''വെന്നതാണ്. ''അരു ളപ്പ ാടുകൾ'' എന്ന് അർത്ഥം വരുന്ന വാക്ക് പരിഭാഷപ്പെടുത്തിയിരിക്കുന്നത് ലോഗിയ λόγια (*logia*)-ൽ നിന്നാണ്. നിരവധി വേദപണ്ഡിതൻമാർ ഇത് ലോഗോസ് λόγος (*logos*), "ദൈവവചനം" എന്ന വാക്കിന്റെ ചുരുക്ക രൂപം ആയി കരുതുന്നു. "ദൈവത്തിന്റെ അരുളപ്പാടു" കളെ[5] AB പരാമർശിക്കു ന്നത് ദൈവത്തിന്റെ (സംക്ഷിപ്ത... ഉച്ചരിക്കൽ) ''ആയി''ട്ടാണ്. ഒരുപക്ഷെ, ദൈവ വെളിപ്പാടുകളുടെ അഗാധവും വ്യക്തിഗതവുമായ സ്വഭാവം സൂചിപ്പിക്കുന്നതിന ായിട്ടായിരിക്കും ഈ തനതായ രൂപം ഉപയോഗിച്ചിരിക്കുന്നത്. ഇംഗ്ലീഷ് വേദപ ുസ്തക പരിഭാഷയായ എൻഐവി, ''ദൈവത്തിന്റെ സ്വന്തം വചനങ്ങൾ'' എന്ന് പറയുന്നു. ചിലർ ലോഗിയ എന്നത് യഹൂദ തിരുവെഴുത്തുകളുടെ ഒരു ഭാഗം മാത്രമായി പരിമിതപ്പെടുത്തുന്നു. എന്നാൽ ജോൺ മാക്ആർതർ ഈ പ്രയോഗം കുറിക്കുന്നത്, ''പഴയ നിയമത്തെ മുഴുവനായി'' എന്ന് അന്തിമ നിർണ്ണയത്തിലെത്തുമ്പോൾ അത് ഒരുപക്ഷെ ശരിയായിരിക്കും.[6]

''ദൈവത്തിന്റെ വെളിപ്പാട്'' എഡ്വേർഡ്സ് പറഞ്ഞു, ''എവിടെയെങ്കിലും വെച്ച് വെറുതേ സംഭവിക്കുന്നതല്ല. എപ്പോൾ വേണമെങ്കിലും എവിടെ വച്ചെങ്കിലും മനുഷ്യകുലത്തിന് ദൈവത്തെ മാന്ത്രികമായി ആവാഹിച്ചു വരുത്തുവാൻ കഴിയില്ല. ദൈവം ... സ്വയമായി വെളിപ്പെടുത്തിയേ മതിയാകൂ.''[7] ഇവിടെ, യഹൂദൻമാർക്ക് ദൈവം സ്വയം വെളിപ്പെടുത്തുകയും തന്റെ ഹിതം വെളിപ്പെടുത്തുകയും ചെയ്തു. ദൈവത്തിന്റെ ചട്ടങ്ങളിലൂടെയും പ്ര വചനങ്ങളിലൂടെയും വാഗ്ദത്തങ്ങളിലൂടെയും അവർ അനുഗ്രഹിക്കപ്പെട്ടു. എങ്ങനെയാണ് ജീവിക്കേണ്ടത് എന്ന് ദൈവത്തിന്റെ ചട്ടങ്ങൾ അവരെ പഠിപ്പിച്ചു; ദൈവീക പ്രവചനങ്ങളെല്ലാം തന്നെ മശിഹായിലേക്ക് വിരൽ ചൂണ്ടി; അവിടുത്തെ വാഗ്ദാനങ്ങൾ, തുടരുന്ന ദൈവീക സംരക്ഷണത്തെ ക്കുറിച്ച് അവർക്ക് ഉറപ്പു നൽകി. ദൈവം യഹൂദ ജനതയെ "മറ്റെല്ലാ നിധികൾക്കും അപ്പുറത്തുള്ള നിധിയുടെ സൂക്ഷിപ്പുകാരായി"[8] ദൈവം അവരെ നിയമിച്ചു.

ഈ നിധി ലിഖിത രൂപത്തിൽ കൈവശമിരിക്കുന്നതിൽ എന്തെങ്കിലും നേട്ടമുണ്ടായിരുന്നുവോ ... ദൈവത്തെക്കുറിച്ച് വ്യക്തമായ ഒരു വെളിപ്പാട് ലഭിച്ചതിൽ ... മനുഷ്യരാശിയിൽ നിന്ന് ദൈവം എന്താണ് പ്രതീക്ഷിക്കുന്നത് സംബന്ധിച്ച കൃത്യമായ നിർദ്ദേശങ്ങൾ ലഭിച്ചതിൽ? ഇരുട്ടിൽ വഴി കണ്ടെത്തുന്നതിനായി ശ്രമിക്കുന്ന രണ്ട് വ്യക്തികളെ സങ്കൽപ്പിക്കൂ. ഒരു വ്യക്തിയുടെ പക്കൽ പ്രകാശം കുറഞ്ഞ, ഇടവിട്ട് മിന്നിമിന്നിക്കത്തുന്ന ഒരു ദീപം മാത്രമേയുള്ളു; എന്നാൽ രണ്ടാമത്തെ വ്യക്തിയുടെ കൈവശം വഴി മുഴുവൻ പ്രകാശപൂരിതമാക്കുന്ന ശക്തവും തെളിഞ്ഞതുമായ ദീപ മുണ്ട്. ഒന്നാമത്തെ വ്യക്തിയെ യേശുക്രിസ്തു ഭൂമിയിലേക്ക് വരുന്നതിന് മുൻപുണ്ടായിരുന്ന വിജാതീയരുമായി താരതമ്യം ചെയ്യുന്നതിന് കഴിയും; രണ്ടാമത്തെ വ്യക്തിയെ യഹൂദനോടും. ആർക്കാണ് നേട്ടം? വ്യക്തമായും, ഉജ്ജ്വലമായി പ്രകാശിക്കുന്ന ദീപമുള്ള വ്യക്തി. ''ദൈവത്തിന്റെ സ്വന്തം വചനങ്ങൾ'' ഉണ്ടായിരുന്ന യഹൂദനാണ് അത്.

എങ്കിൽത്തന്നെയും, ഈ സവിശേഷതയുണ്ടെന്നുള്ളത് മാത്രം വിജയം ഉറപ്പു വരുത്തുന്നില്ല. മികച്ച വിദ്യാഭ്യാസം നേടിയിട്ടുള്ള ഒരു വ്യക്തിക്ക്, ഒരു വിദ്യാഭ്യാസവും സിദ്ധിച്ചിട്ടില്ലാത്ത ഒരു വ്യക്തിയേക്കാൾ എന്തു കൊണ്ടും

സവിശേഷതയുണ്ട്. എന്നിരുന്നാലും, അൽപ്പമാത്രമായി വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരോ ഒട്ടും തന്നെ വിദ്യാഭ്യാസം നേടിയിട്ടില്ലാത്തവരോ, ഗണ്യമായി വിദ്യാഭ്യാസം നേടിയിട്ടുള്ളവരേക്കാൾ ഏറെ നേട്ടങ്ങൾ കൈവരിക്കുന്നു - അവർ ഏറെ കഠിനമായി പരിശ്രമിക്കുന്നതിനാൽ. കായിക മൽസരങ്ങളിൽ, ബലവത്തായ ശരീരവും സ്വാഭാവികമായ കായികശേഷിയുമുള്ള ഒരു വ്യക്തിക്ക് അത്രത്തോളം കായിക ശേഷിയില്ലാത്ത ഒരു വ്യക്തിയേക്കാൾ എന്തായാലും അനുകൂലത ഏറെയുണ്ട്. എന്നാൽ, ചിലപ്പോൾ മഹനീയമായ നിശ്ചയദാർഢ്യം മൂലം, രണ്ടാമത്തെ വ്യക്തി ഒന്നാമത്തെ വ്യക്തിയെ വെല്ലുന്ന പ്രകടനം കാഴ്ച വെക്കുന്നു. അങ്ങനെയെങ്കിൽ, "ദൈവത്തിന്റെ അരുളപ്പാടുകൾ" കൈവശമുള്ളത്, യഹൂദ ജനതക്ക് വിജാതീയരുടെ മുകളിൽ വളരെ വലിയ ഒരു നേട്ടം നൽകി - എന്നാൽ, ദൈവം അവർക്ക് നൽകിയത് പ്രയോജനപ്പെടുത്തുന്നതിന് യഹൂദൻമാർ പരായപ്പെട്ടു.

"ദൈവത്തിന്റെ അരുളപ്പാടുകൾ അവരുടെ പക്കൽ സമർപ്പിച്ചിരിക്കുന്നുവെന്ന്" മനസ്സിലാക്കുന്നതിൽ യഹൂദൻമാർ പ്രകടമായും പരായപ്പെട്ടു. "സമർപ്പിച്ചിരിക്കുന്നു" എന്ന് അർത്ഥം വരുന്ന വാക്കിന്റെ മൂലപദം പിസ്റ്റെയു πιστεύω (*pisteuō*) എന്നാണ്. "വിശ്വസിക്കുക" എന്നതിന് പതിവായി ഉപയോഗിക്കുന്ന പദമാണ് ഇത്. ക്രിയാശൂന്യമായ രീതിയിൽ ഉപയോഗിക്കുമ്പോൾ, ഈ വാക്ക് അർത്ഥമാക്കുന്നത് "ഭരമേൽപ്പിക്കുക"[9] എന്നാണ്. ഈ പദപ്രയോഗം, ഉടമസ്ഥതയിൽ നിന്ന് സൂക്ഷിപ്പുകാരന്റെ സ്ഥാനത്തേക്ക് അർത്ഥതലത്തിലെ ഊന്നൽ മാറ്റുന്നു - ന്യായപ്രമാണത്തിന്റെ കൈവശാവകാശത്തിൽ നിന്ന് അതിനോടുള്ള ഉത്തരവാദി ത്വത്തിലേക്ക്.[10] യഹൂദൻമാർ ദൈവ വചനത്തിന്റെ മികച്ച *സൂക്ഷിപ്പുകാരായിരുന്നില്ല.* ഒരു ഘട്ടത്തിൽ, അവർക്ക് അത് കൈമോശം വരിക പോലും ചെയ്തു (കാണുക ദിന. 34:14–33). യേശുക്രിസ്തുവിന്റെ കാലഘട്ടമായപ്പോഴേക്കും, മനുഷ്യ സൃഷ്ടികളായ പാരമ്പര്യങ്ങൾക്ക് ദൈവം നൽകിയ കൽപ്പനകളേക്കാൾ (കാണുക മത്താ. 15:1–9) പ്രാധാന്യമുള്ളതായി അവർ പരിഗണിച്ചു. യേശുക്രിസ്തു അവരോട് കടുത്ത സ്വരത്തിൽ പറഞ്ഞതിങ്ങനെയാണ്: "നിങ്ങൾ തിരുവെഴുത്തുകളെ അറിയുന്നില്ല" (മർ. 12:24).

### എതിർപ്പ് രണ്ട്: "അവരുടെ അവിശ്വാസത്താൽ ദൈവത്തിന്റെ വിശ്വസ്തതയ്ക്കു നീക്കം വരുമോ?" (3:3, 4)

**3ചിലർ വിശ്വസിച്ചില്ല എങ്കിൽ അവരുടെ അവിശ്വാസത്താൽ ദൈവത്തിന്റെ വിശ്വസ്തതെക്കു നീക്കം വരുമോ? ഒരുനാളും ഇല്ല. 4നിന്റെ വാക്കുകളിൽ "നീ നീതീകരിക്കപ്പെടുവാനും, നിന്റെ ന്യായവിസ്താരത്തിൽ ജയിപ്പാനും" എന്നു എഴുതിയിരിക്കുന്നതുപോലെ ദൈവം സത്യവാൻ, സകല മനുഷ്യരും ഭോഷ്കു പറയുന്നവർ എന്നേ വരൂ.**

> **"വിധിക്കുമ്പോൾ അവിടുത്തെ വാക്കുകളിൽ അവിടുന്ന് നീതികരിക്കപ്പെടേണ്ടതിനും വിധിക്കുമ്പോൾ അവിടുന്ന് ഉയർത്തപ്പെടേണ്ടതിനും."**

**വാക്യം 3.** യഹൂദൻമാർ ന്യായപ്രമാണം പാലിക്കുന്നതിൽ പരാജയപ്പെട്ടുവെന്ന വസ്തുത, നമ്മെ രണ്ടാമത്തെ എതിർ വാദത്തിലേക്ക് കൊണ്ടു വരുന്നു:

ചിലർ വിശ്വസിച്ചില്ല എങ്കിൽ അവരുടെ അവിശ്വാസത്താൽ ദൈവത്തിന്റെ വിശ്വസ്തതെക്കു നീക്കം വരുമോ?[12]

വാക്യങ്ങൾ 2, 3 എന്നിവയിൽ പൗലൊസിന്റെ വാക്കുകൾ കൊണ്ടുള്ള വിളയാട്ടം, ഗ്രീക്ക് പദങ്ങളിലേക്കാൾ ഇംഗ്ലീഷ് ഭാഷാന്തരത്തിൽ കൂടുതൽ വ്യക്തമാണ്. വിശ്വസിക്കുക "ബിലീവ്'' (πιστεύω, *pisteuō*), വിശ്വാസം "ബിലീഫ്'' (πίστις, *pistis*) (*പിസ്റ്റിസ്*) എന്നിവയുടെ ആവർത്തനം ശ്രദ്ധിക്കുക. യഹൂദൻമാരെ വചനം ഭരമേൽപ്പിച്ചിട്ടുണ്ടായിരുന്നു ("എൻട്രസ്റ്റഡ്'' - *പിസ്റ്റയൂ*), എന്നാൽ അവർ വിശ്വസിക്കുന്നതിന് ("ബിലീവ്'') പരാജയപ്പെട്ടു. അവരുടെ അവിശ്വാസത്താൽ ("അൺബിലീഫ്'' - *പിസ്റ്റിസിന്റെ* എതിർ പദം) ദൈവത്തിന്റെ വിശ്വസ്തതയ്ക്ക് "ഫെയിത്ത്ഫുൾനെസ്'' (*pistis*)[13] നീക്കം വരുമോ? പദങ്ങൾ കൊണ്ടുള്ള കളിയെ നമുക്ക് ഇങ്ങനെ പ്രകടിപ്പിക്കാം: "യഹൂദൻമാർ ദൈവത്തിന്റെ വചനത്തിൽ *വിശ്വസ്തരാ*യിരിക്കുമെന്ന് പ്രതീക്ഷിക്കപ്പെട്ടുവെങ്കിലും അവർ *അവിശ്വസ്തരാ*യിരുന്നു. അവരുടെ *അവിശ്വാസ*ത്താൽ ദൈവത്തിന്റെ *വിശ്വസ്ത*തെക്കു നീക്കം വരുമോ?

ഈ എതിർവാദത്തെ എൽബി ഈ വിധത്തിലാണ് സംക്ഷേപിക്കുന്നത്: "ശരിയാണ്, അവരിൽ ചിലർ (യഹൂദൻമാർ) അവിശ്വസ്തരായിരുന്നു; എന്നാൽ അവർ ദൈവത്തോടുള്ള വാഗ്ദാനം പാലിച്ചില്ല എന്നതിനാൽ അതിന്റെ അർത്ഥം, ദൈവം (അവരോടുള്ള) തന്റെ വാഗ്ദാനങ്ങൾ തകർത്തു കളയുമോ?'' ഭാവനയിലുള്ള എതിരാളി, ഫലത്തിൽ പൗലൊസിനോട് ചോദിക്കുകയായിരുന്നു, "തന്റെ ജനവുമായി ഏർപ്പെട്ട ഉടമ്പടിയെക്കുറിച്ച് ദൈവം അവിശ്വസ്തനായിരുന്നുവെന്ന് നിങ്ങൾ ആരോപണമുന്നയിക്കുകയാണോ?"

**വാക്യം 4**. ഈ വാക്യത്തിൽ പൗലൊസിന്റെ മറുപടി അടങ്ങുന്നു. 9 മുതൽ 11 വരെയുള്ള അദ്ധ്യായങ്ങളിൽ അദ്ദേഹം ഈ ചോദ്യം വിശദമായി ചർച്ച ചെയ്യുവാൻ പോകുകയാണ്. എന്നാൽ, ഇപ്പോഴിവിടെ ദൈവം അവിശ്വസ്തത പ്രദർശിപ്പിക്കുന്നതിനുള്ള സാദ്ധ്യതയുണ്ടെന്ന വിവക്ഷയോട് അദ്ദേഹം പ്രതികരിക്കുകയാണ്. അദ്ദേഹത്തിന്റെ ഉത്തരം തീവ്രമാണ്: ഒരുനാളും ഇല്ല. 'നിന്റെ വാക്കുകളിൽ നീ നീതീകരിക്കപ്പെടുവാനും, നിന്റെ ന്യായവിസ്താരത്തിൽ ജയിപ്പാനും' എന്നു എഴുതിയിരിക്കുന്നതുപോലെ ദൈവം സത്യവാൻ, സകല മനുഷ്യരും ഭോഷ്കു പറയുന്നവർ എന്നേ വരൂ.

"ഒരുനാളും ഇല്ല'' എന്നത് *മി ജെനോയിറ്റോ* μὴ γένοιτο (*mē genoito*) എന്ന ഗ്രീക്ക് പ്രയോഗത്തിന്റെ ആക്ഷരികമായ ഭാഷാന്തരമാണ് - "ഗ്രീക്ക് ഭാഷയിൽ സാദ്ധ്യമായ ഏറ്റവും ശക്തമായ നിഷേധപ്രയോഗം.'' പൗലൊസ് ഈ വാക്കുകൾ വീണ്ടും വീണ്ടും ഉപയോഗിച്ചു (3:6, 31; 6:2, 15; 7:7, 13:9; 9:14. 11:1, 11). ഇത് ലേഖനത്തിലൊന്നാകെ നിറയുന്ന ആവേശപരതയാണ് സൂചിപ്പിക്കുന്നത്.

*മി ജെനോയിറ്റോ* എന്ന പ്രയോഗത്തിൽ നിറയുന്ന വൈകാരികതയുടെ അഗാധത ഇംഗ്ലീഷ് പദങ്ങൾക്ക് പ്രകടിപ്പിക്കുന്നതിന് സാദ്ധ്യമല്ല. എൻഐവിയിൽ ഇത് "നോട്ട് അറ്റ് ഓൾ'' (ഒരിക്കലുമല്ല) എന്ന് പരിഭാഷപ്പെടുത്തുമ്പോൾ എൻകെജെവിയിൽ ഇത് "സേർട്ടൻലി, നോട്ട്'' (തീർച്ചയായും ഇല്ല തന്നെ) എന്നാണ്. കെജെവി, വൈകാരികതയുടെ അതിതീവ്രതയെ പകരുന്നതിന് ശ്രമിക്കുന്നത്, "ഭാഗികമായി ദൈവദൂഷണ പരമായ ഒരു ആശയ പ്രകാശനം'' എന്ന് വിളിക്കാവുന്ന ഒരു പ്രയോഗം കൊണ്ടാണ്: "ഗോഡ് ഫൊർബിഡ്''

(അങ്ങനെ സംഭവിക്കാതിരിക്കട്ടെ).[15] സിജെബിയും സമാനമായ ഒരു സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്: ‘‘ഹെവൻ ഫൊർബിഡ്’’ (അങ്ങനെ സംഭവിക്കാതിരിക്കട്ടെ).[15] ചില വ്യക്തികൾ പറയും, “ഇല്ല, ഇല്ല, ഒരു ആയിരം പ്രാവശ്യം ഇല്ല!” ദൈവം അവിശ്വസ്തത പുലർത്തിയേക്കാം എന്നയൊരു ചിന്തയ്ക്ക് മുൻപിൽ പൗലൊസ് ഞെട്ടിത്തരിക്കുന്നു. മനുഷ്യർ ദൈവത്തിന് മഹത്വം നൽകുന്നതിൽ പരാജയപ്പെടുന്നതിനെക്കുറിച്ച് ആകുലപ്പെ ടുന്നതിന്റെ അത്രത്തോളം, ആളുകൾ തന്നെ വിശ്വസിക്കുമോ എന്നതിൽ അപ്പൊസ്തലൻ പുലർത്തുന്നില്ല.

പൗലൊസ് തന്റെ പ്രതികരണം തുടരുന്നു: ദൈവം സത്യവാൻ, സകല മനുഷ്യരും ഭോഷ്കു പറയുന്നവർ എന്നേ വരൂ. ഭാവനയിലെ പൗലൊസിന്റെ എതിരാളി, യഹൂദൻമാരുടെ അവിശ്വസ്തത, ദൈവത്തിന്റെ അവിശ്വസ്തയെ ബാധിച്ചുവോ എന്ന് ഫലത്തിൽ ചോദിച്ചിരുന്നു. മനുഷ്യർ എങ്ങനെ യായിരിക്കണമോ അവർ അങ്ങനെയല്ലെങ്കിലും, അത് ദൈവത്തിന്റെ മാറ്റമില്ലാത്ത സ്വഭാവത്തെ ഇത് ബാധിക്കുന്നില്ല എന്ന് പൗലൊസ് ഉത്തരം നൽകുന്നു (കാണുക 2 തിമോ. 2:13). ഉദാഹരണമായി, ഈ ഭൂമുഖത്തെ ഓരോ വ്യക്തിയും കപടത പുലർത്തുന്നുവെങ്കിലും അപ്പോഴും ദൈവം അപ്പോഴും ഉത്തമനായി തുടരും (കാണുക ഗുഡ്സ്പീഡ്).

ദൈവത്തിന്റെ വിശ്വസ്തത എപ്പോഴും സ്ഥിരമായിരിക്കുന്നുവെന്ന സത്യം അരക്കിട്ടുറപ്പിക്കുന്നതിനായി, ഈ സത്യം ബലവത്താക്കുന്നതിനായി, പൗലൊസ് സങ്കീർത്തനങ്ങളിൽ നിന്ന് ഉദ്ധരിക്കുകയാണ്: “സംസാരിക്കു മ്പോൾ നീ നീതിമാനായും വിധിക്കുമ്പോൾ നിർമ്മലനായും ഇരിക്കേണ്ടതിന്നു തന്നേ.” ഈ ഉദ്ധരണി സങ്കീർത്തനം 51:4-ന്റെ അവസാന ഭാഗത്ത് നിന്നാണ്. പൗലൊസിന്റെ ഈ വചനത്തിന്റെ ആഖ്യാനം, പഴയ നിയമത്തിന്റെ മിക്കവാറും ഭാഷ്യങ്ങളുടെ ഭാഷാന്തരത്തിൽ നിന്ന് വ്യത്യസ്തമാണ്. ഗ്രീക്ക് പഴയ നിയമ (എൽഎക്സ്എക്സ്)-ത്തിൽ നിന്നാണ് പൗലൊസ് ഈ വചനം ഉദ്ധരിക്കുന്നത്. നമ്മുടെ പരിഭാഷകളാകട്ടെ എബ്രായ ഭാഷാന്തരത്തിൽ നിന്നാണ്.

തെറ്റുകളുടെ ഏറ്റുപറച്ചിലിന്റെ, പഴയ നിയമത്തിലെ ഏറ്റവും ഉത്കൃഷ്ടമായ വചന ഭാഗങ്ങളിലൊന്നാണ് സങ്കീർത്തനം 51. ബത്ത്-ശേബ യോടൊപ്പം വ്യഭിചാരം ചെയ്ത പാപം സംബന്ധിച്ച് നാഥാൻ പ്രവാചകൻ ദാവീദിനെ അഭിമുഖീകരിക്കുന്നതിനെത്തുടർന്ന് ദാവീദിന്റെ പശ്ചാത്താപ വിവശതയാർന്ന വാക്കുകളാണ് അത് രേഖപ്പെടുത്തുന്നത്.[16] വാക്യം 4-ൽ ദാവീദിന്റെ വാക്കുകൾ വെളിപ്പെടുത്തുന്നത്, ആത്യന്തികമായി അദ്ദേഹത്തിന്റെ ഏറ്റവും പ്രാഥമികമായ താൽപ്പര്യം ദൈവത്തെ നീതിമാനായും ഉത്തമനായും കാണിക്കുക എന്നതാണ്. ഫലത്തിൽ അദ്ദേഹം കർത്താവിനോട് ഇങ്ങനെ പറയുകയായിരുന്നു, “വിധിക്കുമ്പോൾ അവിടുത്തെ വാക്കുകളിൽ അവിടുന്ന് നീതീകരിക്കപ്പെടേണ്ടതിനും വിധിക്കുമ്പോൾ അവിടുന്ന് ഉയർത്തപ്പെടേണ്ടതിന ുമായും ഞാൻ എന്റെ പാപങ്ങൾ ഏറ്റു പറയുന്നു.”

നിന്റെ ന്യായവിസ്താരത്തിൽ ജയിപ്പാനും എന്നുള്ള വാക്യാംശം വളരെ വിചിത്രമായി ചിലർക്ക് തോന്നിയേക്കാം. മനുഷ്യർ ദൈവത്തെ എന്നെങ്കിലും വിധിക്കുമോ? അതെ അവർ വിധിക്കും. എല്ലാ ദിവസവും വിധിക്കും. അവർ പുരികം ചുളിച്ച് തല കുലുക്കി ചോദിയ്ക്കുന്നത് ‘‘എന്തുകൊണ്ട് ദൈവം ഇങ്ങനെ സംഭവിക്കുവാൻ അനുവദിച്ചു’’. സംശയം ഏറ്റവും മനസാക്ഷിപ ൂർവ്വമായി ജീവിക്കുന്ന ക്രിസ്ത്യാനിക്കു പോലും ഉണ്ടാകാം. മോസസ് ഇ.

ലാർഡ് ഇങ്ങനെ പറഞ്ഞു:

> പാപം ചെയ്യുവാൻ കഴിവുള്ളവരായി നമ്മെ സൃഷ്ടിച്ചതിന്. നമ്മെ പരീക്ഷയുണ്ടാവാൻ വിട്ടുകൊടുക്കുന്നതിന് മറ്റുള്ളവരുടെ പാപത്തിന്റെ ഫലമായി നാം മരിക്കേണ്ടിവരുന്നതിന്, പ്രയാസമുള്ള ജീവിതത്തിന് നമ്മെ ഏല്പിച്ചുകൊടുക്കുന്നതിന്, ധാരാളം പരിശോധനകളുടെ നടുവിൽ നാം പരിശുദ്ധരായിരിക്കേണം എന്ന് പ്രതീക്ഷിക്കുന്നതിന്, ഭാവിയെക്കുറിച്ച് കൂടുതലായി ഒന്നും വെളിപ്പെടുത്താത്തതിന് ...[17]

പൗലൊസിന്റെ ആശയം എന്തെന്നാൽ മനുഷ്യർ ദൈവത്തെ വിധിയ്ക്കാൻ ശ്രമിച്ചാലും ദൈവം അതിൽ ന്യായീകരിക്കപ്പെടും. ഒരു നാളിൽ എല്ലാ ആളുകളും സമ്മതിക്കേണ്ടിവരും. സർവ്വ വിഷയങ്ങളിലും ദൈവം ഉന്നതമായ നിലയിൽ കുറ്റമറ്റവനായിരിയ്ക്കാം. അവൻ വിശ്വസ്തനെന്നും സ്ഥാപിക്കപ്പെടും. ഇഖആ പറയുന്നത് പരിശോധനയ്ക്കു വിട്ടാൽ ദൈവം തന്നെ വിധിയിൽ ജയിക്കും എന്നത്രെ. വിധി തീർപ്പെല്ലാം കഴിയുമ്പോൾ ദൈവം തന്നെയായിരുന്ന തന്റെ സർവ്വ പ്രവർത്തിയിലും ശരിയെന്നും നീതിമാനെന്നും ഏല്ലാവരും ചേർന്നു പറയും

### മൂന്നാമത്തെ എതിർ വാദം: "ദൈവത്തിന്റെ നീതി വിലകുറച്ചു കണക്കാക്കിയോ?" (3:5-6)

**[5]നമ്മുടെ അനീതി ദൈവത്തിന്റെ നീതിയെ പ്രസിദ്ധമാക്കുന്നു എങ്കിൽ നാം എന്തുപറയും? ശിക്ഷ നടത്തുന്ന ദൈവം നീതിയില്ലാത്തവൻ എന്നോ? (ഞാൻ മാനുഷരീതിയിൽ പറയുന്നു) [6]ഒരു നാളുമല്ല! അല്ലെങ്കിൽ ദൈവം ലോകത്തെ എങ്ങനെ വിധിക്കും?**

**വാക്യം 5.** മൂന്നാമത്തെ എതിർവാദം തുടങ്ങുന്നു "**നമ്മുടെ അനീതി ദൈവത്തിന്റെ നീതിയെ പ്രസിദ്ധമാക്കുന്നു എങ്കിൽ**" പ്രസിദ്ധമാക്കുന്നു എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നു. ഗ്രീക്കുവാക്ക് രണ്ടു വാക്കുകൾ ചേർന്നുണ്ടായ ഒരു വാക്കാണ്. (συνίστημι) എന്നത് (σύν) എന്ന രണ്ടു വാക്കുകൾ ചേർന്നുണ്ടായതാണ്. (ἵστημι) ഒരാളെ മറ്റൊരാൾക്ക് പരിചയപ്പെടുത്തികൊടുക്കുന്ന സ്ഥാനത്ത് അതുപയോഗിച്ചിരുന്നു. ഒരു അനുകൂലമായ രീതിയിൽ അആയിൽ "നമ്മുടെ നീതി ദൈവത്തിന്റെ നീതിയെ ഉറപ്പിയ്ക്കയും വെളിപ്പെടുത്തുകയും ചെയ്യുന്നു" എന്നാണ്.

ദാവീദിന്റെ പാപത്തിന്റെ ഒരു ഫലം ദൈവം നീതിമാൻ എന്ന് കാണിച്ചു (3:4). സങ്കല്പത്തിലെ എതിർവാദി അടുത്ത വാദം ഒരു മുൻവ്യവസ്ഥയോടെയാണ് കൊണ്ടുവരുന്നത്. യഹൂദന്മാരുടെ അവിശ്വാസം ദൈവത്തിന്റെ വിശ്വസ്തതയെ മഹത്വപ്പെടുത്തി. വൈരുദ്ധ്യം അവതരിപ്പിച്ച് അതു ചെയ്തു. ഒരു വൃത്തികെട്ട തുണിയോടു താരതമ്യപ്പെടുത്തുമ്പോൾ പുതിയതായി അലക്കി വെളുപ്പിച്ച തുണി എത്ര വൃത്തിയുള്ളത് എന്ന് കാണുന്നതുപോലെ രണ്ടാമതായി ദൈവത്തിന് തന്റെ കരുണ വെളിപ്പെടുത്തുവാൻ ധാരാളം അവസരം കൊടുത്തു. യഹൂദരുടെ പാപങ്ങൾ വളരെയായിരുന്നിട്ടും ദൈവം തന്റെ നിയമത്തെ മാനിച്ചു. ആ വാദത്തെ ഇങ്ങനെ പറയാം, നമ്മുടെ പാപം ദൈവം

നല്ലവനെന്നു സ്ഥാപിക്കുവാൻ സഹായകമായി.

യഹൂദന്മാരുടെ അനീതി ദൈവത്തിന്റെ നീതിയെ പ്രസിദ്ധമാക്കി എന്നു പറയുമ്പോൾ എതിർവാദി പറയുന്നു: **നാം എന്തു പറയേണ്ടു?** അഥവാ "ഏതു നിഗമനത്തിൽ നാം എത്തിച്ചേരേണ്ടു? **ശിക്ഷ വിധിയ്ക്കുന്ന ദൈവം അനീതിയുള്ളവനാണോ?**[18] അതിലെ ചിന്ത ഇങ്ങനെ വ്യക്തമാക്കാം. പൗലൊസേ നിങ്ങൾ ദൈവകോപത്തെക്കുറിച്ച് സംസാരിച്ചുവല്ലോ (1:18, 2:5, 8) ദൈവം യഹൂദന്മാരായ ഞങ്ങളുടെ നേരേ കോപിയ്ക്കയാണെങ്കിൽ (ജാതികളോടു കോപിയ്ക്കുന്നതുപോലെ) ഞങ്ങളോടുള്ള അവന്റെ ഉടുമ്പടി ലംഘിക്കയായിരിക്കും. അപ്പോൾ ദൈവം അനീതിയുള്ളവനാകും. പക്ഷേ ദൈവം അനീതിയുള്ളവനല്ല ഞങ്ങളെ ശിക്ഷിയ്ക്കുന്നത് ദൈവത്തിന് ഭംഗിയായിരിക്കയില്ല. യഹൂദന്മാർ, തങ്ങൾ എന്തു തന്നെ തെറ്റു ചെയ്താലും അവർ ദൈവത്തിന്റെ ഉടമ്പടി സമൂഹത്തിൽ പെട്ടവരാണെന്ന് വിശ്വസിച്ചിരുന്നു. അവർ എത്ര ദുഷ്ടത പ്രവർത്തിച്ചാലും ദൈവം അവരെ അന്ത്യത്തിൽ രക്ഷിയ്ക്കും എന്നായിരുന്നു അവരുടെ ചിന്ത.

യഹൂദന്മാരോട് സംസാരിച്ചപ്പോൾ പൗലൊസ് ഇത് തുറന്നു പറഞ്ഞു എങ്കിലും അതു പറവാൻ പ്രയാസമുണ്ടായിരുന്നു. പൗലൊസ് തന്റെ ഉത്തരം ഒരു ക്ഷമാപണരൂപത്തിലാണ് കൊടുക്കുന്നത്. ഞാൻ മാനുഷ്യ രീതിയിൽ പറയുന്നു "അതായത് മനുഷ്യർ എത്ര പരിഹാസ്യരായിട്ടാണ് അവർ തങ്ങളുടെ പാപങ്ങളെ നീതീകരിയ്ക്കുവാന് ശ്രമിക്കുന്നത്" എന്ന് പറയുമ്പോലെ.

**വാക്യം 6**. ദൈവം അനീതിയുള്ളവനോ എന്നതിനെ ശക്തിയായി എതിർക്കുന്നു. **ഒരു നാളുമല്ല**! അതിനോട് ചേർന്ന് **അല്ലെങ്കിൽ ദൈവം ലോകത്തെ എങ്ങനെ വിധിയ്ക്കും?** എന്ന് ചോദിക്കുന്നു. ഈ വാക്കുകൾക്ക് (1) പ്രത്യക്ഷമായ ഒരർത്ഥവും (2) അത്ര പ്രത്യക്ഷമല്ലാത്ത വേറൊരർത്ഥവും പുറമെ കാണാം. പൗലൊസ് പറയുകയാണ് "ദൈവം അനീതിയുള്ളവനാണെങ്കിൽ ലോകത്തെ വിധിപ്പാൻ യോഗ്യനല്ല. അവൻ ലോകത്തെ വിധിക്കുമെന്നു നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ (ഉല്പ. 18:25) ദൈവം നീതിമാൻ തന്നെയാണ്."

പൗലൊസ് അതിലും അധികമായി പറയുകയാണ്. യഹൂദന്മാരുടെ അനീതി ദൈവത്തിന്റെ നീതിയെ വർദ്ധിപ്പിച്ചു കാണിച്ചു. തന്മൂലം യഹൂദന്മാരെ ശിക്ഷിയ്ക്കുന്നത് ദൈവത്തിന് ചേരുന്നതല്ല ദൈവത്തിന്റെ നീതിയെ അവരുടെ അനീതി ഉയർത്തിക്കാട്ടിയതിനാൽ എന്ന വാദത്തിന് പൗലൊസ് ഉത്തരം പറയുകയാണ്. "അതിനെ ഇങ്ങനെ മനസ്സിലാക്കാം, നിങ്ങളുടെ യുക്തിപ്രകാരം ലോകത്തിന്റെ പൊതുവിലുള്ള കാര്യത്തിൽ അനീതി ദൈവത്തിന്റെ നീതിയെ ഉയർത്തിക്കാട്ടുന്നു (2:1) എന്നു നിങ്ങളുടെ വാദം അനുസരിച്ച് ജാതികളുടെ വർദ്ധമാനമായ അനീതി ദൈവത്തിന്റ നീതിയെ നിങ്ങളുടെ അനീതിയെക്കാൾ വർദ്ധമാനമായ രീതിയിൽ ദൈവത്തിന്റെ നീതിയെ പ്രസിദ്ധമാക്കണമല്ലോ. അങ്ങനെയെങ്കിൽ ജാതികളെ ശിക്ഷിക്കുന്നത് ദൈവത്തിന് *ഒരുത്തരെയും* വിധിപ്പാൻ സാധിയ്ക്കയില്ല. ലോകത്തിന്റെ ന്യായാധിപതി എന്ന സ്ഥാനത്തിന് ദൈവം യോഗ്യനല്ല!

പൗലൊസിന്റെ വാദം പരിശോധിച്ചശേഷം യഹൂദന്മാരുടെ എതിർവാദം നോക്കിയിട്ട് അത് ഒരു മഠയത്തരമായ വാദമാണ് അത് പരിഹാസ്യമായി തോന്നാവുന്നതാണ്. എന്ന് നമുക്ക് തോന്നാം. ഒരു കാര്യം നാം ഓർക്കണം. അത് നമുക്ക് കാര്യമായി കരുതാം. മനുഷ്യർ തെറ്റുചെയ്യുമ്പോൾ, തങ്ങളെ

തന്നെ നീതീകരിയ്ക്കുവാനായി ധാരാളം വിവരങ്ങൾ കൊണ്ടുവരുന്നു. ആദാം ദൈവത്തോട് ‘‘എന്നോട് കൂടെയിരിപ്പാൻ നീ തന്ന സ്ത്രീ ആ മരത്തിന്റെ ഫലം തന്നു. ഞാൻ തിന്നുകയും ചെയ്തു’’ (ഉല്പ. 3:12) ഒരു കുട്ടി ഒരു പാത്രം പൊട്ടിച്ചു. അടുത്തു നിന്ന പട്ടിയെ ചൂണ്ടി ‘‘*അവനാണ്* പൊട്ടിച്ചത്’’ എന്നു പറയുന്നു. ഒരു യുവാവ് ഏറ്റവും നവീനമായ ആശയഭ്രാന്തിൽ മുഴുകി മുന്നോട്ടോടുമ്പോൾ അവന്റെ മാതാപിതാക്കളോട് പറയുന്നു. *എല്ലാവരും* അങ്ങനെ ചെയ്യും വിവാഹിതാനായ ഒരുവൻ തന്റെ വിവാഹത്തിനുപുറത്തുള്ള വേണ്ടാത്ത ബന്ധം നീതീകരിക്കുവാൻ ‘‘എന്റെ ഭാര്യ എന്നെ മനസ്സിലാക്കുന്നില്ല എന്നു പറയുന്നു.’’ ആരോ ഒരാൾ പറഞ്ഞതുപോലെ ന്യായീകരിക്കുന്നതാണ് അനുതപിയ്ക്കുന്നതിനേക്കാൾ പ്രയാസം കുറഞ്ഞത് ലിയോൺ മോറിസ് അഭിപ്രായപ്പെട്ടത് ‘‘പാപികളായ നാം അവശ്വസനീയമായ കല്പനാ പാടവമാണ് നമ്മെത്തന്നെ ന്യായീകരിപ്പാൻ കാണിക്കുന്നത്.’’[19]

## പ്രതിവാദം നാല്. ‘‘ദൈവത്തിന്റെ മഹത്വത്തെ തെറ്റിദ്ധരിക്കുന്നുവോ?’’ (3:7, 8)

**[7]ദൈവത്തിന്റെ സത്യം എന്റെ ഭോഷ്ക്കിനാൽ അധികം തെളിവായി എങ്കിൽ എന്നെ പാപി എന്നു വിളിക്കുന്നത് എന്ത്? [8]നല്ലതു വരേണ്ടതിന് തീയതു ചെയ്ക എന്ന് പറയരുതോ? ഇവർക്കു വരുന്ന ശിക്ഷാവിധി നീതിയുള്ളതു തന്നെ.**

**വാക്യം 7.** അത് നമ്മെ നാലാമത്തെ വാദത്തിലേക്ക് കൊണ്ടുവരുന്നു. പൗലോസ് പറയുന്നു. ദൈവത്തിന്റെ സത്യം എന്റെ ഭോഷ്ക്കിനാൽ അവന്റെ മഹത്വത്തിനായി അധികം തെളിവായി എങ്കിൽ എന്നെ പാപി എന്നു വിളിക്കുന്നതെന്ത്? നല്ലതു വരേണ്ടതിന് തീയതു ചെയ്കാ എന്നു പറയരുതോ?

7ാം വാക്യത്തിൽ പൗലൊസ് ‘‘എന്റെ ഭോഷ്ക്ക്’’ എന്ന് ഞാൻ എന്ന പദവും ഉപയോഗിക്കുന്നു. അത് ചിലർ പറയുന്നത് അവരുടെ അഭിപ്രായം പൗലൊസ് മൂന്നു വാദങ്ങൾ മാത്രമേ ഉന്നയിക്കുന്നുള്ളൂ. ഏഴാം വാക്യത്തിൽ എതിർ വാദക്കാരന്റെ വാദം തന്റേതായി പ്രയോഗിയ്ക്കുകയാണെന്നത്രെ. അവരുടെ വ്യാഖ്യാനപ്രകാരം പൗലൊസ് ഏകദേശം ഇങ്ങനെയാണ് പറയുന്നത്. ‘‘നിങ്ങൾ പറയുന്നു നിങ്ങളുടെ പാപം ദൈവത്തിന്റെ മഹത്വത്തെ വർദ്ധിപ്പിച്ചു’’ എന്നതിനാൽ ദൈവം നിങ്ങളെ ന്യായം വിധിക്കരുത്. അതേ സമയം നിങ്ങൾ എന്നെ ഒരു കള്ളം പറയുന്നവൻ എന്ന് വിളിക്കുന്നു. നിങ്ങളുടെ വാദം ശരിയെങ്കിൽ എന്റെ കള്ളവും ദൈവമഹത്വത്തെ വാർദ്ധമാനമാക്കുന്നു. അങ്ങനെയെങ്കിൽ എന്നെ ഒരു പാപി എന്നു വിധിക്കരുത്!’’

ഈ വ്യാഖ്യാനം ശരിയായിരിക്കാവുന്നതാണ്. അത് വാക്യത്തോട് അനീതി കാട്ടുന്നില്ല. എന്നാൽ ‘‘കനും’’ എന്നത് എതിർ വാദി പൗലൊസിന്റെ വാദത്തിലെ എല്ലാ മനുഷ്യരെയും എല്ലാ *യഹൂദൻ* (വാക്യം 4) ഉത്തമപുരുഷ സർവ്വനാമത്തിന്റെ ഉപയോഗം സാധാരണ വായനക്കാരെ ഉദ്ദേശിച്ചാണ് എഴുതുന്നത്.[20] 7ാം വാക്യത്തിൽ നാലാമത്തെ വാദം ഉയർത്തുകയാണ്. (ചകഢ, അആ, ഇഋഢ, ഛഘഠകാണുക) യഹൂദവാദി വാദിച്ചേക്കാം. നമ്മുടെ കള്ളം പറച്ചിൽ ദൈവത്തിന്റെ സത്യത്തെ വർദ്ധിപ്പിക്കുന്നതുപോലെ, അങ്ങനെ ആത്യന്തികമായി ദൈവത്തെ മഹിത്വപ്പെടുത്തുന്നതുപോലെ എന്തുകൊണ്ടാണ് നിങ്ങൾ

(പൗലൊസ്) യഹൂദന്മാർ പാപിപകളാണെന്ന് ആവർത്തിച്ചു പറയുന്നത്?

**വാക്യം 8**. പൗലൊസിന്റെ അടിസ്ഥാന വാദം എന്തെന്നാൽ 5, 7 വാക്യങ്ങളിലെ വാദപ്രകാരം പാപം ചെയ്യുന്നത് നല്ലതാണ് എന്തെന്നാൽ അത് ദൈവത്തെ കൂടുതൽ മഹത്വമുള്ളവനായി കാണിയ്ക്കും എന്നു ഈ വാക്യത്തിൽ പൗലൊസ് ഇങ്ങനെയാണ് പറയുന്നത്: നല്ലതു വരേണ്ടതിന് തീയതു ചെയ്ക എന്നു പറയരുതോ. ഞങ്ങൾ അങ്ങനെ പറയുന്നു എന്ന് ചിലർ ഞങ്ങളെ ദുഷിച്ചു പറയുന്നുവല്ലോ. ഇവർക്കു വരുന്ന ശിക്ഷാവിധി നീതിയുള്ളതു തന്നെ.

നല്ലതു വരേണ്ടതിന് തീയതു ചെയ്യാം അങ്ങനെ പറയുന്നത് ആർക്കും വെറുപ്പുണ്ടാകും. തീയത് *ഒരിയ്ക്കലും* നല്ലതല്ല. പാപം *ഒരിയ്ക്കലും* പ്രോത്സാഹിപ്പിയ്ക്കപ്പെടേണ്ടതല്ല.

നല്ലതു വരേണ്ടതിന് തീയതു ചെയ്ക എന്ന് ആരെങ്കിലും വാദിയ്ക്കുമോ? ആളുകൾ എപ്പോഴും പാപം ചെയ്യുന്നു. ആ വാക്കുകൾ ഉപയോഗിക്കുന്നില്ലെങ്കിലും അടിയിൽ കിടക്കുന്ന തത്വം അതു തന്നെ. 8-ാം വാക്യത്തിൽ ആദ്യത്തെ പകുതിയിൽ പൗലൊസ് ബ്രാക്കറ്റിൽ (ഞങ്ങൾ അങ്ങനെ പറയുന്നുവെന്ന് ചിലർ ഞങ്ങളെ ദുഷിച്ചുപറയുന്നുവല്ലോ) ഞങ്ങൾ എന്നത് പക്ഷേ പൗലൊസിനെ മാത്രം ഉദ്ദേശിച്ചുള്ളതായിരിക്കും. താൻ തന്റെ ശത്രുക്കളെ ഉദ്ദേശിച്ചാണ് ഞങ്ങളെ ദുഷിച്ചു പറയുന്നവർ എന്നു പറഞ്ഞിരിക്കുന്നത്. പൗലൊസ് ഇങ്ങനെ പഠിപ്പിച്ചു എന്ന് അവർ കുറ്റമായി പറഞ്ഞിട്ടുണ്ട്. അതായതു "നല്ലതു വരേണ്ടതിന് തീയതു ചെയ്യാം" എന്ന് "കൃപയെ" കുറിച്ചുള്ള ഉപദേശത്തിലാകാം (5:20) പാപം പെരുകിയേടത്ത് കൃപ അത്യന്തം വർദ്ധിച്ചു എന്ന് അവിടെ പഠിപ്പിച്ചിട്ടുണ്ട്. പൗലൊസിന്റെ വിമർശകർ ഈ ഉപദേശം വളച്ചൊടിച്ചാണ് ഈ വിമർശനം പറഞ്ഞത് അതായത് കൂടുതൽ പാപം ചെയ്തിട്ടും കൂടുതൽ കൃപ ലഭിയ്ക്കും എന്ന് ചെയ്യാവുന്നിടത്തോളം പാപം ചെയ്യുക. (2 പത്രൊ. 3:16 കാണുക) 6:1, 2 വാക്യങ്ങളിൽ കുറ്റം കാണിച്ചുള്ള ഈ വിമർശനത്തിന് ഉത്തരം പറയുന്നു.

ഈ വിമർശന (നല്ലതു വരേണ്ടതിനു തീയതു ചെയ്ക) ത്തിന് മറുപടിവാദം ആവശ്യമില്ലെന്നു തെളിയുമെങ്കിലും ഈ ഭാഗം അവർക്കു വരുന്ന ശിക്ഷാവിധി നീതിയുള്ളതു തന്നെ എന്ന് ശക്തിയായ ഒരു പ്രസ്താവനയാൽ അവസാനിപ്പിച്ചിരിക്കുന്നു. ഈ പ്രസ്താവനയോടാണോ, പൗലൊസിനെ തെറ്റാൽ പ്രതിനിധീകരിച്ചവരോടാണോ ആരുതന്നെ ആയാലും ശക്തികരണം നീതിയുള്ള വിധി എന്നതിലാണ് യഹൂദന്മാർക്ക് തങ്ങൾ ആഗ്രഹിയ്ക്കുന്നതെല്ലാം വാദിയ്ക്കാം. എന്നാലും ഒടുവിൽ അവർ പാപികൾ തന്നെ. ദൈവത്തിന് അവരെക്കുറിച്ചുള്ള വിധി പറയുവാനുള്ളത് നല്ലതായതല്ല. നീതിയായുള്ളതുതന്നെ.

1-8 വരെയുള്ള വാക്യങ്ങൾ ഹൃദയത്തോടു സംസാരിക്കുന്ന വചനങ്ങളാണ്, 1-4 വരെയുള്ള വാക്യങ്ങളിൽ ദൈവം സത്യവാൻ, സകല മനുഷ്യരും ഭോഷ്ക്കു പറയുന്നവൻ എന്നേ വരൂ.[21] അതാണ് എല്ലാ ക്രിസ്തീയ തത്വങ്ങളുടെയും പ്രാഥമിക മൗലികതത്വം. ഈ പ്രസ്താവന സർവ്വകള്ളന്മാരുടെയും ശിക്ഷയ്ക്കുള്ള സത്യം എന്നാൽ ദൈവം സത്യവാൻ എന്ന വിടുതലിനാധാരമായ സത്യം എന്നും എഡ്വേർഡ്സ് അതിനെ കണ്ടു.[22] മനുഷ്യൻ കാപട്യം ആണ് എന്നാൽ ദൈവം ആശ്രയിപ്പാൻ വിശ്വസ്തനും മനുഷ്യർ ആശ്രയിപ്പാൻ കൊള്ളാത്ത വിശ്വസ്തരും ആണ്. ദൈവത്തെ ആശ്രയിക്കാം. മനുഷ്യനെ

ആശ്രയിപ്പാൻ സാധിയ്ക്കയില്ല.

ഒരു സത്യം ഉയർന്നു നില്ക്കുന്നു. യഹൂദന്മാർ ഉന്നയിക്കാവുന്ന സർവ എതിർവാദങ്ങൾക്കും പൗലൊസ് മറുപടികൊടുത്തു. എല്ലാ കേസുകളിലും യഹൂദർ വാദങ്ങളെ ദൈവനിശ്വാസിയമായ എതിർവാദങ്ങളാൽ പൗലൊസ് തള്ളിക്കളഞ്ഞു. അവർ എത്ര വാദം കൊണ്ടുവന്ന് എതിർത്താലും അവരും രക്ഷ ആവശ്യമുള്ള പാപികൾ തന്നെയാണ്!

## ജാതികളും യഹൂദന്മാരും ഒരുപോലെ പാപത്തിൻ കീഴിലും ദൈവനീതി ആവശ്യമുള്ളവരും ആകുന്നു (3:9-20)

റോമർക്കെഴുതിയ ലേഖനത്തിന്റെ ഒന്നാം വിഭാഗത്തിന്റെ അവസാന ഭാഗമാണ് ഈ വാക്യങ്ങൾ. ഈ ഭാഗത്ത് നീതിന്യായക്കോടതി ഉപയോഗി ക്കുന്ന പദങ്ങൾ ധാരാളമായി ഉപയോഗിച്ചിരിക്കുന്നു. ഉദാഹരണമായി 2:15–ൽ സാക്ഷ്യപ്പെടുത്തുന്ന ജാതികളുടെ മനസ്സാക്ഷിയെക്കുറിച്ച് പറയുന്നു. ''അവ രുടെ മനസ്സാക്ഷി കൂടെ സാക്ഷ്യം പറഞ്ഞും അവരുടെ വിചാരങ്ങൾ തമ്മിൽ കുറ്റം ചുമത്തുകയോ പ്രതിവാദിക്കയോ ചെയ്തുകൊണ്ട്'' 3:9–20 പൗലൊസ് വിസ്താരത്തിന്റെ സങ്കല്പം ഉപയോഗിക്കുന്നു (3:9). യഹൂദന്മാരും യവന ന്മാരും ഒരു പോലെ പാപത്തിൻ കീഴാകുന്നു എന്ന് നാം മുമ്പേ തെളിയിച്ചു വല്ലോ. 3:9ലെ വാക്കുകൾ നിയമപരമാണെന്ന് മോറീസ് പറയുന്നു.[23] REB യിൽ യഹൂദന്മാരും യവനന്മാരും ഒരു പോലെ പാപത്തിന്റെ ശക്തിയ്ക്കു കീഴിലാണെന്ന് നാം തെളിയിച്ചു. 1:18–ൽ തുടങ്ങുന്ന വിസ്താരം അവസാനി യ്ക്കുവാൻ തുടങ്ങുന്നു. വിധി പറയുവാൻ സമയമായി.

### അടിസ്ഥാന പ്രമേയം (3:9)

**9ആകയാൽ എന്ത് നമുക്കു വിശേഷതയുണ്ടോ? അശേഷമില്ല. യഹൂദ ന്മാരും യവനന്മാരും ഒരു പോലെ പാപത്തിൻ കീഴാകുന്നു എന്ന് നാം മുമ്പേ തെളിയിച്ചുവല്ലോ.**

**വാക്യം 9**. 3:1–ൽ ഈ ചോദ്യം ചോദിച്ചിരുന്നു. എന്നാൽ യഹൂദന് എന്തു വിശേഷത, അല്ല പരിച്ഛേദനയാൽ എന്തു പ്രയോജനം? പൗലൊസ് ''സകലവിധത്തിലും വളരെ ഉണ്ട്'' എന്ന് പറയുന്നു (3:2). ഇപ്പോൾ അതേ രീതിയിലുള്ള വേറൊരു ചോദ്യം ചോദിക്കുന്നു.[24] **ആകയാൽ എന്ത്? നമുക്ക് വിശേഷതയുണ്ടോ?** അശേഷമില്ല. ഞടഢ യിൽ ''യഹൂദന്മാരായ നമുക്ക്[25] ജാതികളേക്കാൾ വിശേഷതയുണ്ടോ?'' പൗലൊസ് പറയുന്നു **അശേഷമില്ല**. മറുപടിയിൽ എന്തുകൊണ്ടാണ് വ്യത്യാസം. എന്തെന്നാൽ മറുപടി ഒരു പേ ാലെയാണെങ്കിലും ചോദ്യങ്ങൾ വ്യത്യസ്തമാണ്.

> യഹൂദന് എന്തുവിശേഷത (ജാതികളേക്കാൾ)? *അതെ,* അവർക്ക് എഴു തപ്പെട്ട ന്യായപ്രമാണമുണ്ട് (3:2).
>
> അവൻ അവന്റെ സൗകര്യം ഉപയോഗിച്ചുവോ? *ഇല്ല;* ന്യായപ്രമാണം പ്ര മാണിക്കുന്നതിൽ തോറ്റുപോയി (2:13, 23, 25 കാണുക)

ദൈവം ന്യായപ്രമാണം എഴുതിക്കൊടുക്കാത്ത ജാതികളെക്കാൾ അവർ വിശേഷതഉള്ളവരോ *അല്ല*.

1:18–32 വരെയുള്ള വാക്യങ്ങളിൽ യഹൂദേതരർ (ജാതികൾ) തങ്ങൾക്കു ലഭ്യമായിരുന്ന ന്യായപ്രമാണം അനുസരിച്ചിട്ടില്ല എന്ന് സ്ഥാപിച്ചിട്ടുണ്ട്. 2:1–3:8 വരെ യഹൂദന്മാരെക്കുറിച്ചും അതു തന്നെ സ്ഥാപിച്ചിട്ടുണ്ട്. ഇപ്പോൾ പ്രസ്താവിക്കുന്നത് **യഹൂദന്മാരും യവനന്മാരും ഒരു പോലെ പാപത്തിൻ കീഴാകുന്നു** എന്നാണ്. **നാം മുമ്പേ തെളിയിച്ചുവല്ലോ** എന്ന പ്രയോഗം (προαιτιάομαι) കുറ്റപ്പെടുത്തുക എന്നർത്ഥം വരുന്ന (πρό)[26] ഉപയോഗിക്കുമ്പോൾ ലഭിയ്ക്കുന്ന വാക്ക് ഒരു കുറ്റത്തിനായി മുൻപുതന്നെ കുറ്റവാളിയായി കണക്കാക്കപ്പെട്ടിരുന്ന ഒരാളെ കുറിയ്ക്കുന്നതിനുപയോഗിക്കുന്നതാണ്.[27]

എന്താണ് കുറ്റം? ഉത്തരം പാപം പൗലോസിന്റെ ചർച്ച മനുഷ്യവർഗ്ഗത്തിന്റെ പാപം എന്ന വിഷയത്തെ ആസ്പദമാക്കിയുള്ളതാണ്. 1:18 മുതൽ എല്ലാവരും പാപം ചെയ്തു എന്നല്ല (3:23 ലെപ്പോലെ) എല്ലാവരും പാപത്തിൻ കീഴാകുന്നു എന്നാണ്. കീഴ് എന്നത് (ὑπό) എന്ന ഗ്രീക്കുപദത്തിന്റെ പരിഭാഷയാണ് ὑπό യ്ക്ക് നിയന്ത്രിപ്പാൻ പറ്റുന്ന സ്ഥാനത്തുള്ള ഒന്നിനെ അടയാളം വെക്കുവാൻ കഴിയുന്ന എന്നർത്ഥമാണ് അതായത് ഭരണത്തിൻ കീഴിൽ നിയന്ത്രണത്തിൻ കീഴിൽ[28] എന്ന് അർത്ഥമാക്കാം (മത്താ. 8:9, ഗലാ. 3:25, 1 തിമോ. 6:1): റോമർ 3:9-ൽ RSV പാപത്തിന്റെ ശക്തിക്കു കീഴെ എന്നും AB യിൽ, അടിച്ചമർത്തപ്പെട്ട (held down by) എന്നും അതിന്റെ ശക്തിക്കു കീഴിൽ എന്നും മനസ്സിലാക്കാം.

പാപത്തെ ഒരു മർദ്ദിത ഭരണം നടത്തുന്ന യജമാനന്റെ മൂർത്തിഭാവമാക്കി ചിത്രീകരിച്ചിരിക്കുന്നു. ഒരു മനുഷ്യൻ ജനിക്കുന്നത് പാപത്തിൻ കീഴല്ല. എന്നാൽ അവൻ വളർന്ന് വ്യക്തിഗതമായി പാപം ചെയ്യുമ്പോൾ അവൻ പാപത്തിന്റെ അടിമയാകുന്നു (അദ്ധ്യയം 6 കാണുക): മനുഷ്യന് വിടുതലിനുള്ള ഏക മാർഗ്ഗം യേശുക്രിസ്തുവിന്റെ രക്തമാണ്.

### വിശദമായ തെളിവ് (3:10-19)

**10 നീതിമാൻ ആരുമില്ല,**
**ഒരുത്തൻ പോലുമില്ല 11 ഗ്രഹിക്കുന്നവൻ ഇല്ല; ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല;**
**12 എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിതീർന്നു.**
**നന്മ ചെയ്യുന്നവനില്ല; ഒരുത്തൻപോലുമില്ല,**
**അവരുടെ തൊണ്ട തുറന്ന ശവക്കുഴി.**
**13 നാവുകൊണ്ട് അവർ ചതിക്കുന്നു.**
**സർപ്പവിഷം അവരുടെ അധരങ്ങൾക്ക് കീഴെ ഉണ്ട്,**
**14 അവരുടെ വായിൽ ശാപവും കൈപ്പും നിറഞ്ഞിരിക്കുന്നു.**
**15 അവരുടെ കാൽ രക്തം ചൊരിയുവാൻ ബദ്ധപ്പെടുന്നു.**
**16 നാശവും അരിഷ്ടതയും അവരുടെ വഴികളിൽ ഉണ്ട്,**
**17 സമാധാന മാർഗ്ഗം അവർ അറിഞ്ഞിട്ടില്ല.**
**18 അവരുടെ ദൃഷ്ടിയിൽ ദൈവഭയമില്ല.**
**19 ന്യായപ്രമാണം പറയുന്നതെല്ലാം ന്യായപ്രമാണത്തിൻ കീഴുള്ളവരോടു**

**സംസാരിക്കുന്നു എന്നു നാം അറിയുന്നു. അങ്ങനെ ഏതു വായും അടഞ്ഞ് സർവ്വലോകവും ദൈവസന്നിധിയിൽ ശിക്ഷാ യോഗ്യമായി തീരേണ്ടതത്രെ.**

പൗലൊസ് തന്റെ പ്രമേയം അവതരിപ്പിച്ചുകഴിഞ്ഞു. യഹൂദന്മാരും യവനന്മാരും ഒരു പോലെ പാപത്തിൻ കീഴാകുന്നു. ദൈവത്തിന്റെ നീതി ലഭിക്കേണ്ട ആവശ്യസ്ഥിതിയിലാണ് രണ്ടിൽ ഒരു കൂട്ടർ (യഹൂദർ) ആ വിധിയോടെതിർക്കുകയും അവസാന തെളിവ് അന്വേഷിക്കുകയും ചെയ്യുന്നു. അവർ പ്രശംസ കൊണ്ടിരുന്ന ന്യായപ്രമാണത്തിലേക്ക് തിരിഞ്ഞു (2:23).

10-18 വരെയുള്ള വാക്യങ്ങളിൽ പൗലൊസ് രണ്ട് പഴയനിയമ പുസ്തകങ്ങളിൽ നിന്നും ഉദ്ധരിക്കുന്നുണ്ട്. സങ്കീർത്തനത്തിൽനിന്നും യെശയ്യാവിൽനിന്നും പൗലൊസിന്റെ ഈ രീതി വേദപുസ്തകകാലത്ത് ഉപയോഗിച്ചിരുന്നു.[29] അതിന് (charaz) അതായത് മുത്തുകൾ ചരടിൽ കോർക്കുന്ന അർത്ഥമാണ്.[30] ഇന്ന് അതിനെ തെളിവുകളുടെ പാഠങ്ങൾ എന്നു വിളിക്കാം. റോമർക്കെഴുതിയ ലേഖനത്തിൽ പൗലൊസ് ഈ രീതി ധാരാളം ഉപയോഗിക്കുന്നുണ്ട്. (9:25-27; 10:18-21; 11:8-10; 15:9-12) എന്നാൽ ഇതാണ് ഏറ്റവും നീളമുള്ള ഭാഗങ്ങൾ ഉദ്ധരിച്ചുകാണുന്നത്. പുതിയനിയമത്തിൽതന്നെ ഇതാണ് നീണ്ട ഉദ്ധരണി.

**വാക്യം 10-12.** തുടങ്ങുന്നു. ''എന്നിങ്ങനെ എഴുതിയിരിക്കുന്നുവല്ലോ. പഴയനിയമത്തിന്റെ ഗ്രീക്കുപരിഭാഷയിൽനിന്നും പൗലൊസ് സാധാരണചെയ്യുന്നതുപോലെ ആദ്യം സങ്കീർത്തനം 14:1-3 വരെ ഉദ്ധരിച്ചു.[31] മനുഷ്യവർഗ്ഗത്തിന്റെ മാത്സര്യമനോഭാവത്തെ കാണിക്കുന്നു. **നീതിമാൻ ആരുമില്ല, ഒരുത്തൻപോലുമില്ല. ഗ്രഹിക്കുന്നവൻ ഇല്ല. ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല. ഒരുത്തൻപോലുമില്ല. എല്ലാവരും ഒരുപോലെകൊള്ളരുതാത്തവരായി ത്തീർന്നു. നന്മ ചെയ്യുന്നവനില്ല. ഒരുത്തൻപോലുമില്ല.** ''നീതിമാൻ'' എന്ന് ഇവിടെ ഉപയോഗിച്ചിരിക്കുന്നത് ദൈവ മുൻപാകെ ശരിയായ നിലപാടുള്ള എന്ന അർത്ഥത്തിലാണ്. കണക്കു ബോധിപ്പിക്കേണ്ട ഏവരും നന്മയായുള്ള കുറെ കാര്യങ്ങളെങ്കിലും ചെയ്യും. കുറെ തെറ്റുകളും ചെയ്യും. തത്ഫലമായി ദൈവമുമ്പാകെ ശിക്ഷാർഹരായി നിലകൊള്ളുന്നു (യാക്കൊ. 2:10).

എന്തുകൊണ്ടാണിങ്ങനെ? ഒരു പാത്രത്തിൽ കുറെ മണ്ണും കുറെ വെള്ളവും എടുത്ത് ചിത്രീകരിയ്ക്കാം. ചെളിയിലോട്ട് കുറെ വൃത്തിയുള്ള വെള്ളം ഒഴിക്കുക. വെള്ളം ആ ചെളിയെ വൃത്തിയാക്കിയോ? ഇല്ല. കുറച്ചു മണ്ണു വെള്ളത്തിലേക്കിടുക. മണ്ണ് വെള്ളത്തെ മലിനമാക്കിയോ. നിശ്ചയമായും ആക്കി. പാപം അതുപോലെയാണ്. നിന്റെ ജീവിതത്തിൽ പല നന്മകളും ഉണ്ടായിരിക്കാം എന്നാൽ കുറെ തിന്മ അഥവാ ദോഷങ്ങളും ഉണ്ട്. അത് നിന്നെ ഒരു പാപി ആക്കുന്നു (യാക്കൊബ് 2:10). അതിൽ വ്യത്യാസമുണ്ടോ?[32] സങ്കീർത്തനക്കാരന് ഇതിലും വ്യക്തമായി തെളിയിക്കാൻ സാധിക്കയില്ല. ഇല്ല ... ഇല്ല ... ആരുമില്ല ... ഒരുത്തൻപോലുമില്ല!

**വാക്യം 13, 14.** 14-ാം സങ്കീർത്തനത്തിൽ സർവ്വർക്കുമുള്ള ശിക്ഷാവിധിയെ ആരെങ്കിലും തനിക്കുള്ളതല്ല എന്ന വിധത്തിൽ നിരസിക്കുന്നതിനെ തടയുവാൻ ജീവിതത്തിലെ സാധാരണമായ പാപങ്ങളെ പരാമർശിക്കുന്നു. നാവിനാലുള്ള പാപം സങ്കീർത്തനത്തിൽ നിന്നും മൂന്നുഭാഗങ്ങൾ എടുത്ത് മനുഷ്യന്റെ വെറുപ്പുണ്ടാക്കുന്ന സംഭാഷണങ്ങൾ പരാമർശിച്ചുപദേശിക്കുന്നു (സങ്കീ. 5:9). **അവരുടെ വായിൽ ഒട്ടും നേരില്ല അവരുടെ അന്തരംഗം നാശകൂപം തന്നെ. അവരുടെ തൊണ്ട തുറന്ന ശവക്കുഴിയാകുന്നു. നാവുകൊണ്ട് അവർ**

**മധുര വാക്കു പറയുന്നു (സങ്കീ. 140:3) അവരുടെ അധരങ്ങൾക്കു കീഴെ അണലി വിഷം ഉണ്ട് (സങ്കീ. 10:7) അവന്റെ വായിൽ ശാപവും വ്യാജവും സാഹസവും നിറഞ്ഞിരിക്കുന്നു.** ഇത് ആർക്കെങ്കിലും നിരസിയ്ക്കുവാൻ കഴിയുമോ. എന്നെങ്കിലും ഒരിയ്ക്കലെങ്കിലും തന്റെ നാവുകൊണ്ട് പാപം ചെയ്തു കാണും. നിശ്ചയമായും നാമെല്ലാവരും നാവിനെ അടങ്ങാത്ത ദോഷം, മരണകരമായ വിഷം നിറഞ്ഞത് എന്നു വിളിച്ച യാക്കൊബ് അപ്പൊസ്തലനോട് യോജിക്കും (യാക്കൊ. 3:8).

**വാക്യങ്ങൾ 15–17.** അനീതിയുള്ളവർ പാപത്തിന്റെ ഏത്ര വലിയ ആഴങ്ങളിലേക്കാണ് പോകുന്നത്. പൗലൊസ് യെശയ്യാ. 59:7, 8 ഉദ്ധരിച്ചുകൊണ്ട് മനുഷ്യന്റെ അനന്തരഫലമായ പെരുമാറ്റാത്തെക്കുറിച്ച് പറയുന്നു: **അവരുടെ കാൽ ദോഷത്തിനായി ഓടുന്നു. കുറ്റമില്ലാത്ത രക്തം ചിന്തുവാൻ അവർ ബദ്ധപ്പെടുന്നു. ശൂന്യവും നാശവും അവരുടെ പാതകളിലുണ്ട് സമാധാനത്തിന്റെ വഴി അവർ അറിയുന്നില്ല** തൊണ്ട, നാവ്, വായ്, ചുണ്ട് എന്ന് 13, 14 വാക്യങ്ങളിലും കാൽ എന്ന് 15–ാം വാക്യത്തിലും കാണുന്നതിനെക്കുറിച്ച് റിച്ചാർഡ് റോജേർസ് പറയുന്നത് തല മുതൽ കാലുവരെയും മനുഷ്യവർഗ്ഗത്തിന് മാരകമായ രോഗം പിടിച്ചിരിക്കുന്നു എന്നാണ്.[33]

**വാക്യം 18.** സങ്കീ. 36:1 കൂടെ ഉദ്ധരിച്ചശേഷം തുടർച്ചയായ പഴയനിയമ ഉദ്ധരണികൾ അവസാനിപ്പിക്കുകയാണ്. **ദുഷ്ടന്റെ ദൃഷ്ടിയിൽ ദൈവഭയമില്ല.** ഭയം (φόβος, *phobos*) എന്നത് ഗാഢമായ ബഹുമാനാദരവും ഭയവും ആണ്. ദൈവഭയം ഇല്ലാത്ത അവസ്ഥ അതായത് ദൈവത്തെ ആദരിക്കുവാൻ കഴിയാത്തതാണ് സകല പാപത്തിനും കേന്ദ്രമായിരിക്കുന്നത്. ദൈവത്തെ ആദരിയ്ക്കുവാൻ കഴിയാത്തവന് ആരെയും ആദരിയ്ക്കുവാൻ കഴിയുകയില്ല. അവനെത്തന്നെയും അവൻ വേണ്ടതുപോലെ ബഹുമാനിക്കുന്നില്ല.

റോമർ 3:9–18 പാരമ്പര്യമായി പാപത്താൽ കേടാക്കപ്പെട്ടതാണ് മനുഷ്യൻ എന്ന ഉപദേശം ഈ ഭാഗത്തു നിന്നും വരുത്താൻ ചില ശ്രമങ്ങൾ ഉണ്ട്. അതെന്താണെന്നാൽ കുഞ്ഞുങ്ങൾ ജനിക്കുമ്പോൾ അവർ ആദാമ്യപാപത്തിന്റെയും ശാപത്തിന്റെയും പങ്കാളികളായി ജനിക്കുന്നു എന്നതാണ്. രണ്ടു കാര്യം പ്രത്യേകം ശ്രദ്ധിയ്ക്കാം. ഒന്ന് വേദപുസ്തകം ഈ ഉപദേശം പഠിപ്പിക്കുന്നില്ല. രണ്ട് റോമർ 3:9–18 ഈ ഉപദേശം പഠിപ്പിക്കുന്നില്ല. കുഞ്ഞുങ്ങൾ വിശുദ്ധരും നിർമ്മലന്മാരുമായി ജനിക്കുന്നു. മത്തായി. 18:3 അവനവന്റെ പാപത്തിന് ആദാമിന്റെ പാപമല്ല (യെഹ. 18:20) രണ്ടാമത് റോമർ. 3:9–18–ൽ ഈ ഉപദേശം പഠിപ്പിക്കുന്നില്ല. പഴയ നിയമ ഭാഗങ്ങൾ കുഞ്ഞുങ്ങളെ ഉദ്ദേശിച്ചല്ല, ഉത്തരവാദിത്തമുള്ള വ്യക്തികളെ ഉദ്ദേശിച്ചാണ് പറഞ്ഞിട്ടുള്ളത്.

**വാക്യം 19.** പൗലൊസ് യഹൂദന്മാരിൽ നിന്നും ഒരു പ്രതികരണം ലഭിയ്ക്കുവാൻ പ്രതീക്ഷിച്ചു. സങ്കീർത്തനത്തിലും യെശയ്യാവിലുമുള്ള ഭാഗങ്ങൾ ആദ്യമായി ജാതികളോടോ അല്ലെങ്കിൽ തീരെ അവിശ്വസ്തരായിപോയ ഒരു കൂട്ടം യഹൂദന്മാരോടോ ഉള്ളതാണ്. ഈ കാരണത്താൽ പൗലൊസ് കൂട്ടിചേർക്കുന്നത് **ന്യായപ്രമാണം പറയുന്നതെല്ലാം ന്യായപ്രമാണത്തിൻ കീഴുള്ളവരോടു പറയുന്നു**[35] എന്നാണ്. പൗലൊസിന്റെ വാദഗതി ഇങ്ങനെ മനസ്സിലാക്കാം. ന്യായപ്രമാണത്തിലെ ചില പ്രത്യേക ഭാഗങ്ങൾ മറ്റുള്ളവരോടാണ് എന്നാൽ ദൈവം ന്യായപ്രമാണം കൊടുത്തത് യഹൂദന്മാർക്കാണ്. ന്യായപ്രമാണത്തിൽ ദൈവം എന്തെല്ലാം ചേർത്തെഴുതിയോ അതെല്ലാം യഹൂദന്മാർ അവർക്കായി പ്രായോഗികമാക്കേണ്ടതാണ്. അങ്ങനെയാകുമ്പോൾ "ന്യായപ്രമാണം പറയു

ന്നതെല്ലാം ന്യായപ്രമാണത്തിലുള്ളവരോടാണ്.''

ന്യായപ്രമാണം അതിന്റെ അധികാരത്തിൻ കീഴിലുള്ളവരോട് സംസാരിച്ചു. **എന്തുകൊണ്ടെന്നാൽ ഏതു വായും അടഞ്ഞ് ദൈവസന്നിധിയിൽ ശിക്ഷാ യോഗ്യമായിതീരേണ്ടതത്രെ.** അവസാനത്തെ വായ് അടയേണ്ടത് യഹൂദന്റെതാണ്. അതു സംഭവിച്ചുകഴിയുമ്പോൾ സർവ്വലോകവും (യഹൂദനും ജാതികളും) തങ്ങൾ ദൈവത്തോട് കണക്കു ബോധിപ്പിക്കേണ്ടവരാണെന്നു മനസ്സിലാക്കും. (14:12).

വീണ്ടും കോടതിമുറി അലങ്കാരം ഉപയോഗിച്ചിരിക്കുന്നു. അടഞ്ഞ വായ് കോടതിയിലെ കുറ്റം വിധിയ്ക്കപ്പെട്ട പ്രതിയെ ഓർമ്മിപ്പിക്കുന്നു. സ്വന്തം ന്യായങ്ങൾ പറയുവാൻ അവസരം നല്കിയപ്പോൾ പ്രതി ഒന്നും പറയാനില്ലാതെ മൗനമായി. തനിക്കെതിരായുള്ള തെളിവുകളുടെ ഭാരം നിമിത്തം ഒന്നും പറയുവാൻ കഴിയുന്നില്ല.[36] ചള്ളആ പറയുന്നത് ആർക്കും പ്രതിരോധമായി ഒന്നും പറയുവാൻ ഇല്ലായിരിക്കും എന്നാണ്.

### നിലനിൽക്കുന്ന തത്വം (3:20)

**[20]അതുകൊണ്ട് ന്യായപ്രമാണത്തിന്റെ പ്രവർത്തികളാൽ ഒരു ജഡവും അവന്റെ സന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല. ന്യായപ്രമാണത്താൽ പാപത്തിന്റെ പരിജ്ഞാനമത്രെ വരുന്നത്.**

യഹൂദന്മാരുടെ വായ് അടയുവാൻ ഒരു കാര്യം കൂടെ പൗലൊസ് പറയണമായിരുന്നു. ന്യായപ്രമാണം അവരെ ശിക്ഷ വിധിച്ചു എന്നു മാത്രം ഫലത്തിൽ പറഞ്ഞു. അത് അംഗീകരിയ്ക്കുവാൻ അവർക്കു പ്രയാസമായിരുന്നു. അവർ വിശ്വസിച്ചിരുന്നത് അവർക്ക് വല്ല നിർണ്ണയവും രക്ഷയെക്കുറിച്ചുണ്ടായിട്ടുണ്ടെങ്കിൽ അത് ദൈവം അവരുടെ കൈയ്യിൽ ന്യായപ്രമാണം ഭരമേൽപ്പിച്ചു എന്നതുമാത്രമാണ്. അവിശ്വാസത്തിന് മുറപടിയെന്നോണം പൗലൊസിന്റെ മറുപടി അവർക്ക് ശിക്ഷാവിധിയുടെ അവസാനമായും നീതീകരണത്തിലേക്കുള്ള പാലവുമായിത്തീർന്നു.

**വാക്യം 20.** ഈ വാക്യം മനസ്സിലാക്കുവാൻ കഴിവുള്ള റോമാക്കാർക്ക് ഒരു തത്വം ഉറപ്പിച്ചുകൊടുത്തു. ന്യായപ്രമാണത്തിന്റെ പ്രവർത്തികളാൽ ഒരു ജഡവും അവന്റെ സന്നിധിയിൽ നീതികരിക്കപ്പെടാൻ സാധിയ്ക്കാത്തതുകൊണ്ട്. ഗ്രീക്കു വായിച്ചാൽ **ന്യായപ്രമാണത്തിന്റെ പ്രവർത്തികളാൽ ഒരു ജഡവും**[37] **നീതീകരിക്കപ്പെടുകയില്ല** എന്നാണ്. പല പരിഭാഷകളിലും NASBയിലും ന്യായപ്രമാണം എന്നോ അതുപോലെയുള്ള മറ്റേതൊരുവാക്കോ. പൗലൊസ് യഹൂദന്മാർ പ്രതീക്ഷിച്ചിരുന്ന ഒരു ഉത്തരം അവരുടെ ചോദ്യത്തിനു മറുപടിയായി കൊടുക്കുമ്പോൾ തനിയ്ക്ക് മോശയുടെ ന്യായപ്രമാണം തന്നെയാണ് മനസ്സിലുണ്ടായിരുന്നത് എന്നു മനസ്സിലാക്കാം. അതിൽ കൂടെ ഒരു സുപ്രധാന സത്യമാണ് പരിചയപ്പെടുത്തുന്നത് എന്നുള്ളതും മറക്കുവാൻ പാടില്ല.

അതു എന്താണ്? പൗലൊസ് തുടരുന്നു. **ന്യായപ്രമാണത്താൽ**[38] **പാപത്തിന്റെ പരിജ്ഞാനമത്രെ**[39] **വരുന്നത്.** ദൈവികമായ ന്യായപ്രമാണം പാപത്തെക്കുറിച്ചുള്ള പരിജ്ഞാനം നല്കുന്നു. അത് എല്ലാവരെയും പാപികളായി വെളിപ്പെടുത്തുന്നു. ഡി. മാർട്ടിൻ ലോയിഡ് ജോൺസിന്റെ വാദം അനുസ

രിച്ച ഏറ്റവും നല്ല മനുഷ്യൻ, ഏറ്റവും ഉന്നതകുലജാതൻ, ഏറ്റവും അധികം പഠിച്ചവൻ ഏറ്റവും ഉദാരമനസ്ക്കൻ ഏറ്റവും അധികം മാതൃകാ യോഗ്യൻ. വലിയ ചിന്തകൻ ഇങ്ങനെയുള്ള ആർക്കുംതന്നെ ന്യായപ്രമാണത്താൽ വിജയകരമായി ശോധനചെയ്യപ്പെടുവാൻ കഴിഞ്ഞിട്ടില്ല. നിങ്ങളുടെ തൂക്കുകട്ട[40] പിടിക്കുക ഇവർക്കാർക്കും അതിനു യോഗ്യതയില്ല.[41] ന്യായപ്രമാണത്തിന്റെ നേരെയുള്ള ഭാഗം വരുമ്പോഴാണ് നാമെല്ലാം എത്ര വക്രതയുള്ളവരെണന്നു മനസ്സിലാക്കുന്നത്.

പൗലൊസ് 7ാം അദ്ധ്യായത്തിൽ ആ സത്യം വിശദമാക്കിയിട്ടുണ്ട്. എന്നാൽ ആ സത്യത്തിന്റെ ഒരു ഭാഗം ഇപ്പോൾ ശക്തിപ്പെടുത്തി പറയാം. ന്യായ പ്രമാണത്തിന്റെ ഉദ്ദേശം, ഏതെങ്കിലും നിയമത്തിന്റെ ഉദ്ദേശം തെറ്റായ പ്രവർത്തികളെ വെളിച്ചത്തു കൊണ്ടുവരുകയാണ്. ഉദാഹരണമായി വലിയ റോഡിലെ വേഗത നിയന്ത്രണനിയമങ്ങൾ എടുക്കാം. ഒരാൾ കാറോടിച്ചുകൊണ്ടു പോകുമ്പോൾ അവന്റെ ശ്രദ്ധമാറിയിട്ട് വേഗത സംസ്ഥാനത്തിന്റെ പരിധി കടന്ന് കൂടുതലായി എന്നു സങ്കല്പിക്കുക. പരിശോധകൻ വന്ന് അവനെ നിർത്തി. 55 മൈൽ വേഗതയിലോടിക്കാൻ മാത്രം അനുവദമുള്ള സ്ഥാനത്ത് നീ 65 മൈൽ വേഗതയിലോടിച്ചു എന്ന് പറയുന്നു. അപ്പോൾ വണ്ടി ഓടിച്ചവൻ പറയുകയാണ് കുറെ ദൂരം ഞാൻ 50 മൈലാണ് ഓടിച്ചത് അതുകൊണ്ട് ഈ ഒരു തെറ്റ് എനിയ്ക്ക് കണക്കിടാൻ പാടില്ല എന്നു പറയുന്നു. എന്തായിരിക്കും ഫലം അദ്ദേഹം ചിരിച്ചുകൊണ്ട് നിയമം തെറ്റിച്ചതിന് ഒരു വലിയ സംഖ്യ ശിക്ഷവിധിച്ച് ടിക്കറ്റ് കൊടുക്കും.

യാക്കൊബ് വേറൊരു ഉദാഹരണം പറഞ്ഞത് ഇത് വ്യക്തമാക്കുന്ന വചനത്തെ ഒരു കണ്ണാടിയോടുപമിച്ച് (യാക്കൊ. 1:23) എഴുതുന്നു. കണ്ണാടിയിൽ നോക്കിയപ്പോൾ മുഖത്തൊരു കരിയുടെയോ മറ്റോ പാടുണ്ട് എന്ന് കാണുന്നു എന്നാൽ അതിന് അത് മാറ്റാൻ കഴിയുന്നില്ല. റോജേഴ്സ് പറയുന്നു, ന്യായപ്രമാണം തെറ്റിനെ കാണിയ്ക്കുന്നു അതു നീക്കാൻ കഴിയുകയില്ല.[42]

ഈ തത്വം ഹൃദയത്തിൽ സൂക്ഷിക്കേണ്ടതാണ്. തമ്മിൽ അനേകർക്കും ന്യായപ്രമാണത്തിന്റെ നിർമ്മിതി ഇഷ്ടമുള്ളതാണ്. ഏതാണു ശരി ഏതാണ് തെറ്റ് എന്ന് നാം അറിഞ്ഞിരിക്കേണ്ടതാണ്. ഇതിന് യാതൊരു തെറ്റും ഇല്ല. എന്നാൽ അതിലൊരു അപകടം ഉണ്ട്. മതം എന്നാൽ നിയമം അനുഷ്ഠിക്കുന്നതു മാത്രമാണ് എന്നുള്ള നിഗമനത്തിൽ നാം എത്തും. ഈ ചിന്ത തെറ്റിദ്ധരിക്കരുത്. ദൈവികനിയമങ്ങൾ കഴിവിന്റെ പൂർണ്ണതയിൽ തന്നെ അനുഷ്ഠിക്കണം എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. യോഹന്നാൻ എഴുതി (1 യോഹ. 2:3, 4) അവനെ അറിയുന്നു എന്നു പറകയും അവന്റെ കല്പനകളെ അനുസരിക്കാതിരിക്കുകയും ചെയ്യുന്നവൻ കള്ളനാകുന്നു. സത്യം അവനിൽ ഇല്ല. അതെ സമയം ഞാൻ നല്ലവനും അനുസരണമുള്ളവനുമായി കല്പനകൾ അനുസരിച്ചതുകൊണ്ട് രക്ഷ നേടി എന്ന് ഒരിക്കലും ചിന്തിക്കരുത്. അവൻ എത്ര കഠിനമായി പരിശ്രമിച്ചാലും ദൈവത്തിന്റെ കല്പനയെ പരിപൂർണ്ണമായി അനുസരിപ്പാൻ നമുക്ക് കഴിവില്ല.

അങ്ങനെ ആയതുകൊണ്ട് നമ്മുടെ രക്ഷ മറ്റേതെങ്കിലും അടിസ്ഥാനത്തിൽ ആയിരിക്കേണം. നിയമാവലി അനുസരിക്കുന്നതിൽ ആയിരിക്കേണം. ഇത് അത്യാവശ്യമായ ചോദ്യങ്ങളിൽ അവസാനിക്കേണം. നിയമം അനുസരിക്കുന്നതുകൊണ്ട് രക്ഷിയ്ക്കപ്പെടുകയില്ലെങ്കിൽ പിന്നെ അവന് രക്ഷിയ്ക്കപ്പെടുവാൻ കഴിയുമോ? എങ്ങനെ രക്ഷിയ്ക്കപ്പെടാം അവന് വല്ല പ്രത്യായും ഉണ്ടോ?

അങ്ങനെ പൗലൊസ് തന്റെ വായനക്കാരുടെ മനസ്സുകളെ നീതീകരണം എന്ന വിഷയം ചർച്ചചെയ്യുവാൻ ഒരുക്കി.

### സകല മനുഷ്യർക്കും വിശ്വാസത്താൽ നീതീകരണം (3:21-31)

റോമർക്കെഴുതിയ ലേഖനത്തിന്റെ രൂപരേഖയിൽ (പേജ് 18) Doctrinal എന്ന തലക്കെട്ടിൽ "ശിക്ഷാവിധി" എന്ന വിഷയം വരുന്നുണ്ട്. കൂടാതെ നീതീകരണം ശുദ്ധീകരണം മഹത്വീകരണം എന്നിവയുമുണ്ട്. R.C. Bell പറയുന്നത്,

> ക്രിസ്തുമാർഗ്ഗം ഒരു വലിയ പള്ളി ആണെന്നു സങ്കല്പിച്ചാൽ 'ശിക്ഷാവിധി' എന്നത് 1:18–3:20 വരെ കെട്ടിടം ഇരിക്കേണ്ട സ്ഥലം തയാറാക്കിയെടുക്കുകയാണ്. നീതീകരണം 3:21–5:21 ആഴമായി കുഴിച്ച് ബലമായും കട്ടിയായും തക്കതായ അടിസ്ഥാനം ഇടുകയാണ്. ശുദ്ധീകരണം 6, 7 അദ്ധ്യായങ്ങളിലെ ശുദ്ധീകരണം കെട്ടിടത്തിന്റെ ശരീരഭാഗമാണ്. മഹത്വീകരണമെന്നത് (ആദ്ധ്യായം 8) അതിന്റെ ഏറ്റവും മുകളിലായി വരുന്നു (dome- അർദ്ധഗോളാകൃതിയിലുള്ള കുംഭഗോപുരം).[43]

നാം സ്ഥലം വെടിപ്പാക്കി (ശിക്ഷാവിധി) അടിസ്ഥാനം ഇടുവാൻ തയാറായിരിക്കുകയാണ് (നീതീകരണം).

1:18–3:20 പൗലൊസ് യവനരുടെയും യഹൂദന്മാരുടെയും മേൽ കുറ്റം ചുമത്തി എല്ലാവരും പാപത്തിൻ കീഴാകുന്നു എന്ന് സ്ഥാപിച്ചു. നല്ലവൻ ആരുമില്ല. ഒരുത്തൻപോലുമില്ല (3:9, 10) ഈ സ്ഥാനം വരെയും നിരാശാപൂർണ്ണമായ ഒരു അവസ്ഥയായിരുന്നു. ഇരുണ്ടതും വർണ്ണഭംഗിയില്ലാത്തതുമായ ഒരു അന്തരീക്ഷം ആണ് ഉണ്ടായിരുന്നത്. 3:21ലെ വാക്കുകൾ ഇപ്പോഴോ എന്ന വാക്കുകൾ കാണുന്നു. ചർച്ച ദുഃഖപര്യവസായിയായല്ല വിജയത്തിലേക്കു നീങ്ങുന്നു.[44]

നീതീകരണത്തെക്കുറിച്ചുള്ള ഈ പഠനം രണ്ടര അദ്ധ്യായങ്ങളിലായിട്ടുണ്ട്. 3:21–5:21 വരെ. 3:21–26 വരെയുള്ള ഭാഗം ഗ്രീക്ക് ബൈബിളിൽ ഒരു നീണ്ട വാചകമാണ്.[45] മോറീസ് അതിനെക്കുറിച്ച് "ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഈ ഖണ്ഡിക എഴുതപ്പെട്ടിട്ടുള്ളതിൽ വച്ച് ഏററവും പ്രാധാന്യമർഹിക്കുന്നു ഈ ഖണ്ഡിക എഴുതപ്പെട്ടിട്ടുള്ളതിൽ വച്ച് ഏറ്റവും പ്രധാനപ്പെട്ടതാണെന്നു പറഞ്ഞു.[46] മൂ പറഞ്ഞത് ബൈബിളിൽ ഇത്ര ചുരുക്കം വാക്യങ്ങളിൽ ഇത്രയധികം ദൈവശാസ്ത്ര ആശയങ്ങൾ[47] ഉൾകൊള്ളിച്ചിരിക്കുന്നതു വളരെ വിരളമായേ ഉള്ളൂ എഡ്വേഡ്സ് വിവരിച്ചത് 3:21–26. [48]

3:21–26 ക്രിസ്തീയ വിശ്വാസത്തിന്റെ തിളക്കമാർന്ന ഭാഗമാണ് എന്നത്രെ. നീതി എന്ന കേന്ദ്രീകൃതമായ വെളിപ്പെടുത്തൽ 3:21, 22, 25, 26 എന്നീ വാക്യങ്ങളിൽ തെളിഞ്ഞു നില്ക്കുന്നു. രക്ഷയുടെ വലിയ കഥ ഈ വാക്കിനു ചുറ്റുമായി കറങ്ങി നടക്കുന്നു.

### ദൈവത്തിന്റെ നീതി വെളിപ്പെടുന്നു (3:21-26)

**21ഇപ്പോഴോ ദൈവത്തിന്റെ നീതി വിശ്വസിക്കുന്ന എല്ലാവർക്കും
22യേശുക്രിസ്തുവിങ്കലെ വിശ്വാസത്തിലുള്ള ദൈവ നീതി തന്നെ ന്യായപ്രമാണം കൂടാതെ വെളിപ്പെട്ടുവന്നിരിക്കുന്നു. അതിന് ന്യായപ്രമാണവും**

**പ്രവാചകന്മാരും സാക്ഷ്യം പറയുന്നു. ഒരു വ്യത്യാസവുമില്ല. [23]എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സില്ലാത്തവരായിത്തീർന്ന് അവന്റെ കൃപ യാൽ [24]ക്രിസ്തുയേശുവിലുള്ള വീണ്ടെടുപ്പുമൂലം സൗജന്യമായിട്ടത്രെ നീതീകരിക്കപ്പെടുന്നത്. വിശ്വസിക്കുന്നവർക്കു അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ [25]ദൈവം അവനെ പരസ്യമായി നിർത്തിയിരിക്കുന്നു. ദൈവം തന്റെ പൊറുമയിൽ മുൻകഴിഞ്ഞ പാപങ്ങളെ ശിക്ഷിക്കാതെ വിടുക നിമിത്തം [26]തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ താൻ നീതിമാൻമാരും യേശു വിൽ വിശ്വസിക്കുന്നവനെ നീതീകരിക്കുന്നവനും ആകേണ്ടതിന് ഇക്കാലത്ത് തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ തന്നെ അങ്ങനെ ചെയ്തത്.**

1:16, 17-ൽ ദൈവനീതി എന്ന വിഷയം പൗലൊസ് അവതരിപ്പിച്ചു. മനുഷ്യവർഗ്ഗത്തിന് ദൈവത്തോട് ഒരു നല്ല ബന്ധം അനുഭവിയ്ക്കുവാൻ സാധിക്കേണ്ടതിന് ദൈവത്തിന്റെ കൃപയാലുള്ള ക്രമീകരണം ആണ്. പെട്ടെന്ന് ആ ചിന്ത വിശദമാക്കുന്നതിനു മുൻപായി പൗലൊസ് ഒരു നീണ്ട ചർച്ചയാൽ മനുഷ്യവർഗ്ഗത്തിന് ദൈവത്തിന്റെ നീതിയുടെ ആവശ്യം എന്തെന്ന് വിശദമാക്കുകയാണ് ചെയ്തത്. ഒടുവിൽ തന്റെ ആദ്യത്തെ വിഷയത്തിലേക്ക് കടക്കുവാൻ തയ്യാറെടുത്തു.

ഈ ലേഖനത്തിൽ കൂടെയുള്ള നമ്മുടെ യാത്രയെ ദൂരെയുള്ള ഒരു മനോഹരമായ പട്ടണത്തിലേക്കു കൈചൂണ്ടി ഞാൻ നിങ്ങളെ അവിടേക്കു കൊണ്ടുപോകാം എന്നു പറഞ്ഞു നടത്തുന്ന ഒരു വഴികാട്ടിയുടെ പിന്നാലെ യാത്ര ചെയ്യുന്നതിനോട് താരതമ്യപ്പെടുത്താം. അനുഗമിയ്ക്കുമ്പോൾ അവൻ നമ്മെ ഒരു കാട്ടിലേക്ക് അപകടം നിറഞ്ഞ താഴ്വരകളിലേക്കും നടത്തുന്നു. നാം നമ്മുടെ ഉദ്ദിഷ്ടസ്ഥാനത്ത് എത്തുംവരെ കുറെ കഴിഞ്ഞ് നാം ഇടതൂർന്ന കാടുകൾ വിട്ടു മുന്നോട്ടുപോകുന്നു. അവിടെ നമ്മുടെ കൺമുന്നിൽ ആ പട്ടണം മഹത്വപൂർണ്ണമായി നിൽക്കുന്നു. അതുപോലെ പൗലൊസ് നമ്മെ അവസാനമായി ആത്ഭുതകരമായ ആ വിഷയത്തിലേക്ക് കൊണ്ടുവന്നിരിക്കുന്നു. അതാണ് ദൈവത്തിന്റെ നീതി എന്ന വിഷയം.

**വാക്യം 21.** ഈ വാക്യം ദൈവത്തിന്റെ നീതിയെക്കുറിച്ച് പല സത്യങ്ങൾ അവതരിപ്പിക്കുന്നു. 21-ാം വാക്യത്തിൽ കാണുന്ന ഒരു സത്യം ഏതെന്നാൽ "ദൈവത്തിന്റെ നീതി വെളിപ്പെട്ടുവന്നിരിക്കുന്നു" ഈ വാക്യം അർത്ഥപുഷ്ടിയുള്ള വാക്യമാണ്. അത് നമുക്ക് ദഹിയ്ക്കുവാൻ തക്ക കടിക്കുവാൻ പറ്റുന്ന കഷണങ്ങളാക്കണം.

അതിങ്ങനെയാണ് **ദൈവത്തിന്റെ നീതി ന്യായപ്രമാണം കൂടാതെ വെളിപ്പെട്ടു വന്നിരിക്കുന്നു.** NASB യിൽ ക്യാപിറ്റൽ L ആണ് Law എന്നതിന് ഉപയോഗിച്ചിരിക്കുന്നത്. മൂല ഗ്രന്ഥത്തിൽ ന്യായപ്രമാണം കൂടാതെ എന്നു മാത്രമാണ്. പൗലൊസ് ഒരു പൊതുതത്വം പ്രകാശിപ്പിക്കുകയും ചെയ്യുകയാണ്. ഇതിനു മുൻപുള്ള ഭാഗത്തിന്റെ അവസാനത്തിൽ ന്യായപ്രമാണത്തിന്റെ പ്രവർത്തിയാൽ ഒരു ജഡവും നീതീകരിക്കപ്പെടുകയില്ല എന്ന് പറഞ്ഞു (3:20). ആ സ്ഥിതിക്ക് രക്ഷ എന്നത് ന്യായപ്രമാണം അനുസരിയ്ക്കുന്നതിനാലല്ല. വേറെ എന്തെങ്കിലും ആയിരിക്കണം നീതീകരിക്കപ്പെടുന്നതിന്റെ അടിസ്ഥാനം.

പിന്നീട് പറയുന്നു, **ദൈവത്തിന്റെ നീതി വെളിപ്പെട്ടുവന്നിരിക്കുന്നു** എന്ന്.[49] നേരത്തെതന്നെ പറഞ്ഞതുപോലെ ദൈവത്തെ സംബന്ധിച്ച് പറയുമ്പോൾ നീതി, ശരിയായ ആൾ ഏറ്റവും ശരിയായ അവസ്ഥ എന്നാണ്

(absolute). മനുഷ്യരെ സംബന്ധിച്ചാകുമ്പോൾ ഒരർത്ഥത്തിൽ ദൈവത്തിന്റെ മുമ്പിൽ ശരിയായ നിലപാട് ആരോപിക്കപ്പെട്ട ശരി (inputed rightness) 3:21-ൽ ദൈവത്തിന്റെ നീതി എന്നത് ഒന്നുകിൽ ദൈവത്തിന് സ്വന്തമായുള്ള സ്വഭാവ മോ, അല്ലെങ്കിൽ ദൈവത്തിന്റെ ക്രമീകരണപ്രകാരം നീതി ആരോപിക്കപ്പെ ടുന്ന അനീതിയുള്ള ജനങ്ങൾക്കോ ലഭിയ്ക്കാം. രണ്ടാമത്തെ വിധത്തിലാണ് പൗലൊസ് ഈ വാകൃത്തിൽ നിന്ദ എന്ന പദം ഉപയോ ഗിച്ചിരിക്കുന്നത്.

അതിന്റെ കാര്യകാരണങ്ങൾ താഴെ പറയുന്നു. 1:17-ൽ പൗലൊസ് പറയുന്നു സുവിശേഷത്തിൽ ദൈവത്തിന്റെ നീതി വെളിപ്പെട്ടിരിക്കുന്നു എന്ന്. ആ വാക്യത്തിൽ നീതി എന്നത് മനുഷ്യരെ ശരിയായ നിലപാടിലാക്കി നിർത്തു വാനുള്ള ദൈവത്തിന്റെ പദ്ധതി എന്നാകാം ശരിയായ നിലപാട് എങ്ങനെ ദൈവസന്നിധിയിൽ ലഭിക്കുമെന്ന് പറയുന്നതിന് പകരം (1:18) മനുഷ്യന്റെ തെറ്റായ നിലപാടിനെകുറിച്ച് പൗലൊസ് എഴുതി. അതിനുള്ള സ്വാഭാവികമായ പ്രതികരണം നിലവിളിക്കുകയാണ്. എന്തു ചെയ്യാൻ കഴിയും? റോമർ 3:21ൽ പൗലൊസ് ആ ചോദ്യത്തിന് ഉത്തരം നൽകുവാൻ തുടങ്ങുന്നു. ദൈവം മനു ഷ്യവർഗ്ഗത്തിനുവേണ്ടി എന്തു ചെയ്തു എന്ന് വിശദീകരിച്ചുകൊണ്ട് അതിന്റെ അർത്ഥം 1:17 ന്റെ തൊട്ടുപുറകിലായി 3:21 വരണമെന്നാണ്. നീതി എന്ന പദം രണ്ടിടത്തും ഒരേ അർത്ഥം തന്നെയാണ്. 3:21 ലെ നീതി ഇഖആ തർജ്ജിമ ചെയ്തിരിക്കുന്നത്. മനുഷ്യരെ തന്റെ മുമ്പിൽ നീതിമാൻമാരാക്കുവാനുള്ള ദൈവത്തിന്റെ മാർഗ്ഗമാണ് എന്നത്രെ.

അതേ സമയം ദൈവത്തിന്റെ സ്വന്തം നീതിയാണ് ഈ പ്രവർത്തനത്തിന് കാരണമെന്ന കാര്യം മറക്കാൻ പാടില്ല. 3:25, 26-ൽ പൗലൊസ് നീതിയെക്കു റിച്ച് പറയുമ്പോൾ ദൈവത്തിന്റെ സ്വഭാവം ആണ് ഉദ്ദേശിക്കുന്നത്. 21-26 വരെയുള്ള വാക്യങ്ങളിൽ രണ്ടുതരം നീതിയും കലർത്തി ഉപയോഗിച്ചിട്ടുണ്ട്. ജോൺ R. W. സ്റ്റോട്ട് എഴുതുന്നു. ''ഈ ഭാഗത്ത് ദൈവത്തിന്റെ നീതിയും ദൈവത്തിൽ നിന്നുള്ള നീതിയും ദൈവസ്വഭാവത്തിന്റെ നീതിയുള്ള സ്വഭാവ ത്തിന്റെ കൂടിച്ചേരലാണ്.''[50] രക്ഷണ്യ പ്രവർത്തിയുടെ ഒരുക്കവും നീതിയുള്ള നിലപാട് എന്ന ദാനവും. നീതിമാനായ ദൈവം നീതികെട്ടവർക്ക് നീതിമാന്മാ രാകുവാൻ വഴി ഒരുക്കുന്നു.

വെളിപ്പെട്ടു വന്നിരിക്കുന്നു എന്ന വാക്കിന്റെ φανερόω (*phaneroō*) അർത്ഥം കാണുവാൻ സാധിപ്പിക്കുക, വ്യക്തമാക്കുക, അറിയിക്കുക.[51] മുൻകാലങ്ങളിൽ നീതികെട്ടവരെ നീതിമാന്മാരാക്കുന്നത് എങ്ങനെയെന്ന് വെളിപ്പെടുത്തിയിരുന്നില്ല. ഇപ്പോൾ അത് അറിയാൻ ഇടയായിരിക്കുന്നു. അത് അറിഞ്ഞുകൂടാത്ത വാക്ക് അറിയിച്ചുകൊടുക്കുവാൻ തുടങ്ങുകയാണ്. അത് ദൈവത്തിന്റെ പദ്ധതിയാണ്.

ആ വാക്യം സമാപിക്കുന്നത്, **അതിന് ന്യായപ്രമാണവും പ്രവാചകന്മാരും സാക്ഷ്യം പറയുന്നു** എന്ന് പറഞ്ഞും കൊണ്ടാണ് ഈ പ്രയോഗം പഴയനി യമം മുഴുവനെയും ഉൾകൊണ്ടുകൊണ്ടുള്ളതാണ് (മത്താ. 7:12; 11:13; 22:40) വീണ്ടെ ടുപ്പ് ന്യായപ്രമാണം കൂടാതെയുള്ളതായിരിക്കാം. എന്നാൽ അതു കൊണ്ട് അതിന് യാതൊരു തെളിവും ന്യായപ്രമാണത്തിൽ ഇല്ലെന്നു വരു ന്നില്ല. മനുഷ്യരെ നീതിമാന്മാരെന്ന് കണക്കാക്കുന്നതിനുള്ള പദ്ധതി ദൈവം പിന്നാലെ അലോചിച്ചു നടപ്പാക്കിയതല്ല.

ന്യായപ്രമാണവും പ്രവാചകന്മാരും എന്താണ് സാക്ഷ്യപ്പെടുത്തിയത്? വിശ്വാസത്താലുള്ള ദൈവനീതി. അത് എന്താണെന്ന് അടുത്ത വാക്യത്തിൽ

വിശദീകരിക്കുന്നു. ഒരു വ്യക്തിയെ വിശ്വാസത്തിൽ നീതിമാൻ എന്ന് എണ്ണുവാനുള്ള തത്വം ന്യായപ്രമാണത്തിലും പ്രവാചകങ്ങളിലും ചേർത്തിട്ടുണ്ട്. പൗലൊസിന്റെ ഉദാഹരണങ്ങൾ. റോമർ 4-ാം അദ്ധ്യായത്തിൽ കൊടുത്തിട്ടുള്ളത്. അബ്രഹാം - ന്യായപ്രമാണത്തിൽ നിന്ന് (ആദ്യ അഞ്ചു പുസ്തകമാണ് പഴയനിയമം/law) റോമ 1:17ലെ വാക്യം ഹബക്കുക്ക് 2:4 ലെ ഉദ്ധരണിയാണ്. പഴയനിയമം വിശ്വാസത്താലുള്ള നീതി എന്ന വിഷയത്താൽ നിറയപ്പെട്ടിരിക്കുന്നു (ഹബക്കുക്ക് 11).

**വാക്യം 22**. പൗലൊസിന്റെ വാദം സൂക്ഷ്മമായി പിൻതുടരാം പൂർണ്ണമായി ന്യായപ്രമാണം അനുസരിക്കുന്നതുകൊണ്ട് രക്ഷിയ്ക്കപ്പെടുവാൻ സാദ്ധ്യമല്ലെങ്കിൽ പിന്നെ ഏത് അടിസ്ഥാനത്തിലാണ് നാം രക്ഷിയ്ക്കപ്പെടുന്നത്? വീണ്ടും 1:16, 17 വാക്യങ്ങൾ ശ്രദ്ധിയ്ക്കാം:

> സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല. വിശ്വസിയ്ക്കുന്ന ഏവർക്കും അതു രക്ഷയ്ക്കായി ദൈവശക്തിയാകുന്നുവല്ലോ. അതിൽ ദൈവത്തിന്റെ നീതി വിശ്വാസം ഹേതുവായും വിശ്വാസത്തിനായികൊണ്ടും വെളിപ്പെടുന്നു. നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്നെഴുതിയിരിക്കുന്നുവല്ലോ.

വിശ്വസിക്കുക/വിശ്വാസം ഇവയിന്മേലുള്ള ശക്തീകരണം 3:22-ൽ മുഴങ്ങുന്നുണ്ട്: **യേശുക്രിസ്തുവിലെ വിശ്വാസത്താലുള്ള ദൈവനീതി വിശ്വസിക്കുന്ന ഏവർക്കും. യേശുക്രിസ്തുവിലെ വിശ്വാസം** എന്ന വാക്യാംശം യേശുക്രിസ്തുവിന്റെ വിശ്വാസം എന്ന് തർജ്ജമചെയ്യാം (KJV കാണുക).[52] ചിലർ ചിന്തിക്കുന്നത് ഈ ലോകത്തിലേക്കു വരുന്നതിനുള്ള യേശുക്രിസ്തുവിന്റെ വിശ്വസ്തത എന്നാണ്. (CJB കാണുക) എന്നാൽ മിക്ക പരിഭാഷക്കാരും എഴുത്തുകാരും വിശ്വസിക്കുന്നത് യേശുക്രിസ്തുവിലുള്ള വിശ്വാസം എന്നാണ്. (NKJV; NIV; RSV) വ്യക്തിപരമായ വിശ്വാസം ആണ് 3:22ലെ "വിശ്വസിക്കുന്ന ഏവർക്കും" എന്നുള്ളതുകൊണ്ട് മനസ്സിലാക്കുന്നത്. വിശ്വസിയ്ക്കുക എന്നുള്ളത് വർത്തമാനകാലത്തെ കുറിക്കുന്നു. തുടരെയുള്ള പ്രവർത്തി. ഇഖആയിൽ വിശ്വാസത്തിൽ തുടരുന്ന എല്ലാ വ്യക്തികൾക്കും എന്നാണ്.

നീതിയെ സംബന്ധിച്ചുള്ള രണ്ടാമത്തെ സത്യം അത് വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണെന്നുള്ളതാണ്. വിശ്വാസം നമ്മുടെ പാഠത്തിലെ താക്കോൽവാക്ക്. ദൈവം വിശ്വാസം എന്ന അടിസ്ഥാനത്തിലാണ് ദൈവം എപ്പോഴും അളുകളെ അനുഗ്രഹിച്ചിട്ടുള്ളത് എന്ന് നാലാം അദ്ധ്യായം ശക്തിപ്പെടുത്തിക്കാണിയ്ക്കുന്നു.

നേരത്തെ വിശ്വസിയ്ക്കുക എന്നും വിശ്വാസം എന്നും (belief എന്നും believe) ഉള്ള പദങ്ങളെക്കുറിച്ച് ചർച്ച ചെയ്തല്ലോ. 22-ാം വാക്യത്തിന്റെ പ്രത്യേകത എന്താണെന്നുവച്ചാൽ ഈ ലേഖനത്തിൽ ആദ്യമായിട്ടാണ് വിശ്വാസത്തെ ക്രിസ്തുവിനോടു ബന്ധിപ്പിച്ചിരിക്കുന്നത്. പൊതുവായ അർത്ഥത്തിലുള്ള വിശ്വാസത്തെക്കുറിച്ചല്ല പൗലൊസ് ഇവിടെ പറയുന്നത്. ദൈവത്തിന്റെ എല്ലാ കാര്യങ്ങളിലുമുള്ള ഭരണത്തെക്കുറിച്ചുമല്ല. വിശ്വാസത്തെ പാപികൾക്കുവേണ്ടി മരിക്കുവാൻ സ്വർഗ്ഗം വിട്ടിറങ്ങിവന്നവനിലുള്ള വിശ്വാസത്തെക്കുറിച്ചാണ്.[53] നമ്മുടെ രക്ഷയുടെ കാര്യത്തിൽ നാം നമ്മിൽ തന്നെ ആശ്രയിക്കുന്നതും നമ്മുടെ നന്മയിലും പ്രാപ്തിയിലും ആശ്രയിക്കുന്നതു നിർത്തിയിട്ട്

നാം യേശുവിൽ ആശ്രയിക്കുവാൻ വരുന്നു. അവൻ നമുക്കായി ചെയ്തതിലും ആശ്രയിക്കുന്നു.

വാക്യം 22 സുപ്രസിദ്ധമായ ഈ പ്രസ്താവനയിലാണ് അവസാനിക്കുന്നത് **ഒരു വ്യത്യാസവുമില്ല**. ഈ വിശേഷിപ്പിക്കുന്ന വാക്യാംശം എന്തിനെക്കുറിച്ചാണ്? ഉത്തരം വ്യക്തമല്ല. 21-ാം വാക്യം മുതൽ 26-ാം വാക്യം വരെ ഒരു തുടർ വാചകമാണ്. ചില പരിഭാഷക്കാർ അതിനെ മുറിച്ചിട്ടുണ്ട്. തൊട്ടുപുറകിലുള്ള വാക്യാംശത്തെക്കുറിച്ചാണെന്നു പറയുന്നു. അത് വിശ്വസിക്കുന്ന ഏവർക്കും എന്നാണ് അതുമൂലം രക്ഷിയ്ക്കപ്പെട്ട് ഏവർക്കും യഹൂദനായാലും യവനനായാലും ആ അടിസ്ഥാനത്തിൽ തന്നെ രക്ഷിയ്ക്കപ്പെടും അത് ഒരു വേദപുസ്തക സത്യമാണ്. (ഗലാ. 3:26-28 കാണുക) ജെ.ഡി. തോമസ് ഇങ്ങനെ പറഞ്ഞിട്ടുണ്ട്. ഏതു സംസ്ക്കാരത്തിൽ പെട്ടവരായിരുന്നാലും ദൈവം വ്യത്യസ്തമായ ആളുകളോട് വ്യത്യാസമായി ഇടപെടുന്നതുകൊണ്ട് മനുഷ്യർക്ക് രക്ഷിയ്ക്കപ്പെടുവാൻ കഴിയും എന്ന വിശ്വാസം പുലർത്തുന്ന ദൈവശാസ്ത്രങ്ങൾ റോമാലേഖനത്തിന്റെ സന്ദേശം മനസ്സിലാക്കുന്നില്ല.[54]

വേറെ ചിലർ ഒരു വ്യത്യാസവുമില്ല എന്നത് പുറകെ വരുന്ന വാക്യാംശത്തെക്കുറിച്ചാണെന്നു കരുതുന്നു. യഹൂദന്മാരും യവനന്മാരും പാപികളാണ് (NKJV; NIV; RSV കാണുക). അവർക്കു തമ്മിലാണ് വ്യത്യാസമില്ലാത്തതെന്ന് പൗലൊസ് നേരത്തെ തെളിയിച്ചിട്ടുമുണ്ടല്ലോ. ഒരു വ്യത്യാസവുമില്ലാത്തത് പാപത്തിന്റെ അഖില ലോകപാപസ്വഭാവത്തിനാണ് (വാക്യം 23).

**വാക്യം 23**. ഇവിടെ നാം വളരെ സാധാരണമായി ഉദ്ധരിയ്ക്കാറുള്ള ഒരു വാക്യം കാണുന്നു. 1:18-3:20 വരെയുള്ള ഭാഗത്തിന്റെ സംക്ഷിപ്തരൂപം മനുഷ്യ വർഗ്ഗത്തിന്റെ വലിയ ശോകപര്യവസായിയായ ചിത്രം. അതിലെ വാക്കുകൾ ആശയം നിറഞ്ഞവയാണ്.

ആ വാക്യം ഇങ്ങനെ തുടങ്ങുന്നു **എല്ലാവരും പാപം ചെയ്തു** പാപം എന്ന പദത്തിന്റെ വിവിധ രൂപങ്ങൾ റോമർക്ക് എഴുതിയ ലേഖനത്തിന്റെ ആദ്യത്തെ എട്ട് അദ്ധ്യായങ്ങളിൽ അൻപതിലധികം പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. അതിനാൽ ആ വാക്കിന് എന്തർത്ഥമാണുള്ളതെന്നു മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. ''പാപം ചെയ്തു'' എന്നത് ἁμαρτάνω (*hamartanō*) എന്ന ഗ്രീക്കുപദത്തിന്റെ തർജ്ജമയാണ്. അതിന്റെ അർത്ഥം ഉന്നം തെറ്റുക എന്നതാണ്.[55] ഈ ക്രിയാപദം ἁμαρτία (*hamartia*) എന്ന പദത്തോടു ബന്ധപ്പെട്ടതാണ്. ഏറ്റവും കൂടുതൽ കാര്യങ്ങൾ ഉൾകൊള്ളുവാൻ ശക്തിയുള്ള ധാർമ്മികവും ആത്മീകവുമായ തോൽവിയെ കാണിയ്ക്കുന്ന പദമാണത്.[56] ഒരു വില്ലാളിക്ക് തന്റെ ഉന്നം തെറ്റിപ്പോകുന്നതിനെ കുറിയ്ക്കുന്നതിനാണ് ഗ്രീക്കുകാർ ഇതുപയോഗിച്ചിരുന്നത്.[57] നമ്മുടെ ആത്മീക ലക്ഷ്യം ''ദൈവവും ദൈവത്തിന്റെ ഹിതവും നമ്മുടെ ജീവിതത്തിന്'' എന്നാണർത്ഥം. 1:18-3:20 യുള്ള ഭാഗത്ത് എല്ലാവരും ആ ലക്ഷ്യത്തിൽനിന്നും മാറിപ്പോയി എന്നത് പൗലൊസ് സ്ഥാപിച്ചുകഴിഞ്ഞു. 3:23 പാപം ചെയ്തു എന്നത് aorist past tense എന്ന കാലത്തിലാണ്. ഒരാൾ ആദ്യം പാപം ചെയ്യുമ്പോൾ തന്നെ അവൻ രക്ഷ ആവശ്യമുള്ള ഒരു പാപിയായിത്തീരുന്നു.

ഈ ലേഖനത്തിലുപയോഗിച്ചിരിയ്ക്കുന്നത് പാപത്തിന്റെ പര്യായമാണ്. ലംഘനം എന്ന വാക്ക് ലംഘനം (Transgression) എന്ന് തർജ്ജമ ചെയ്യപ്പെട്ടിരിക്കുന്നത് παραβαίνω (*parabainō*) എന്ന കോംബൗണ്ട് വാക്കാണ്. അത് βαίνω, παρά (alongside) എന്നിവയും, പാർശ്വത്തിൽ കൂടി കടന്നുപോയി അപ്പുറം കട

ക്കുക എന്നർത്ഥം വരുന്ന പദമാണ് അതിന്റെ നാമരൂപം ''അതിക്രമിയ്ക്കുക'' എന്നു തർജ്ജമ ചെയ്യപ്പെട്ടിരിക്കുന്നു[58] (റോമ. 4:15). 5:14-ൽ ലംഘനം എന്നതും Transgress എന്ന ഇംഗ്ലീഷ് പദം അക്ഷരപ്രകാരം അർത്ഥമാക്കുന്നത്.[59] (to step across) കുറുകെ കടക്കുക എന്നാകാം നിലത്ത് ഒരു വര വരച്ചിരിക്കുന്നു. ഒരാൾ അതിനപ്പുറം കാൽ ചവിട്ടുക. ആ വര അതിരും നിയന്ത്രണവും കാണിക്കുന്ന രേഖയാണ്. ദൈവം നമ്മുടെ സുരക്ഷിതത്വത്തിനായി വരച്ച രേഖയും ആണ്.

റോമാലേഖനത്തിലെ വേറൊരു വാക്ക് 4:7ൽ ഉള്ള (അധർമ്മം) നിയമത്തെ വകവെയ്ക്കാത്ത പ്രവർത്തി (lawless deeds) ഇത് ἀνομία (*anomia*), νόμος, (*nomos*) എന്നതിനോട് ചേർത്ത് നിഷേധാർത്ഥം കൊടുത്ത് ഉണ്ടായ വാക്കാണു. ദൈവഹിതത്തെപ്പറ്റി യാതൊരു വക വായ്പ്പും ഇല്ലാത്ത എന്ന അർത്ഥമാണ്.

23-ാം വാക്യത്തിൽ എല്ലാവരും ''ളമഹഹ വെീൃ'' ഇല്ലാത്തവരായി ത്തീർന്നു. (ὑστερέω) പുറകിലായി പോകുക.[60] ഒരു ഓട്ടപ്പന്തയത്തിൽ പുറകിലായിപ്പോകുന്ന ഓട്ടക്കാരനെ കാണിയ്ക്കുന്നു. വില്ലാളിയോട് തുലനം ചെയ്യുമ്പോൾ ഉന്നം തെറ്റുന്നു എന്നർത്ഥം. അവന്റെ അമ്പ് ലക്ഷ്യത്തിൽ എത്താതിരിക്കുക.[61] ഈ വാക്ക് ഗ്രീക്കിൽ വർത്തമാനകാല ക്രിയയിലാണ് ഉപയോഗിച്ചിരിക്കുന്നത്. തുടരെയുള്ള പ്രവർത്തനത്തെ സൂചിപ്പിക്കുന്നു. നാം കഴിഞ്ഞ കാലത്തിൽ പാപം ചെയ്തു എന്നു മാത്രമല്ല, പാപികളായിത്തീർന്നു. ദിനംതോറും പാപം ചെയ്തുകൊണ്ടും ജീവിക്കുന്നു!

നാം എത്തിച്ചേരാത്ത ലക്ഷ്യം **ദൈവമഹത്വം** ആണ്. ദൈവത്തിന്റെ മഹത്വം (δόξα, *doxa*) അതിന്റെ പ്രധാനപ്പെട്ട അർത്ഥത്തിൽ ദൈവത്തിന്റെ ഭയങ്കരമായ സാന്നിദ്ധ്യത്തെ വെളിപ്പെടുത്തുന്നതാണ്. വേദപുസ്തകം പഠിപ്പിക്കുന്നത്, ആ മഹത്വം തന്റെ ജനങ്ങൾക്ക് പങ്കിടുവാൻ ആഗ്രഹിക്കുന്നു എന്നാണ് (8:18; 9:23). കൂടാതെ ദൈവം പ്രസ്താവിക്കുന്നത് ഭൂമിയിൽ നമ്മുടെ ഉദ്ദേശം ദൈവത്തെ മഹത്വപ്പെടുത്തുക എന്നതാണ്. (4:20; 11:36; യെശയ്യ 43:7; മത്തായി. 5:16) ''ദൈവമഹത്വം'' എന്നതിൽ ഇതെല്ലാം അടങ്ങിയിട്ടുണ്ട്. തർജ്ജമ ചെയ്യുന്ന വാക്ക് ഒരു ഒറ്റവാക്യാംശത്തിൽ ഇതെല്ലാം വെളിപ്പെടുത്തു ന്നത് പ്രയാസം. NEB യിൽ the divine splendor എന്നുള്ളതിനെ ദൈവത്തിന്റെ ഉജ്ജ്വല തേജസ്സ് എന്ന് ചിന്തിക്കാം. ഠഋഢയിൽ ദൈവത്തിന്റെ രക്ഷിയ്ക്കുന്ന സാന്നിദ്ധ്യം എന്നും ഫിലിപ്പിന്റെ തർജ്ജമയിൽ ദൈവിക പദ്ധതിയുടെ മനോ ഹാരിത എന്നർത്ഥം വരുന്ന പദമാണു ഉപയോഗിച്ചിരിക്കുന്നത്. NLT യിൽ ''ദൈവത്തിന്റെ മഹത്വകരമായ തോത്'' എന്നാണ്.

''ദൈവമഹത്വ'' ത്തെ ദൈവത്തിന്റെ സ്വന്തം മഹത്വം എന്നോ നമുക്കു വേണ്ടി ഉദ്ദേശിയ്ക്കപ്പെട്ട മഹത്വമെന്നോ ചിന്തിച്ചാലും ശരി നാം അത്രത്തോളം എത്തു ന്നില്ല. അതിനു വളരെ പുറകിലാണ് ദൈവത്തിന്റെ സ്വന്തം മഹത്വത്തെ നാം കാണുമ്പോൾ നാം എത്ര ദുഷ്ടന്മാരാണെന്ന് നാം കാണും (3:10-18). നമ്മെ കുറിച്ചു അവന്റെ താല്പര്യം നാം ഏതു മഹത്വത്തിൽ വസിക്കണമെന്നാ യിരുന്നുവോ, നാം അതിൽ നിന്നും വീണുപോയി!

**വാക്യം 24മ.** 1:18-3:20 വരെ സ്ഥാപിച്ചതനുസരിച്ച് നാം എല്ലാം പാപ ികളാണ്. തന്നെത്താൻ രക്ഷപെടാൻ കഴിവില്ലാത്തവരാണ്. ദൈവം തന്നെ മുൻകൈ എടുക്കേണ്ടിവന്നു. ദൈവത്തിന്റെ നീതി വെളിപ്പെടുത്തിയതിന് നാം എത്ര നന്ദിയുള്ളവരായിരിക്കണം ദൈവത്തിന്റെ സ്വന്തം നീതിതന്നെ. വിശ്വസിക്കുന്ന എല്ലാവർക്കും വേണ്ടി (3:21, 22) വേറൊരു അത്ഭുതകരമായ

സത്യം എന്തെന്നുവച്ചാൽ എല്ലാവർക്കും ദൈവത്തിന്റെ നീതി ആവശ്യമുള്ള തുകൊണ്ട് എല്ലാവർക്കായും അത് നീട്ടിയിരിക്കുന്നു.

അതെങ്ങനെ സാധിക്കും? പരിപൂർണ്ണമായും വ്യക്തമായും നീതികെട്ട വരായിട്ടുള്ളവരെ നീതിമാനായ ദൈവം എങ്ങനെയാണ് നീതിമാൻ എന്നെ ണ്ണുന്നത്? 24-ാം വാക്യത്തിൽ നാം മനുഷ്യവർഗ്ഗത്തിനു വേണ്ടിയുള്ള ദൈവത്തിന്റെ ആത്മീക ദാനത്തിന്റെ രഹസ്യത്തിലേക്ക് നീങ്ങുകയാണ്. നീതികെട്ടവരെ നീതിമാൻമാരെന്ന് പ്രഖ്യാപിയ്ക്കുവാൻ എങ്ങനെ ദൈവ ത്തിന് കഴിയുന്നു? മർമ്മ പ്രധാനമായ ഈ വിഷയത്തെക്കുറിച്ചുള്ള ചർച്ചകൾ രണ്ടു വാക്കുകൾ പ്രത്യേകമായി ഉയർത്തി പിടിച്ചുംകൊണ്ട് ആരംഭിക്കുന്നു: ''നീതീകരണം'' ''കൃപ''.

22-ാം വാക്യത്തിന്റെ അവസാനഭാഗവും 23-ാം വാക്യവും കൂടി ചേർന്ന് നിക്ഷിപ്തമായ ഒന്നായി കാണാം. 24-ാംവാക്യത്തിൽ 22-ാം വാക്യത്തിന്റെ ആദ്യ ഭഗത്തു പറഞ്ഞ ചിന്ത മുൻപോട്ടുകൊണ്ടുപോകുന്നു. ''അവന്റെ കൃപയാൽ ... സൗജന്യമായത്രെ നീതീകരിക്കപ്പെടുന്നത്. **ദൈവത്തിന്റെ നീതി വിശ്വസിക്കുന്ന എല്ലാവർക്കുമുള്ളത്**. ആദ്യമായി നീതീകരിക്കപ്പെട്ടു (δικαιόω) എന്ന വാക്കു ശ്രദ്ധിക്കാം. 3:21-5:21 ഒരു പ്രത്യേക വിഭാഗമായി നീതീകരണത്തെക്കുറിച്ച് പഠിയ്ക്കുവാൻ പോകുന്നതിനാൽ വാക്കിന്റെ അർത്ഥം പ്രത്യേകം ശ്രദ്ധിക്കാം.

നീതി, നീതീകരിയ്ക്കുക എന്ന വാക്കുകൾ ഒരേ കുടുംബ വാക്കുകളാണ് റോമാലേഖനത്തിൽ 3:24 ലാണ് δικαιόω (നീതികരിക്കപ്പെട്ടു) എന്ന പദം ആദ്യമായി ഉപയോഗിച്ചിട്ടുള്ളത്. പുതിയനിയമത്തിൽ δικαιόω എന്ന വാക്കിന് നിയമത്തോട് ഒരു ബന്ധം നാം കാണുന്നുണ്ട്. [62]വേഗത്തിൽ ഉച്ചരിച്ചാൽ അത് just-if-ied എന്നു തോന്നും (ഒരിക്കലും പാപം ചെയ്തിട്ടില്ല).

''നീതീകരിക്കപ്പെട്ടിരിക്കുന്നു'' എന്ന പദപ്രയോഗം, നാം ''നീതിമാൻമാരാ ക്കിയിരിക്കുന്നു'' എന്ന് അർത്ഥമാക്കുന്നില്ല; മറിച്ച് ദൈവം നമ്മെ ''നീതിമാ ൻമാരായി *പ്രഖ്യാപിച്ചിരിക്കുന്നു*''[63] എന്നാണ് അത് അർത്ഥമാക്കുന്നത്. നാം നീതിമാൻമാരായതു "പോലെ" ദൈവം നമ്മെ പരിഗണിക്കുന്നു. ഇത് പ്രകടിപ്പിക്കുന്നതിനായി ചിലർ പദങ്ങൾ കൗതുകമുണർത്തുന്ന രീതിയിൽ ഉപയോഗിക്കുന്നു: "ഞാൻ ഒരിക്കലും പാപം ചെയ്തിട്ടില്ലെന്നതു പോലെ (ഇറ്റ്സ് ജസ്റ്റ് ആസീഫ് ഐ വുഡ് നെവർ സിൻഡ്).'' ഇംഗ്ലീഷ് ഭാഷയിൽ ഇത് പെട്ടെന്ന് പറയുമ്പോൾ ''ജസ്റ്റി-ഫൈയ്ഡ് വെർ സിൻഡ്'' (ഒരിക്കലും പാപം ചെയ്യാത്തതു പോലെ നീതീകരിക്കപ്പെട്ടു) എന്ന് പറയുന്നതു പോലെ തോന്നിക്കും.

നിങ്ങളും ഞാനും പാപികളായതിനാൽ നമുക്ക് ഒരിയ്ക്കലും നമ്മെ ന ീതീകരിയ്ക്കുവാൻ സാധിക്കുകയില്ല.പിന്നെ എങ്ങനെയാണ് അത് സാധിക്കു ന്നത്? നമ്മുടെ വാക്യം ഇങ്ങനെ പറയുന്നു. *അവന്റെ കൃപയാൽ സൗജന്യ മായിട്ടത്രെ* നീതീകരിയ്ക്കപ്പെടുന്നത്. ''സൗജന്യമായിട്ടത്രെ'' എന്നതാണ് ന ീതീകരണത്തിന്റെ വിധം. കൃപയാലത്രെ എന്നുള്ളതാണ് നീതീകരണത്തിന്റെ വിധം. കൃപയാലത്രെ എന്നുള്ളതാണ് അതിന്റെ പിന്നിലുള്ള സ്നേഹം. സൗജ ന്യമായത്രെ[64] എന്നത് δωρεάν എന്ന ഒരു ഒറ്റ ഗ്രീക്കുവാക്കിൽ നിന്നും ദാനം δωρεάν എന്നതിന്റെ അർത്ഥം ഒരു ദാനം എന്ന രീതിയിൽ എന്നാണ്.[65]

''വിലകൊടുക്കാതെ'' എന്നു പറയാം. കൃപ (χάρις, *charis*) എന്ന പദം നാം കണ്ടിട്ടുണ്ട് റോമർ 1:5, 7. എന്നാൽ ഇവിടെയാണ് ആദ്യമായി നാം

അവന്റെ കൃപയാൽ രക്ഷിയ്ക്കപ്പെട്ടിരിയ്ക്കുന്നു എന്ന വലിയ സത്യം (എഫെ. 2:8) കാണുന്നത്. ‘‘കൃപ’’ എന്ന വാക്ക് ഈ ലേഖനത്തിലെ ഒരു താക്കോൽ വാക്കുതന്നെയാണ്. ഇരുപതു പ്രാവശ്യമെങ്കിലും ഉപയോഗിച്ചിട്ടുണ്ട്. χάρις എന്ന വാക്കിന്റെ മൂലപദം ‘‘സന്തോഷിയ്ക്കുന്നതിന്’’[66] എന്നർത്ഥമുള്ള ഒരു ക്രിയാപദമാണ് χάρις എന്ന വാക്ക് തന്നെ പൗലൊസിന്റെ എഴുത്തുകളുടെ ഒരു കേന്ദ്ര സങ്കല്പമാണ് അതിലെ സ്ഥാനപരമായ ചിന്ത വില വാങ്ങാതെ ദാനമായികൊടുക്കുക എന്നതാണ്. കൃപ (ഴൃമരല) എന്ന വാക്കിന് അർഹ തയില്ലാത്ത ഔദാര്യം എന്നാണല്ലോ[67] (AB കാണുക) സമ്പാദിയ്ക്കാത്തത്.

**വാക്യം 24യ**. ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം നീതീകരി യ്ക്കപ്പെടുന്നു. *വീണ്ടെടുപ്പ്* എന്ന വാക്ക് മറുവില എന്ന വാക്കിന്റെ ശക്തി പ്പെടുത്തിയ ഒരു രൂപമാണ്. യേശുക്രിസ്തുവിന്റെ മരണത്തിന്റെ അർത്ഥം ശക്തി വിവരിക്കുന്ന ഒരു പദമാണ്. (എബ്രാ. 9:2; മത്താ. 20:28; 1 തിമോ. 2:6). ἀπολύτρωσις, *apolutrōsis* എന്ന വാക്ക് ഒരു തടവുകാരനെ പിടിച്ചവരിൽ നിന്നും വിടുവിപ്പാൻ കൊടുക്കുന്ന മോചനദ്രവ്യം അഥവാ ഒരു അടിമയെ അവന്റെ യജമാനനിൽ നിന്നു സ്വതന്ത്രനാക്കുവാൻ കൊടുക്കുന്ന വില എന്ന അർത്ഥം.[68] റോമർ 3:9-ൽ പാപത്തെ ഒരു ക്രൂരനായ യജമാനനായി പൗലൊസ് ചിത്രീകരിച്ചിട്ടുണ്ട്. ‘‘യഹൂദന്മാരും യവനന്മാരും ഒരു പോലെ പാപത്തിൻ കീഴാ കുന്നു എന്ന് പറഞ്ഞിട്ടുണ്ടല്ലോ. ക്രൂരനായ യജമാനന്റെ കൈയ്യിൽ നിന്നും (പാപം) മനുഷ്യവർഗ്ഗത്തെ എങ്ങനെ വിടുവിക്കുവാൻ കഴിയും? ക്രിസ്തു നമ്മെ മറുവിലകൊടുത്ത് വീണ്ടെടുക്കണമായിരുന്നു.

25-ാം വാക്യത്തിൽ നീതീകരണത്തെ ആദ്യമായി യേശുക്രിസ്തുവിന്റെ രക്തത്തോടു ബന്ധിപ്പിച്ച് പറഞ്ഞിരിക്കുന്നു. എന്നാൽ അത് അവസാന ത്തേ ഉപയോഗമല്ല 5:9-ൽ പൗലൊസ് എഴുതുന്നു. ‘‘അവന്റെ രക്തത്താൽ നീതീകരിയ്ക്കപ്പെട്ട ശേഷമോ’’ എന്ന് പത്രൊസ് അപ്പൊസ്തലനും നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് വെള്ളി പൊന്ന് മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെകൊണ്ടല്ല; ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രെ (1 പത്രോ. 1:18, 19) എന്നെഴു തിയിട്ടുണ്ട്. പാപത്തിലേക്ക് അനേകം വഴികളുണ്ട് എന്നാൽ അതിൽ നിന്നു വെളിയിൽ വരുവാൻ ഒരേഒരു വഴി മാത്രമേ ഉള്ളൂ. യേശുക്രിസ്തുവിന്റെ രക്തം മൂലം മാത്രം എബ്രായലേഖനകർത്താവ് എഴുതുന്നു. ‘‘രക്തം ചൊരി ഞ്ഞിട്ടല്ലാതെ വിമോചനമില്ല’’ (എബ്രാ. 9:22) വീണ്ടെടുപ്പിന്റെ ശ്രേഷ്ഠമായ നിറം രക്തനിറമാണ് (ചുവപ്പ്).[69]

‘‘യേശുവിന്റെ രക്തം’’ എന്നത് ‘‘യേശുവിന്റെ മരണ’’ ത്തിന് ഒരു രൂപ കാലങ്കാരമാണ്.[70] യേശുവിന്റെ മരണം പോലെ യേശു നമ്മുടെ പാപത്തിന്റെ കുറ്റത്തെ തന്റെ മേൽ വഹിച്ചതുപോലെ താഴെപ്പറയുന്ന പദങ്ങളെല്ലാം യേശുവിന്റെ പേരിൽ ഉപയോഗിക്കുമ്പോൾ യേശുവിന്റെ വീണ്ടെടുപ്പിന്റെ പ്ര വർത്തിയെ സൂചിപ്പിക്കുന്നു: രക്തം, ക്രൂശ്, ക്രൂശീകരണം, പങ്കപ്പാട്, മരണം.

‘‘രക്തം മൂലമുള്ള വീണ്ടെടുപ്പ്, യേശുക്രിസ്തുവിലാണ്.’’ ‘‘ക്രിസ്തുവിൽ’’ എന്നത് പൗലൊസിന് ഏറ്റവും ഇഷ്ടപ്പെട്ട പ്രയോഗമായിരുന്നു. പൗലൊസ് 169 പ്രാവശ്യം[71] അങ്ങനെ ഉപയോഗിച്ചതായി കാണുന്നു. അത് ഒരു ക്രിസ്ത്യാനിക്ക് തന്റെ നാഥനോടുള്ള എറ്റവും അടുത്തതും അഗാധവുമായ ദൃഢബന്ധത്തെ കുറിക്കുന്നു. റോമർ 6:3ൽ നാം ക്രിസ്തുവിനോട് ചേരുവാൻ സ്നാനമേറ്റു എന്ന് വായിക്കുന്നു.

വീണ്ടെടുപ്പ് എന്ന വിഷയം വിടുന്നതിനു മുൻപായി ഒരു കാര്യംകൂടെ. വർഷങ്ങൾക്കുമുൻപ് പണ്ഡിതന്മാർ തർക്കിച്ചിരുന്നു ആർക്കാണ് മറുവില അഥവാ വീണ്ടെടുപ്പ് വില കൊടുത്തത് എന്ന്. പൊതുതത്വമനുസരിച്ച് ഒരു അലങ്കാരഭാഷപ്രയോഗിക്കുമ്പോൾ ഒരു കാര്യം വിശദമാക്കുവാൻ അതു ഉപയോഗിക്കാം. പലതല്ല. ഉദാഹരണമായി യേശു പറഞ്ഞു "ഞാൻ വാതിലാകുന്നു" (യോഹ. 10:9) എന്നാൽ അതുകൊണ്ട് അവൻ വിജാഗിരിയിന്മേൽ തൂങ്ങി ആടുന്നവൻ എന്നർത്ഥമില്ല. വീണ്ടെടുപ്പുവില ആർക്കുകൊടുത്തു എന്നു ചോദിച്ചാൽ അലങ്കാരഭാഷയുടെ അർത്ഥം വേണ്ടതിൽ അധികമായി ആവശ്യപ്പെടുകയാണ്. ഒരു കായികാഭ്യാസി സംഘത്തിന്റെ നന്മയ്ക്കുവേണ്ടി തന്നെത്താൻ യാഗമാക്കി എന്നു പറഞ്ഞാൽ ഏതു ദൈവത്തിനാണ് യാഗം കഴിച്ചത് എന്ന് നാം ചോദിക്കാറില്ല. മറുവില എന്ന അലങ്കാരത്തിന്റെ ആശയം എന്തെന്നാൽ നാം പാപത്തിന്റെ അടിമകളായിരുന്നു. സ്വാതന്ത്ര്യം പ്രാപിപ്പാൻ ഒരു മാർഗ്ഗവും ഉണ്ടായിരുന്നില്ല. നമ്മുടെ സ്വാതന്ത്ര്യത്തിനുവേണ്ടി യേശു മരിക്കണമായിരുന്നു!

**വാക്യം 25a**. ഇരുപത്തിനാലാം വാക്യം ക്രിസ്തുയേശുവിങ്കലെ എന്നു കാണുന്നു. വീണ്ടും അവനെക്കുറിച്ചാണ് എഴുതുന്നത് - ദൈവം അവനെ പരസ്യമായി നിർത്തിയിരിക്കുന്നു. പരസ്യമായി നിർത്തിയിരിക്കുന്നു എന്ന പദം τίθημι (*tithēmi*, – to place) എന്നും πρό (pro-before) എന്നുള്ള വാക്കുകൾ ചേർന്ന വാക്കാണ് προτίθημι (*protithēmi*) അതിനർത്ഥം.[72]

ദൈവം മനുഷ്യവർഗ്ഗത്തോടുള്ള തന്റെ സ്നേഹം പരസ്യമായി വെളിപ്പെടുത്തിക്കാണിച്ചത് യേശുക്രിസ്തു ക്രൂശിന്മേൽ മരിച്ചപ്പോഴാണ്. ഒന്നാം നൂറ്റാണ്ടിലെ രഹസ്യ മതവിശ്വാസങ്ങൾക്കെതിരായി അവയുടെ രഹസ്യ രീതികൾക്കു വിപരീതമായി സുവിശേഷം ഒരു കോണിൽ നടന്നതല്ല (അ. പ്രവൃത്തി. 26:26) യേശുവിന്റെ ശുശ്രൂഷ അതിന്റെ സ്വഭാവത്തിൽ തന്നെ പരസ്യമായിട്ടുള്ളതായിരുന്നു. പുരുഷാരത്തെ അവൻ പഠിപ്പിച്ചു. അവരുടെ രോഗികളെ താൻ സൗഖ്യമാക്കി. അവനെ യെരുശലേമിനുവെളിയിൽ ക്രൂശിച്ചത് ഒരു ഔദ്യോഗികവും പരസ്യവുമായ പ്രവർത്തി ആയിരുന്നു. അനേകം ആളുകൾ അതു കാണുവാനിടയായി. അവന്റെ ശിഷ്യന്മാർ പ്രസംഗിച്ച സുവിശേഷം പരസ്യ പ്രഖ്യാപനങ്ങളായിട്ടായിരുന്നു.[73]

ഇതു നമ്മളെ വളരെ പരിചയമില്ലാത്ത ഒരു വാക്കിലേക്കു കൊണ്ടുവരുന്നു. അത് നമ്മുടെ ചിന്തകളെ വെല്ലുവിളിക്കുന്നു. ദുഷ്ടനെ എങ്ങനെയാണ് ദൈവം നീതീകരിയ്ക്കുന്നത് എന്ന ചോദ്യത്തിന്റെ ഉള്ളിലേക്കു കടക്കുന്ന വാക്ക് - **പ്രായശ്ചിത്തം** - ദൈവം യേശുവിനെ വിശ്വസിക്കാൻ **തന്റെ രക്തം മൂലം**[74] **പ്രായശ്ചിത്തമാകുവാൻ** പരസ്യമായി നിർത്തിയിരിക്കുന്നു NASB യിൽ പ്രായശ്ചിത്തം എന്ന വാക്ക് ഈ വചനങ്ങളിൽ കാണാം:[75]

> അതുകൊണ്ട് ജനത്തിന്റെ പാപങ്ങൾക്കു *പ്രായശ്ചിത്തം* വരുത്തുവാൻ അവൻ കരുണയുള്ളവനും ദൈവകാര്യത്തിൽ വിശ്വസ്ത മഹാപുരോഹിതനുമാകേണ്ടതിന് സകലത്തിലും തന്റെ സഹോദരന്മാരോട് സദൃശനായിത്തീരുവാൻ ആവശ്യമായിരുന്നു (എബ്രാ. 2:17).

> അവൻ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ആകുന്നു. നമ്മുടേതിനു മാത്രമല്ല സർവ്വലോകത്തിന്റെയും പാപത്തിനു തന്നെ (1 യോഹ. 2:2).

> നാം ദൈവത്തെ സ്നേഹിച്ചതല്ല; അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുവാൻ അയച്ചതു തന്നെ സാക്ഷാൽ സ്നേഹം ആകുന്നു (1 യോഹ. 4:10).

പ്രായശ്ചിത്തം എന്ന വാക്ക് ചില മതസ്ഥരുടെയിടയിൽ അത്ര സാധാരണമായതോ ജനസമ്മതിയുള്ളതോ അല്ല. ഈ പദത്തെ മതസംബന്ധമായ ഭാഷയിൽ നിന്നും മാറ്റുന്നതിന്റെ ഒരു കാരണം ശരാശരി ആളുകൾക്ക് തീരെ അപരിചിതമാണെന്നുള്ളതാണ്. ചില വേദപുസ്തകസംബന്ധമായ അപരിചിതവാക്കുകൾ അറിഞ്ഞുകൂടാത്തവർക്ക് പരിചയപ്പെടുത്തി കൊടുക്കേണ്ടത് ആവശ്യമാണ്. നമ്മുടെ സന്ദേശത്തെ മനഃപൂർവ്വം മങ്ങലേൽപ്പിച്ചു പറയുന്നതിൽ കാര്യമില്ല. ചല ദൈവശാസ്ത്രപരമായ പദങ്ങൾ ധാരാളം അർത്ഥം ഉള്ളതാകയാൽ അവയെ ഉപേക്ഷിച്ചുകളയുവാൻ സാദ്ധ്യമല്ല.[76] പ്രായശ്ചിത്തം എന്നുള്ളത് അങ്ങനെയുള്ള ഒരു പദമാണ്.

രണ്ടാമത്തെ കാരണം പലർക്കും പ്രായശ്ചിത്തം എന്ന വാക്ക് വിഷമമുണ്ടാക്കുന്നതാണ് എന്തെന്നാൽ ദൈവകോപത്തെ ശമിപ്പിക്കുക എന്നൊരു വലിയ വിഷയം അതിൽ ഉണ്ട്. ''പ്രായശ്ചിത്ത'' ത്തിന്റെ ഇംഗ്ലീഷ് പദം നിർവ്വചിക്കുന്നത് പ്രായശ്ചിത്തം ചെയ്യുന്നത് പ്രത്യേകിച്ച് ദൈവത്തിന് രഹസ്യമായി അർപ്പിക്കുന്ന ഒരു അർപ്പണം.[77] ഗ്രീക്കു പദം (ἱλαστήριον, *hilastērion*) ഉപയോഗിച്ചിരുന്നത് അവരുടെ രഹസ്യമതങ്ങളുടെ പ്രവർത്തികളിൽ ഉപയോഗിച്ചിരുന്നു. യാഗങ്ങൾ, ദൈവങ്ങളെ തൃപ്തിപ്പെടുത്താനുള്ള കാര്യങ്ങൾ (അവരുടെ കോപം ചിലപ്പോൾ) അപ്രതീക്ഷിതമായി ഉണ്ടാകുമത്രെ.[78]

വ്യാഖ്യാതാക്കളും പരിഭാഷചെയ്യുന്നവരും സത്യദൈവത്തെ ജാതികളുടെ കപട ദൈവങ്ങളുമായി ചേർത്തു ചിന്തിക്കുന്നതിനെതിരായി അതു പാടില്ല എന്നു എതിർക്കുന്നു. പഴയനിയമത്തിന്റെ ഗ്രീക്കു പരിഭാഷയിൽ കൃപാസനത്തിന് ἱλαστήριον ഉപയോഗിച്ചിരിക്കുന്നു (സങ്കീ. 60). എബ്രാ. 9:5 ലും അതേ വാക്ക് കൃപാസനത്തിന് ഉപയോഗിച്ചിരിക്കുന്നു. കൃപാസനത്തിലാണ് മഹാപുരോഹിതൻ ആണ്ടിലൊരിക്കൽ പാപപരിഹാരദിവസത്തിൽ മൃഗങ്ങളുടെ രക്തം തളിക്കുമായിരുന്നത്. അത് ജനത്തിന്റെ പാപത്തിനു പരിഹാരത്തിനുവേണ്ടി ആയിരുന്നു (ലേവ്യ. 16:14-16, എബ്രാ. 9:7). എതിർക്കുന്നവർ പാപപരിഹാരം എന്നോ അതിന് സമാനമായ പദങ്ങളോ പ്രായശ്ചിത്തത്തേക്കാൾ നല്ലതായിരിക്കുമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട് (NIV).

ἱλαστήριον കൃപാസനം[79] തന്നെയാണോ എന്ന ചോദ്യം അസംഗതമാണ് മൂ സൂചിപ്പിക്കുന്നത് പഴയനിയമം വായിക്കുമ്പോൾ പാപപരിഹാരദിവസത്തിലെ ആരാ ധനാ രീതിയിൽ പാപപരിഹാരവും ദൈവത്തതിന്റെ കോപം മാറ്റിക്കളയുന്നതും (expiation and propitiation) ഉൾപെട്ടിട്ടുണ്ട് എന്നാണ്[80] F. F. ബ്രൂസ് പറഞ്ഞിരിക്കുന്നത്,

> Hilasterion എന്ന വാക്കിന്റെ അർത്ഥത്തിൽ നിന്നും ദൈവകോപം മാറ്റുക എന്നതു മാറ്റുവാൻ ഒരു കാരണവുമില്ല. സന്ദർഭം അങ്ങനെ ഉറപ്പുതരുന്നെങ്കിൽ ദൈവകോപം ഒഴിവാക്കുന്നതിനെക്കുറിച്ച് സന്ദർഭം ഉറപ്പുതരുന്നില്ല. റോമർ 3:25-ൽ പൗലൊസ് 1:18-ൽ പറഞ്ഞല്ലോ. ''അനീതികൊണ്ട് സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അനീതിക്കും അഭക്തിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നു വെളിപ്പെടുന്നു

എന്ന്. ഈ ദൈവകോപം മാറ്റികളയുന്നത് എങ്ങിനെയാണ്? ദൈവം യേശുക്രിസ്തുവിൽ നൽകിയ ഈ ἱλαστήριον (പ്രായശ്ചിത്തം) അനീതിയുടെയും അഭക്തിയുടെയും കുറ്റം നീക്കുക മാത്രമല്ല അതേസമയം ഒരു ധാർമ്മികമായ ലോകത്തിൽ അതുപോലെയുള്ള ഭാവങ്ങൾക്കും പ്രവർത്തികൾക്കും ഒഴിച്ചുകൂടാത്ത അനന്തരഫലമായ ശിക്ഷ ഒഴിവാക്കുകയും ചെയ്യും.[81]

പ്രായശ്ചിത്തം എന്ന പദം സത്യദൈവത്തെ ജാതികളുടെ ദേവന്മാരോട് സമനിലയിൽ കാണുന്നു എന്ന വാദത്തിന് എന്തു മറുപടി പറയും? സ്റ്റോട്ടിന്റെ വാക്കുകളിൽ പറഞ്ഞാൽ ''പ്രായശ്ചിത്തത്തെ സംബന്ധിച്ച് ക്രിസ്ത്യാനികളുടെയും ജാതികളുടെയും വീക്ഷണവ്യത്യാസത്തെ പെരുപ്പിച്ചുപറയുവാൻ പ്രയാസമാണ്.''[82]

ജാതികളുടെ പ്രായശ്ചിത്ത ശ്രമങ്ങൾ അവരുടെ ദൈവങ്ങൾ മുൻ കോപികളായിരുന്നതുകൊണ്ടാണ്. പ്രതീക്ഷിയ്ക്കാത്ത രീതിയിൽ എന്തിനോടെങ്കിലും എപ്പോൾ വേണമെങ്കിലും കോപിയ്ക്കുന്നവരായിരുന്നതിനാലാണ് ക്രിസ്തീയ വീക്ഷണമനുസരിച്ച് വിശുദ്ധമായ ദൈവകോപം ദുഷ്ടതയെക്കെതിരായി ഉണ്ടാകും എന്നാണ്. ഒരു തത്വദീഷയില്ലാതെയും നേരത്തെ പ്രതീക്ഷിയ്ക്കുവാൻ പാടില്ലാതെയും അനിയന്ത്രിതമായും ഒന്നും ദൈവകോപം ഉണ്ടാകുന്നില്ല. ദോഷത്തിനെതിരായി മാത്രം കോപം ഉയരുന്നു.

ജാതികൾക്ക് അവരുടെ ദൈവങ്ങളുടെ കോപത്തെ ശമിപ്പിക്കേണ്ടത് മനുഷ്യന്റെ ജോലിയാണ്. പാപിയായ മനുഷ്യന് ദൈവകോപമത്തെ ഇല്ലാതാക്കുവാൻ കഴിയുകയില്ല എന്ന് ക്രിസ്ത്യാനി മനസ്സിലാക്കുന്നു. ദൈവം തന്നെ അതു പ്രവർത്തിക്കണം.

ജാതികളുടെ യാഗവസ്തുക്കൾ, സസ്യങ്ങൾ, മൃഗങ്ങൾ ചിലപ്പോൾ നരബലി ഇവയൊക്കെ ആയിരുന്നു. ഇവയൊക്കെ അവരുടെ ദൈവങ്ങളെ തൃപ്തിപ്പെടുത്തുകയോ തൃപ്തിപ്പെടുത്താതെയിരിക്കയോ ആകാം. നാം പറയുന്ന പ്രായശ്ചിത്തം ദൈവത്തിന്റെ സ്വന്തപുത്രന്റെ യാഗം ആണ്. അത് ദൈവകോപത്തെ തൃപ്തിപ്പെടുത്തും എന്ന് സംശയലേശമെന്യേ സമ്മതിയ്ക്കാവുന്നതാണ്![83]

അവസാനമായി ഒരു എതിർവാദം കൂടെ കണക്കിലെടുക്കാം. ''ദൈവം തന്നെത്തന്നെ തൃപ്തിപ്പെടുത്തുവാൻ *താൻ തന്നെ* ഒരു യാഗം കഴിച്ചു എന്നത് അബദ്ധമാണ് എന്ന് ചിലർ വാദിച്ചേക്കാം. ഒരു ലളിതമായ ഉത്തരം നല്കാം. പാപിയായ മനുഷ്യനോടുള്ള ദൈവത്തിന്റെ കോപം (1:18) ശമിപ്പിക്കണമായിരുന്നു. അല്ലെങ്കിൽ രക്ഷയ്ക്ക് യാതൊരു മാർഗ്ഗവും ഇല്ലായിരുന്നു. പാപികളായ സ്ത്രീപുരുഷന്മാർക്ക് ദൈവ കോപം ശമിപ്പിക്കുന്നതിന് ദൈവത്തിന് അർപ്പിപാൻ ഒന്നുമില്ലായിരുന്നു (3:10, 23). ആ സ്ഥിതിയിൽ ദൈവം തന്നെ അല്ലാതെ വേറെ ആരുണ്ട് മനുഷ്യനുവേണ്ടി യാഗം അർപ്പിപ്പാൻ?

പ്രായശ്ചിത്തത്തെ സംബന്ധിച്ചുള്ള വേദപുസ്തക പഠനം നാം എങ്ങനെ സംക്ഷേപിക്കും? ദൈവം പരിശുദ്ധനാകുന്നു (ലേവ്യാ. 11:44). ദൈവം പരി

ശുദ്ധനായതിനാൽ ദൈവത്തിന് പാപത്തെ അനുകൂലിക്കുവാൻ സാദ്ധ്യമല്ല. ദൈവം നീതിമാനാണ്. നീതിമാനായ ദൈവത്തിന് (യെശ. 30:18) പാപത്തെയും അനുസരണക്കേടിനെയും ശിക്ഷിച്ചേ മതിയാവൂ. വിശുദ്ധിയുടെയും നീതിയുടെ ദൈവം ആകയാൽ അവന് പാപികളായ മനുഷ്യവർഗ്ഗത്തെ നിത്യനരകത്തിൽ തള്ളിക്കളയുവാൻ സർവ്വ അവകാശവുമുണ്ട്. നീതി നിർവഹിയ്ക്കപ്പെടുക തന്നെ വേണം. അതേ സമയം ദൈവം സ്നേഹമാണ് (1 യോഹ. 4:16). സ്നേഹത്തിന്റെ ദൈവമായതുകൊണ്ട് ആരും നശിച്ചുപോകണമെന്ന് അവൻ ആഗ്രഹിക്കുന്നില്ല (2 പത്രൊ. 3:9). ഒന്നും വയ്യാത്ത ഒരു വിഷമസ്ഥിതി? അവൻ തന്റെ പുത്രനെ നമ്മുടെ പാപം തന്റെ മേൽ വഹിക്കുവാനായി അയച്ചുതന്നു.

> നാമെല്ലാവരും ആടുകളെപോലെ തെറ്റിപ്പോയിരുന്നു. നാം ഓരോരുത്തനും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു. എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെമേൽ ചുമത്തി (യെശ. 53:6).

> ... ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു (1 കൊരി. 15:3).

ഈ പരിഹാരം ‘‘തന്റെ രക്തം മൂലം’’ എന്ന് സൂചിപ്പിച്ചിരിക്കുന്നതിനാൽ 5-ാം അദ്ധ്യായത്തിൽ അതിനെ വിപുലീകരിച്ചിട്ടുണ്ട്:

> നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നെ ക്രിസ്തു തക്കസമയത്ത് അഭക്തർക്കുവേണ്ടി മരിച്ചു. നീതിമാനുവേണ്ടി ആരെങ്കിലും മരിക്കുന്നതു ദുർല്ലഭം. ഗുണവാനുവേണ്ടി പക്ഷേ മരിപ്പാൻ തുനിയുമായിരിക്കും. ക്രിസ്തുവോ നാം പാപികളായിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽ നിന്നു രക്ഷിക്കപ്പെടും? (റോമ. 5:6-9).

വീണ്ടും എട്ടാം അദ്ധ്യായത്തിൽ പൗലൊസ് പ്രസ്താപിക്കുന്നത് (8:32) ‘‘ദൈവം സ്വന്തപുത്രനെ ആദരിക്കാതെ നമുക്കെല്ലാവർക്കും വേണ്ടി ഏല്പിച്ചുതന്നു’’ എന്നാണ്.

ദൈവം നമുക്കുവേണ്ടി ചെയ്തതിനെ വിശദീകരിപ്പാൻ ഒരു ഉദാഹരണം കൊണ്ടും കഴിയുന്നതല്ല. പ്രായശ്ചിത്തം എന്ന വാക്ക്, യേശുക്രിസ്തുവിന്റെ യാഗം ദൈവകോപത്തെ തൃപ്തിപ്പെടുത്തിയെന്നും അങ്ങനെ നമുക്ക് രക്ഷ സാദ്ധ്യമാക്കിത്തന്നു എന്നും ഉള്ള അറിവിനാൽ സംതൃപ്തിപ്പെടേണ്ടതാണ്.

ഈ അത്ഭുതാവഹമായ ദിവ്യദാനം നാം എങ്ങനെയാണ് സ്വീകരിക്കേണ്ടത്? വിശ്വാസത്താൽ ആണെന്ന് പൗലൊസ് ശക്തിപ്പെടുത്തി പറയുന്നു.

**വാക്യം 25, 26.** 25-ാം വാക്യത്തിന്റെ അവസാനത്തിലും 26-ാം വാക്യത്തിലുമായി നാം നീതിമാനും വിശുദ്ധനുമായ ഒരു ദൈവത്തിന് നീതികെട്ടവനും അഭക്തനുമായ മനുഷ്യനെ എങ്ങനെയാണ് നീതിമാൻ എന്നു പ്രഖ്യാപിക്കുവാൻ സാധിയ്ക്കുന്നത് എന്ന വിരോധാഭാസത്തിലേക്ക് നാം തിരിച്ചുവരുന്നു. ഗ്രീക്കു വേദപുസ്തകത്തിൽ 21-ാം വാക്യത്തിൽ തുടങ്ങുന്ന വാക്യം 26-ാം വാക്യം വരെയും നീണ്ടുപോകുന്നു. NASB തർജ്ജമക്കാർ വിശ്വാസത്താൽ

എന്നതിനുശേഷം 25-ാം വാക്യത്തിന്റെ മദ്ധ്യത്തിലായി വാചകം അവസാനിപ്പിക്കുന്നു. അവർ രണ്ടു വാക്കുകൾ ചേർക്കുകയും ചെയ്യുന്നു. അതിനുശേഷം വാക്യത്തിലേക്കും മടങ്ങിവരുന്നു. **അവന്റെ നീതിയെ പ്രദർശിപ്പിപ്പാൻ** ആ വാക്യങ്ങൾ തുടർച്ചയായിട്ടുള്ളതാണെന്ന് മനസ്സിൽ വെക്കണം. ക്രിസ്തുവിനെ പ്രായശ്ചിത്തമായി പരസ്യമായ ഒരു കാഴ്ച്ചയാക്കി നിർത്തി. ദൈവകോപം ശമിപ്പിക്കുവാനും, അതേ സമയം ദൈവത്തിന്റെ നീതിയെ പരസ്യമായി വെളിപ്പെടുത്തുവാനും അങ്ങനെ ചെയ്തു.

ഈ ഭാഗത്ത് ദൈവത്തിന്റെ നീതി എന്നത് ദൈവസ്വഭാവത്തിലുള്ള നീതിയെ ഉദ്ദേശിച്ചാണ്. "പ്രദർശിപ്പിപ്പാൻ" എന്നതിൽ കാണിയ്ക്കുവാൻ എന്നർത്ഥം തെളിയിക്കുവാൻ.[84] അതുപോലെയുള്ള പ്രദർശനം ആർക്കെങ്കിലും ദൈവത്തെ വിസ്തരിപ്പാൻ ധൈര്യമുള്ളവർക്കു വേണ്ടിയാണ്. പ്രദർശിപ്പിക്കുക എന്നത് ἔνδειξις (*endeixis*) എന്ന രണ്ടു വാക്കുകൾ ചേർന്ന ഒരു വാക്കാണ് (3:4).

എന്തുകൊണ്ടാണ് അങ്ങനെയൊരു പ്രദർശിപ്പിക്കൽ ആവശ്യമായത്? പൗലൊസ് പറയുന്നു, **ദൈവം തന്റെ പൊറുമയിൽ മുൻ കഴിഞ്ഞ പാപങ്ങളെ ശിക്ഷിക്കാതെ വിടുക നിമിത്തം** മുൻകഴിഞ്ഞ പാപങ്ങൾ എന്നത് പഴയനിയമകാലത്തു ചെയ്ത പാപങ്ങളെ ഉദ്ദേശിച്ചാണ് ആ പാപങ്ങൾ ക്ഷമിയ്ക്കപ്പെട്ടു എന്ന് ഈ ഭാഗത്ത് പറയുന്നില്ല.[86] ശിക്ഷിക്കാതെ വിട്ടു എന്നു മാത്രം. KJVയിൽ പറയുന്നതുപോലെ പ്രവൃത്തി. 17:30നോട് തുലനം ചെയ്തു നോക്കുക. CJBയിൽ വിശദമാക്കി അവൻ അതിനെ കടന്നുപോയി. (ശിക്ഷയോ ക്ഷമയോ കൊടുക്കാതെ) ആളുകൾ മുൻകാലത്തു ചെയ്ത പാപങ്ങൾക്ക്.

എല്ലാവരും പാപം ചെയ്തു എന്ന് പൗലൊസ് സ്ഥാപിച്ചുകഴിഞ്ഞു. *എല്ലാവരും* ദൈവതേജസ്സിൽ എത്താതെപോയി 3:23 നിശ്ചയമായും അബ്രഹാമും ദാവീദും എല്ലാം ഉൾപെട്ട വാക്കുകൾ (നാലാം അദ്ധ്യായം കാണുക). കൂടാതെ പഴയനിയമത്തിലെ ശ്രദ്ധിക്കപ്പെടേണ്ട ഭാഗങ്ങളും. പഴയനിയമത്തിൽ ദൈവം കൂടെകൂടെ യിസ്രായേലിലെ ന്യായാധിപന്മാരോട് അവർ നീതിമാന്മാരെ നീതീകരിക്കുകയും നീതികെട്ടവർക്ക് ശിക്ഷ വിധിക്കുകയും വേണമെന്ന് പറഞ്ഞിരുന്നു (ആവർത്തനം 25:1 കാണുക). അതിനെതിരായി പ്രവർത്തിച്ചപ്പോൾ ദൈവം അവരെ ശിക്ഷിച്ചു (സദൃ. 17:15; യെശ. 5:23) സ്വന്തം നീതിയെകുറിച്ച് ദൈവം പറഞ്ഞു. "കുറ്റക്കാരനെ ഞാൻ *ശിക്ഷിക്കാതെ വിടുകയില്ല*" (പുറ. 23:7) അങ്ങനെ ആയിരിക്കെ അവൻ എങ്ങനെയാണ് അബ്രഹാം, ദാവീദ് മറ്റുള്ള എല്ലാവരുടെയും പാപങ്ങളെ കണ്ടില്ല എന്ന് ഭാവിക്കുന്നത്? അടുത്ത അദ്ധ്യായങ്ങളിലെ വാക്കുകളുപയോഗിച്ചു പറഞ്ഞാൽ നീതിമാനായ ദൈവത്തെ അഭക്തനെ നീതീകരിക്കുന്നവൻ എന്നു പറയുവാൻ കഴിയുന്നത് (4:5)?

അതിനുത്തരം എന്തെന്നാൽ പഴയനിയമകാലത്ത് ദൈവം തന്നിലാശ്രയിച്ചിരുന്നവർ ചെയ്ത പാപങ്ങളെ സാരമില്ല എന്ന് വിടുകയല്ലായിരുന്നു. പിന്നെയോ തന്റെ പുത്രൻ ഒരു നാളിൽ അവന്റെ രക്തം പാപങ്ങൾക്കു പ്രായശ്ചിത്തമായി കൊടുക്കും എന്ന് ദൈവം പ്രതീക്ഷിച്ചിരുന്നു. തന്റെ രക്തം യേശുവിന്റെ ജനനത്തിനു മുൻപും മരണത്തിനുശേഷവും ഉള്ള വിശ്വാസികളുടെ പാപങ്ങളുടെ പരിഹാരത്തിനായി കൊടുക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. പഴയനിയമം പാപക്ഷമയെക്കുറിച്ച് സംസാരിക്കുന്നുണ്ട് (പുറ. 34:7; ലേവ്യ 4:20, 26, 31, 35). എന്നാൽ അത് ഒരു വ്യവസ്ഥയ്ക്കുവിധേയമായ ക്ഷമയായിരുന്നു. യേശുക്രിസ്തുവിന്റെ ക്രൂശിൽ ആശ്രയിച്ചുകൊണ്ടുള്ള വ്യവസ്ഥ. എബ്രായ

ലേഖകൻ പറയുന്നത് (എബ്രായ. 9:15). ''അതു നിമിത്തം ആദ്യ നിയമത്തിലെ ലംഘനങ്ങളിൽ നിന്നുള്ള വീണ്ടെടുപ്പിനായി ഒരു മരണം ഉണ്ടായിട്ട് നിത്യാവ കാശത്തിന്റെ വാഗ്ദത്തം വിളിക്കപ്പെട്ടവർക്കു ലഭിക്കേണ്ടതിന് അവൻ പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥൻ ആകുന്നു.'' ഈ സത്യം ചിലപ്പോൾ ഇങ്ങനെ വിശ ദീകരിക്കപ്പെടാറുണ്ട്. യേശുക്രിസ്തു മരിച്ചപ്പോൾ അവന്റെ രക്തം *മുമ്പോട്ടു* മാത്രമല്ല ഒഴുകിയത് (ക്രൂശീകരണത്തിനു ശേഷം ജീവിയ്ക്കുന്നവർക്കായി) *പുറകോട്ടും* ഒഴുകി. (ക്രൂശീകരണത്തിനു മുൻപു ജീവിച്ചവർക്കായി).

പഴയനിയമകാലത്ത് ദൈവം പാപത്തോട് എങ്ങനെ വിവിധരീതികളിൽ ഇടപെട്ടു എന്ന് വിശദമാക്കുവാൻ ശ്രമിക്കാം. ഉദാഹരണമായി, ഞാനും എന്റെ കുടുംബവും കൂടി ഒരു ഭക്ഷണശാലയിൽ ഭക്ഷണം കഴിച്ചുകൊണ്ടിരിയ്ക്കു ന്നതിനോട് താരതമ്യപ്പെടുത്താം. ഞാൻ എന്റെ ബിൽ ഭക്ഷണം വിളമ്പിതന്ന ആളിനോട് ചോദിച്ചപ്പോൾ അയാൾ അടുത്ത മേശയ്ക്കരികിൽ ഇരുന്ന ഞങ്ങളുടെ സ്നേഹിതരെ ചൂണ്ടി അവർ അതു തന്നു തീർത്തു എന്നു പറയു ന്നു. എന്നാൽ വാസ്തവത്തിൽ പിന്നീട് (പിന്നീട് എന്റെ സ്നേഹിതന്റെയും എന്റെയും ബിൽ കൊടുത്തു തീർക്കും വരെ) ആ ബിൽ കൊടുത്തതായി കണക്കാക്കുവാൻ സാധിക്കയില്ല. എന്നാൽ ഭക്ഷണം വിളമ്പുന്നയാൾക്ക് അതു ലഭിയ്ക്കും എന്നുള്ള നിശ്ചയം ഉണ്ടായിരുന്നു. ''അതുകൊണ്ടാണ് അത് മുഴുവനും കിട്ടി'' എന്ന് അയാൾ പറഞ്ഞത്.

കുറേക്കൂടി കൃത്യമായുള്ള വിശദീകരണം ഉപയോഗിക്കുന്നത് ദൈവം സമയത്തെ പരിഗണിയ്ക്കുന്നില്ല എന്നതിനെ ശക്തിപ്പെടുത്തി പറയുന്നതാണ്. സംഭവങ്ങളുടെ കാലക്രമമനുസരിച്ചുള്ള നമ്മുടെ കണക്ക് നാം ചെയ്യുന്നതു പോലെ ദൈവം കണക്കാക്കുന്നില്ല (2 പത്രൊ. 3:8). ദൈവത്തിന്റെ വീക്ഷണ ത്തിൽ സൃഷ്ടികർമ്മം നടക്കുന്നതിനു മുൻപുതന്നെ തന്റെ പുത്രന്റെ ക്രൂശീ കരണം നടന്നു കഴിഞ്ഞ ഒരു സംഭവമായിരുന്നു (ഉല്പത്തി. 3:15, എഫെ. 3:11). റോമർ എട്ടാം അദ്ധ്യായം പഠിക്കുമ്പോൾ ഈ വിഷയം പൂർണ്ണമായി വിശ ദീകരിയ്ക്കാം. അവിടെ ദൈവത്തിന്റെ അറിവിനെക്കുറിച്ച് പ്രതിപാദിയ്ക്കാം. ഡി. സ്റ്റുവർട്ട് ബ്രിസ്കോ ദൈവത്തിന്റെ സമയനിർണ്ണയത്തെക്കുറിച്ചുള്ള കാഴ്ച്ചപ്പാടിനെക്കുറിച്ച് വിവരിച്ചിട്ടുണ്ട്:

> ... ദൈവത്തിന്റെ വീക്ഷണത്തിൽ നമ്മുടെ 'സമയ' ത്തിൽ സംഭവിക്കു ന്നതുപോലെയുള്ള ക്രമത്തിൽ സംഭവിക്കുന്നില്ല. പിന്നെയോ എപ്പോഴും 'ഇപ്പോൾ' എന്ന സ്ഥിതിയിലാണ് നടക്കുന്നത്. എന്തെന്നാൽ അതെല്ലാം 'നിത്യത' യിലാണ് നടക്കുന്നത്. ക്രിസ്തുവിന്റെ ക്രൂശീകരണം, സ്ഥല ത്തിലും കാലത്തിലും നടന്നതാണ് എങ്കിലും അതിലും പ്രധാനപ്പെട്ട ഒരു സംഭവമായി 'നിത്യത'യിലെ ഒരു സംഭവമാണ്. എന്നും സാംഗത്യം ഉള്ളതും ഫലപ്രദവുമാണ്.[87]

നിശ്ചയമായും യേശു ക്രൂശീകരണത്തിനു *മുൻപു* ജീവിച്ചവർക്കു വേണ്ടിയല്ല മരിച്ചത്. അവന്റെ *മരണത്തിനുശേഷം* ജീവിച്ചിട്ടുള്ളവർക്കു വേണ്ടി യാണ് അവൻ മരിച്ചത്. അങ്ങനെ പൗലൊസ് തുടരുന്നു. ''ഇക്കാലത്ത് തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ'' യേശുവിന്റെ രക്തം ഇന്നും പാപങ്ങളെ കഴുകി നമ്മെ ശുദ്ധീകരിയ്ക്കുന്നതുകൊണ്ട് നാം എത്ര നന്ദിയുള്ളവരായിരിക്കണം!

**വാക്യം 26യ**. ഈ ഭാഗത്തിന്റെ ചുരുക്കം **താൻ (ദൈവം) നീതിമാന**

**ും യേശുവിൽ വിശ്വസിക്കുന്നവനെ നീതികരിക്കുന്നവനും ആകേണ്ടതിന്** ഈ വാക്കുകളിൽ നാം സുവിശേഷത്തിലെ ഏറ്റവും വലിയ വിരോധാഭാസം കാണുന്നു[88] എന്ന് ജോൺ ബെൻജൽ പറഞ്ഞിട്ടുണ്ട്. എങ്ങനെയാണ് ദൈവം നീതിമാനും (പാപിയെ രക്ഷിക്കുന്നവനും) ആകുന്നത്. നാം കണ്ടതുപോലെ ക്രൂശ് ആണ് ഇതു സാദ്ധ്യമാക്കുന്നത്. എഡ്വേർഡിന്റെ കാഴ്ചയിൽ ക്രിസ്തുവിന്റെ ക്രൂശ് തൃപ്തികരമായി ദൈവത്തിന്റെ നീതിയെയും സ്നേഹത്തെയും വെളിപ്പെടുത്തിയിരിക്കുന്നു. ഒന്നിലും വിട്ടുവീഴ്ച ചെയ്തിട്ടില്ല.[89] മക്കാർ തർ ദൈവത്തിന്റെ നീതി മൂലം ഒരു പാപവും ഒരിക്കലും ശിക്ഷിയ്ക്കപ്പെടാതിരിക്കയില്ല. എന്നാൽ അവന്റെ കൃപയാൽ ഒരു പാപവും ക്ഷമയ്ക്കു അപ്പുറത്തല്ല എന്ന നിഗമനത്തിലെത്തി.[90]

എത്ര അത്ഭുതകരമായ ഒരു സത്യമാണ് പാപത്തിന്റെ ശിക്ഷ തന്റേമേൽ ഏറ്റെടുത്തുകൊണ്ട് യേശു മരിച്ചത്. അത് ഈ ചോദ്യം ബാക്കിയാക്കുന്നു. യേശു എല്ലാ ജനത്തിനുവേണ്ടിയുമാണ് മരിച്ചതെങ്കിൽ (അവൻ മരിച്ചു. റോമ. 6:10, 1 പത്രൊ. 3:18) എന്നാൽ എന്തുകൊണ്ടാണ് എല്ലാവരും രക്ഷിക്കപ്പെടാത്തത്? എന്തുകൊണ്ടെന്നാൽ രക്ഷ എന്ന ദാനം സ്വീകരിയ്ക്കപ്പെടുകയും നിരസിച്ചുകളകയും ചെയ്യാവുന്നതാണ്. ഈ വാക്യം **ദൈവം യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവനെ നീതീകരിയ്ക്കുന്നവനാണ്** എന്ന സത്യത്തിൽ സമാപിച്ചിരിക്കുന്നു.

വീണ്ടും ശക്തിപ്പെടുത്തി പറയേണ്ടുന്ന ഒരു വസ്തുത, വെറും മാനസികമായ ഒരു സമ്മതമല്ല രക്ഷണ്യ വിശ്വാസം. ചത്ത വിശ്വാസമല്ല (യാക്കൊ. 2:26). പിന്നെയോ ജീവിക്കുന്ന, പ്രവർത്തനോന്മുഖമായ, അനുസരണമുള്ള വിശ്വാസമാണ് (1:5; 15:26). വിശ്വാസം എന്നുള്ളതിന്റെ അർത്ഥം എന്താണെന്ന് മക്ക് ആർതർ പറഞ്ഞത് വളരെ ശരിയായിരിക്കുന്നു. അതിങ്ങനെ:

> ... യേശുക്രിസ്തുവിലുള്ള രക്ഷണ്യ വിശ്വാസം എന്ന് പുതിയനിയമം പഠിപ്പിക്കുന്നത്. യേശുക്രിസ്തുവിനെക്കുറിച്ചുള്ള ചില സത്യങ്ങൾ സമ്മതിയ്ക്കുന്നതല്ല. പിശാചുക്കൾ പോലും അവനെക്കുറിച്ചുള്ള സത്യങ്ങൾ അറിയുന്നു മർക്കൊ. 5:7; അ. പ്രവൃത്തി. 16:17....
>
> രക്ഷണ്യ വിശ്വാസം എന്നാൽ ഒരാൾ തന്നെത്തന്നെ പൂർണ്ണമായി താഴ്ചയോടെ യേശുക്രിസ്തുവിനു കീഴ്പെടുത്തുന്നതാകുന്നു.[91]

അതേസമയം ഈ വിശ്വാസം ആദ്യമായി സർവ്വപ്രധാനമായുള്ള *വിശ്വാസം* തന്നെയാണ്. മനുഷ്യനാൽ സാധിക്കാത്ത പല കാര്യങ്ങളുണ്ട്. എന്നാൽ അവന് വിശ്വസിക്കുവാൻ ഉള്ള കഴിവുണ്ട് - എല്ലാ മനുഷ്യർക്കും വിശ്വസിപ്പാൻ കഴിയും. അതിനർത്ഥം ദൈവത്തിന്റെ വീണ്ടെടുപ്പ് സർവ്വർക്കും സാധിക്കുന്നതാണ്!

## ന്യായപ്രമാണത്തിന്റെ പ്രവർത്തികൂടാതെയുള്ള ദൈവ നീതി (3:27-31)

**27ആകയാൽ പ്രശംസ എവിടെ? അത് പൊയ്പ്പോയി എതു മാർഗ്ഗത്താൽ? കർമ്മ മാർഗ്ഗത്താലോ? അല്ല വിശ്വാസമാർഗ്ഗത്താലത്രെ. 28അങ്ങനെ മനുഷ്യൻ ന്യായപ്രമാണത്തിന്റെ പ്രവർത്തി കൂടാതെ വിശ്വാസത്താൽ തന്നെ നീതീകരിയ്ക്കപ്പെടുന്നു എന്ന് നാം അനുമാനിയ്ക്കുന്നു. 29അല്ല; ദൈവം**

**യഹൂദന്മാരുടെ ദൈവം മാത്രമോ? ജാതികളുടെയും ദൈവമല്ലയോ? അതെ ജാതികളുടെയും ദൈവമാകുന്നു. [30]ദൈവം ഏകനല്ലോ അവൻ വിശ്വാസം മൂലം പരിച്ഛേദനക്കാരെയും വിശ്വാസത്താൽ അഗ്രചർമ്മികളെയും നീതീകരിയ്ക്കുന്നു.**

**[31]ആകയാൽ നാം വിശ്വാസത്താൽ ന്യായപ്രമാണത്തെ ദുർബ്ബലമാക്കുന്നുവോ? ഒരുനാളും ഇല്ല. നാം ന്യായപ്രമാണത്തെ ഉറപ്പിക്കയത്രെ ചെയ്യുന്നു.**

പൗലൊസ് തന്റെ ലേഖനങ്ങളിൽ ഒന്നു നിർത്തിയിട്ട്, തന്നെ ഒന്നു പ്രതിരോധിക്കുവാനോ അല്ലെങ്കിൽ താൻ അർത്ഥമാക്കിയത് എന്താണ്, അർത്ഥമാക്കാഞ്ഞത് എന്താണ് എന്ന് വിശദീകരിയ്ക്കുവാനായിരിക്കും അങ്ങനെ ചെയ്യുന്നത്. ഈ അദ്ധ്യായത്തിന്റെ ബാക്കിയുള്ള ഭാഗം അതുപോലെയുള്ള ഒരു വിശദീകരണ ഭാഗമാണ് 3:27-31. നീതീകരണം എന്ന വിഷയത്തിന് ചിന്തോദ്യോത്മകമായ ഒരു ആമുഖം നൽകി. നീതീകരണം വിശ്വാസംമൂലമാണെന്ന് തെളിയിച്ചു (3:22, 25, 26). വിശ്വാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഒരു വിസ്താരമായ ചർച്ചക്ക് ഒരുങ്ങുന്നു (അദ്ധ്യായം 4). അതു തുടങ്ങുന്നതിനു മുമ്പായി ഇതുവരെ പറഞ്ഞതിനെ കൂടുതൽ വ്യക്തമാക്കുന്നതിനായി മൂന്നു പ്രശ്നങ്ങൾ അവതരിപ്പിക്കുന്നു.

3:27-31 വരെയുള്ള വാക്കുകളിൽ പൊതുവായ പ്രായോഗികതയുണ്ട്. എന്നാൽ പ്രത്യേകമായി യഹൂദന്മാരെ ഉന്നംവച്ചുകൊണ്ടുള്ളതായിരുന്നു. നീതീകരണത്തെക്കുറിച്ചുള്ള പൗലൊസിന്റെ ഉപദേശത്തോട് കൂടുതൽ എതിർപ്പ് കാണിയ്ക്കുന്നത് യഹൂദന്മാരാണെന്ന് പൗലോസ് മനസ്സിലാക്കിയിരുന്നു. അതായത് വിശ്വാസത്താലുള്ള നീതീകരണത്തോട് തന്നെ ആരു തെറ്റിദ്ധരിച്ചുവോ, അതും തെറ്റായി പ്രതിനിധീകരിച്ചോ അതും യഹൂദന്മാരാണെന്ന് പൗലൊസിന് അറിയാമായിരുന്നു.

**വാക്യം 27**. മൂന്നാം അദ്ധ്യായം ഒരു ചോദ്യംകൊണ്ട് ആരംഭിച്ചു. ഉത്തരത്തിന്റെ ഒരു രൂപവും. 27-ാം വാക്യത്തിൽ ആ ഉത്തരരൂപത്തിലേക്കു തന്നെ പോകുന്നു. വ്യക്തമാക്കുവാനാഗ്രഹിച്ച ആദ്യത്തെ സത്യം - 'വിശ്വാസത്താലുള്ള നീതീകരണം' എന്ന വിഷയം വ്യക്തിപരമായ നേട്ടങ്ങളെക്കുറിച്ച് പറയുവാൻ ഒരു ഇടവും അനുവദിയ്ക്കുന്നില്ല എന്നതാണ്.

പൗലൊസ് ചോദിക്കുന്നു: **പ്രശംസ എവിടെ?** അത് പൊയ്പ്പോയി. പ്രശംസ എന്നത് καύχησις (*kauchēsis*) എന്ന ഗ്രീക്കുപദത്തിൽ നിന്നാണ്. ഡിക്ഷ്ണറിയിൽ പ്രശംസിയ്ക്കുക എന്നതിന്റെ അർത്ഥം, തന്നെത്താൻ വാക്കിൽ മഹത്വപ്പെടുത്തി സംസാരത്താൽ വലിയ നിഗളത്തോടെ സംസാരിക്കുക.[92] സ്വന്തം നേട്ടങ്ങളെക്കുറിച്ചു വാക്കുകളാൽ വിവരിക്കുക. താലന്തുകളെയും വസ്തുവകകളെയും എല്ലാം കൊണ്ട് നിഗളിക്കുക. യോഹന്നാൻ ലോകത്തിലുള്ളവയെക്കുറിച്ചെഴുതിയപ്പോൾ (1 യോഹ. 2:16) അഹങ്കരിയ്ക്കുന്ന പ്രശംസയെക്കുറിച്ചു പറഞ്ഞു. അത് മറ്റുള്ളവരുടെ മുമ്പിൽ പ്രാധാന്യമുള്ളവയാണെന്നു കാണിയ്ക്കുകയാണ്.

ഒരാൾക്ക് ഒരു കാര്യത്തിൽ പങ്കെടുക്കുമ്പോൾ തനിക്ക് അതിൽ ഒരു പ്രധാന പങ്കുണ്ടെന്ന് വരുമ്പോൾ പ്രശംസിയ്ക്കുന്നത് സ്വാഭാവികമാണ് റോമർ. 2:17ഉം 2:23ഉം പറയുന്നത് യഹൂദർ ദൈവത്തിലും ന്യായപ്രമാണത്തിലും പ്രശംസിച്ചു എന്നാണ്. ദൈവത്തിന്റെ ഏറ്റവും അടുത്ത സ്നേഹിക്കപ്പെട്ടവരാണെന്നും അവർ മാത്രം ആണതെന്നും മോശയുടെ ന്യായപ്രമാണം

അവർക്കു മാത്രമായികൊടുത്തതാണെന്നും അവർ പ്രശംസിച്ചിരുന്നു. യഹൂദ ന്മാർക്കു മാത്രമെ സ്വയപ്രശംസ ഉള്ളൂ എന്ന് അതിനർത്ഥമില്ല. അതേ ആശയം ഒന്നാം അദ്ധ്യായത്തിൽ കാണുന്നുണ്ട്. പൗലൊസ് ജാതികളെ ഗർവിഷ്ഠന്മാ രെന്നും ആത്മപ്രശംസക്കാരെന്നും വിളിക്കുമ്പോൾ (1:30) പഴയകാലത്തെ വായനക്കാരെ ഉദ്ദേശിച്ചുമാത്രം ആകുന്നില്ല. മറ്റുള്ളവരെക്കാൾ പലതിലും നാം ഉയർന്നവരാണന്നു ഭാവിക്കുന്ന സ്വഭാവം. ധാർമ്മിക നിലവാരം മറ്റുള്ളവരെ ക്കാൾ ഉയർന്നതാണെന്നുള്ള ഭാവം. നമ്മുടെ നല്ല വേലകളെ നിഗളംകൊണ്ട് നാം നശിപ്പിക്കുന്നു. ചിലപ്പോൾ ആത്മപ്രശംസകൊണ്ടും.

"പ്രശംസ" എന്നതിനെ പൗലൊസ് ഊന്നൽ കൊടുത്തിരിക്കുന്നത് **ചേർക്കപ്പെടാതെപോയി** എന്നാണ്. ചേർക്കപ്പെടാതെ പോയി എന്നത് പരിഭാ ഷപ്പെടുത്തിയത് (എക്ലിയിയോ) എന്ന കൂട്ടുപദങ്ങളിൽ നിന്നാണ്. "പുറ ത്താക്കി" എന്നർത്ഥം. ഒരാളെ കതകടച്ചു പുറത്താക്കുന്നതാണിത്. ഭൂതകാല ക്രിയയാണുപയോഗിച്ചിരിക്കുന്നത്. ആ വാക്കുകളുടെ അർത്ഥം "ഒരിക്കലും, എന്നേക്കുമായി പ്രശംസ അവസാനിപ്പിച്ചു".[93]

പ്രശംസയെ തള്ളിക്കളഞ്ഞത് എന്ത് അടിസ്ഥാനത്തിലാണ്? **ന്യായപ്ര മാണ മാർഗ്ഗത്താലാണോ?** നിശ്ചയമായും അല്ല. തങ്ങളുടെ പ്രവർത്തികൊ ണ്ടാണ് രക്ഷിക്കപെടുന്നത് എന്ന് കരുതുന്ന ഏത് ഉപദേശ സംഹിതയും പൊങ്ങച്ചം പറയുന്നതിനെ പ്രോത്സാഹിപ്പിക്കുന്നു. സ്വയം സംതൃപ്തി സ്വയ്ത്തെ അനുമോദിയ്ക്കാനും ഇടയാകുന്നു.[94] മക്ഗുയിഗാൻ എഴുതിയത് പ്രവർത്തിയുടെ നിയമം യോഗ്യതക്ക് സ്ഥാനം കൊടുക്കുന്നു. കരുണയ്ക്കല്ല, ഫലമില്ലായ്കയാണ് തൻമൂലം സംഭവിക്കുന്നത്.[95]

തൽഫലമായി സങ്കേതത്തിനു പകരം കോപമാണുണ്ടാവുക. പ്രശംസ വേണ്ട, കാരണം സ്വന്തം പ്രവർത്തികൊണ്ട് നേടിയതല്ല രക്ഷ. **വിശ്വാസത്താൽ** ലഭിച്ചതാണ്. നാം ചെയ്ത ഒരു കാര്യവും കൊണ്ടല്ല, ദൈവം നമുക്കുവേണ്ടി ചെയ്ത കാര്യം കൊണ്ടാണ് രക്ഷ ലഭിച്ചത്. ഫിലിപ്സിന്റെ തർജ്ജമയിൽ എല്ലാ വിഷയവും ഒരു വ്യത്യസ്ത നിലവാരത്തിൽ എത്തിയിരിക്കുന്നു – "നേടുന്നതിന് പകരം വിശ്വസിക്കാം."

പ്രവർത്തികൾ നിമിത്തമുള്ള രക്ഷ താഴെനിന്നും രക്ഷ അന്വേഷിക്കുകയാ ണ്. വിശ്വാസം നിമിത്തമുള്ള രക്ഷ ഉയരത്തിൽനിന്നും രക്ഷ അന്വേഷിക്കുക യാണ് ദൈവത്തിൽ നിന്നും.[96] പ്രവർത്തികൾ ചെയ്തു രക്ഷനേടാമെന്നുള്ളത് സ്വയകേന്ദ്രീകൃതമാണ്. വിശ്വാസത്താലുള്ള രക്ഷ ദൈവകേന്ദ്രീകൃതമായിട്ടു ള്ളതാണ്. വെള്ളത്തിൽ മുങ്ങിത്താണുകൊണ്ടിരിക്കുന്ന മനുഷ്യനെ രക്ഷി ച്ചാൽ അവന് വല്ലതും പ്രശംസിക്കുവാൻ ഉണ്ടോ?[97] അവ പ്രശംസയുടെ വാക്കുകളെയല്ല അവനെ രക്ഷിച്ചവനെ കുറിച്ചായിരിക്കും.

**വാക്യം 28.** പൗലൊസ് തന്റെ ചർച്ച തുടരുമ്പോൾ 21 മുതൽ 26 വരെ യുള്ള വാക്യങ്ങളിൽ പഠിപ്പിച്ചകാര്യം എടുത്തു പറയുന്നു: **അങ്ങനെ[98] ഒരു മനുഷ്യൻ നീതീകരിയ്ക്കപ്പെടുന്നത് അഥവാ ദൈവത്തോട് ശരിയായ നിലപാടിൽ ആകുന്നത് ന്യായപ്രമാണം[99] കൂടാതെ വിശ്വാസത്താൽ മാത്ര മാണെന്ന് മനസ്സിലാക്കുന്നു.**[100] A.B. യിൽ സ്വതന്ത്രമായി എന്നും വ്യക്തമായി വ്യത്യസ്തമായി എന്നും ആണ്.

28-ാം വാക്യത്തിൽ ഗ്രീക്ക് ബൈബിളിൽ ന്യായപ്രമാണത്തിന്റെ പ്രവർത്തി കൂടാതെ എന്ന് കാണുന്നു. ന്യായപ്രമാണം എന്നതിനെ വിശേഷിപ്പിക്കുന്ന പദങ്ങളൊന്നുമില്ല. പൗലൊസിന്റെ മനസ്സിൽ മോശെയുടെ ന്യായപ്രമാണം

എന്ന് കരുതിയിട്ടുണ്ടാവും. വീണ്ടും ഒരു പൊതു തത്വം പ്രയോഗിച്ചിട്ടുണ്ട്. ഏതു നിയമ സംഹിതയും പ്രമാണിക്കുന്നുതുകൊണ്ട് രക്ഷിയ്ക്കപ്പെടുവാൻ സാദ്ധ്യമല്ല. എന്തുകൊണ്ടെന്നാൽ പരിപൂർണ്ണമായി ഒരു ന്യായപ്രമാണവും പ്രമാണിപ്പാൻ നമ്മളാൽ കഴിയുകയില്ല.

27, 28 വാക്യങ്ങളിൽ പൗലൊസിന്റെ വിഷയം പ്രത്യക്ഷമാണ്. കൃപയാലുള്ള 'രക്ഷ' യിൽ പ്രശംസിക്കുവാൻ ഒരു അവസരവുമില്ല. അതായത് സ്വന്തം നേട്ടം എന്ന ഒരു കാര്യമേ ഇല്ല. എഫെസോസിലുള്ള ക്രിസ്ത്യാനികൾക്ക് പൗലൊസ് എഴുതിയിരുന്നു. ''കൃപയാലല്ലോ വിശ്വാസം മൂലം നിങ്ങൾ രക്ഷിക്കപ്പെട്ടിരിയ്ക്കുന്നു എന്ന്. അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രെ ആകുന്നു. ആരും പ്രശംസിയ്ക്കാതിരിപ്പാൻ പ്രവർത്തികളും കാരണമല്ല (എഫെ. 2:8, 9).'' കൊരിന്ത്യർക്ക് എഴുതിയപ്പോൾ ''പ്രശംസിക്കുന്നവൻ കർത്താവിൽ പ്രശംസിക്കട്ടെ'' (1 കൊരി. 1:31). ഗലാത്യർക്ക് ''എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിലല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്'' (ഗലാ. 6:14; ഫിലി. 3:3).

നേരത്തെ പ്രസ്താവിച്ചതുപോലെ പൗലൊസിന്റെ ഉദ്ദേശം 27, 28 വാക്യങ്ങളിൽ വ്യക്തമാണ്. അതിനെക്കുറിച്ച് പൊതുവായി എല്ലാവരും സമ്മതിച്ചിട്ടുമുണ്ട്. എന്നാലും പൗലൊസിന്റെ വാക്കുകളുടെ ഉപയോഗത്തെക്കുറിച്ച് യോജിയ്ക്കാത്തവരുണ്ട്. 27-ാം വാക്യത്തിലെ ഏത് ന്യായപ്രമാണത്തെക്കുറിച്ചാണ് പറയുന്നത്. പ്രവർത്തിയുടെ നിയമം ആണോ? അല്ല; വിശ്വാസത്തിന്റെ പ്രമാണം ആണ്. നമ്മുടെ പഠനത്തിൽ ന്യായപ്രമാണം എന്നത് നാം പലപ്പോഴും കാണുന്നുണ്ട്. ചോദ്യം ഇതാണ് പൗലൊസ് മോശയുടെ നിയമത്തെക്കുറിച്ചാണോ പൊതുവെ നിയമത്തെക്കുറിച്ചാണോ പറയുന്നത്. ചിലപ്പോൾ അത് ഒരു രണ്ടാംതരത്തിൽ ഉപയോഗിച്ചിട്ടുണ്ട്. 27-ാം വാക്യത്തിൽ അങ്ങനെയാണ് വെറും തത്വം എന്ന അർത്ഥത്തിൽ പ്രശംസ എവിടെ അതു പൊയ്പ്പോയി? ഏതു തത്വമനുസരിച്ച്? നീതീകരണത്തിന്റെ തത്വമനുസരിച്ച് പ്രവർത്തികൾമൂലമോ? അല്ല വിശ്വാസത്താലുള്ള നീതീകരണമനുസരിച്ച്.

റോമർ 3:27, 28 ലുള്ള സന്ദേശപ്രകാരം നിനക്കും എനിക്കും പ്രശംസിപ്പാൻ ഒന്നുമില്ല. ഒരു കാരണവുമില്ല. നാം നമ്മുടെ പ്രവർത്തികളാലല്ല രക്ഷിയ്ക്കപ്പെട്ടത്. അതുകൊണ്ട് എനിക്കു പുകഴ്ത്തുവാൻ ഒന്നുമില്ല. യേശുവിലുള്ള വിശ്വാസം കൊണ്ടാണ്. ഞാൻ രക്ഷിയ്ക്കപ്പെട്ടത്. ഒരു പഴയപാട്ടിൽ പറയുന്നതുപോലെ, ''എന്റെ പ്രത്യാശ യേശുവിന്റെ രക്തത്തിൻമേലും നീതിയിൻമേലും പണിതിരിക്കുന്നു.''[101] ആ കാഴ്ച്ച ഒരിക്കലും നഷ്ടപ്പെടരുത്.

**വാക്യങ്ങൾ 29, 30.** 1:18-3:20 പൗലൊസ്, യഹൂദന്മാരേയും വിജാതിയരേയും ഒരേ തലത്തിൽ പരിഗണിച്ചു. ഇരുകൂട്ടരും ഒരേപേലെ പാപം ചെയ്തുവെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണത്. ഇപ്പോൾ ഒരേ പടിയിൽ നിർത്തിക്കൊണ്ട് എല്ലാവർക്കും ഒരു പിതാവേയുള്ളു എന്നു പറയുന്നു. പൗലൊസിന്റെ ചോദ്യം, **ദൈവം യഹൂദന്മാരുടെ ദൈവം മാത്രമോ?** ചില യഹൂദന്മാർ അങ്ങനെ ചിന്തിച്ചിരുന്നു. പൗലൊസ് തുടരുന്നത്, **ദൈവം വിജാതിയരുടെയും ദൈവമല്ലയോ?** കുറെ യഹൂദന്മാർ മനസ്സില്ലാമനസ്സോടെയെങ്കിലും സമ്മതിക്കുക ''അതെ'' എന്നായിരിക്കും. കൂടുതൽ സമ്മർദ്ദം ചെലുത്തിയാൽ അവർ പറയുക ദൈവം സൃഷ്ടികർത്താവാണ് ഭരണകർത്താവും വിജാതിയരുടെ ന്യായാധിപനുമാണെന്ന് (സങ്കീ. 96:10; യിരെ. 10:7 കാണുക) എന്നാൽ ദൈവം വിജാതിയരുടെ രക്ഷിതാവാണെന്ന് അംഗീകരിക്കുവാൻ യഹൂദന്മാർക്ക് വളരെ

വൈമനസ്യമാണ്.

പൗലൊസിന്റെ ചോദ്യങ്ങൾക്ക് അദ്ദേഹം തന്നെ പ്രതികരിക്കുകയാണ്. **അതെ** (അവൻ അവരുടെയും ദൈവമാണ്) **വിജാതിയർക്കും തീർച്ചയായും ദൈവമായവൻ ഏകനായ ദൈവം മാത്രമാണ്.** പൗലൊസിന്റെ ഉപസംഹാരം യഹൂദന്മാരുടെ ഏക ദൈവവിശ്വാസത്തിന്റെ[102] കാതലായ സത്യത്തിന്റെ അടിസ്ഥാനത്തിലായിരുന്നു, ആ ഭാഗം എല്ലാ യഹൂദന്മാർക്കും വളരെ പരിചയമായതുമായിരുന്നു. എല്ലാ ദിവസവും ഭക്തരായ യഹൂദന്മാർ ഉരുവി ടാറുള്ള വിശ്വാസപ്രമാണമായ 'ഷെമ്മ'[103] ആരംഭിക്കുന്നത്, ''യിസ്രായേലേ, കേൾക്ക! നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവാകുന്നു!'' (ആവ. 6:4). ഒരു ദൈവമെ ഉള്ളുവെങ്കിൽ അവൻ വിജാതിയരുടെയും ദൈവമാകുന്നു. വിജാതിയർക്ക് മറ്റൊരു ദൈവമുണ്ടായിരുന്നുവെങ്കിൽ *രണ്ടു* ദൈവങ്ങളുണ്ടാ കുമായിരുന്നു. ആ ഒരു ഉപസംഹാരം ഒരു യഹൂദനും അംഗീകരിക്കുവാൻ സാധിക്കാത്തതാണ്.

ദൈവം വിജാതിയരുടെയും കുടെ ദൈവമാണെങ്കിൽ അവരേയും തന്റെ മനുഷ്യ രക്ഷണ്യ പദ്ധതിയിൽ ഉൾപ്പെടുത്തി വീണ്ടെടുക്കുക എന്നത് സ്വാഭാ വികമാണ്. തന്റെ ഉപക്രമവാക്യത്തിൽ പൗലൊസ് സുവിശേഷത്തെക്കു റിച്ച് വ്യക്തമാക്കുന്നത്; രക്ഷിക്കപ്പെടുന്ന ഏവർക്കും യഹൂദനും യവനനും (വിജാതിയനും) സുവിശേഷം ദൈവശക്തിയാകുന്നു എന്നാണ് (1:16). ഇവിടെ ഇപ്പോൾ അതിനെ വീണ്ടും ഊന്നൽ കൊടുത്താണ് സംസാരിക്കുന്നത്. തീർച്ച യായും-ദൈവം **പരിച്ഛേദനക്കാരേയും** (യഹൂദന്മാരെ)[104] **അഗ്രചർമ്മികളേയും** (വിജാതിയരെ) **അതെ വിശ്വാസത്തിൽ നീതീകരിക്കും.**[105]

ബ്രൂസിന്റെ അഭിപ്രായത്തിൽ, ''യഹൂദന്മാരും യവനന്മാരും തമ്മിലുള്ള വിള്ളൽ ഒരുതരത്തിലും ഒന്നിപ്പിക്കുവാൻ കഴിയാത്ത അകൽച്ച ഉണ്ടായി രുന്നതാണ് പൗരാണിക കാലം മുതൽക്കേ''[106] എന്നാൽ ആ ഒരു അകൽച്ച ക്രൂശ് എന്ന പാലത്തിലൂടെ പരിഹരിക്കുവാൻ ക്രിസ്തുയേശുവിനു സാധി ച്ചു. പൗലൊസ് ഈ കാര്യങ്ങൾ എഫെസോസിലുള്ള ക്രിസ്ത്യാനികളോടു പറഞ്ഞിട്ടുണ്ട്.

> അവൻ നമ്മുടെ സമാധാനം; അവൻ ഇരുപക്ഷത്തെയും ഒന്നാക്കി, ചട്ട ങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡ ത്താൽ നീക്കി വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞത്, സമാധാനം ഉണ്ടാക്കിക്കൊണ്ട് ഇരുപക്ഷത്തെയും തന്നിൽ ഒരേ പുതു മനുഷ്യനാക്കി സൃഷ്ടിപ്പാനും, ക്രൂശിന്മേൽവച്ചു ശത്രുത്വം ഇല്ലാതാക്കി അതിനാൽ ഇരു പക്ഷത്തെയും ഏകശരീരത്തിൽ ദൈവത്തോടു നിരപ്പിപ്പാനും തന്നെ (എഫെ. 2:14-16).

ബ്രൂസ് വീണ്ടും ഈ കാര്യങ്ങളെക്കുറച്ച് പറയുന്നത് പൗലൊസിന്റെ 3:29, 30 വാക്യങ്ങളിൽ ഈ വസ്തുതകളെപ്പറ്റിയുള്ള തർക്കങ്ങൾ അന്നത്തെപ്പോലെ സമകാലികവും വളരെ യോജ്യമായിട്ടുള്ളതാണ്. കിഴക്കും പടിഞ്ഞാറും, വെള്ളക്കാരും കറുത്തവർഗ്ഗക്കാരും തമ്മിലുള്ള അകൽച്ചകൾക്ക് മാറ്റം വന്നത് ക്രിസ്തുവിന്റെ ക്രൂശിലൂടെയാണ്. അവർക്കെല്ലാവർക്കും ദൈവത്തിന്റെ ദയ ആവശ്യമായിരുന്നു.[107] ക്രൈസ്തവീകത ഏറ്റവും അതുല്യമായി കാണപ്പെടു ന്നതും അതുകൊണ്ടാണ് സ്ത്രീയേയും പുരുഷനേയും, ആൺകുട്ടികളേയും

പെൺകുട്ടികളേയും, വിവിധ വർഗ്ഗക്കാരേയും, വ്യത്യസ്ത സാമൂഹ്യപശ്ചാത്തലമുള്ളവരേയും, സാമ്പത്തീകമായി വ്യത്യസ്തരായവരേയും, വിദ്യാഭ്യാസത്തിൽ വ്യത്യസതരായവരേയും വിവിധ ജാതിക്കാരേയും - ഒരുമിച്ചു കൂട്ടി കൃപയാൽ മനുഷ്യവർഗ്ഗത്തെ വിശ്വാസത്താൽ നീതീകരിക്കുന്ന സത്യദൈവത്തെ ആരാധിക്കുവാൻ സഹായിക്കുന്ന ഏക മാർഗ്ഗമാണിത്.

ച. ടോം റൈറ്റ് റോമർ 3:29, 30 ലെ സന്ദേശത്തെ കുറിച്ചു പറയുന്നത് "യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരെല്ലാം ഒരു കുടുംബമാണ്. അതുകൊണ്ടുതന്നെ ഒരു മേശയിലെ ഒരേ ഭക്ഷണത്തിനു അനുയോജ്യരാണ്."[108] ഹാൾഫോർഡ് ഇ. ലൂക്കൊസ് ഒരു കുടുംബമെന്ന ആശയത്തെ വളരെ ഊന്നൽ കൊടുത്ത് വിവരിച്ചിട്ടുള്ളത്:

> നമ്മുടെ പ്രവർത്തനത്താൽ ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ ആളുകളെ നമുക്കു പരിചരിക്കുവാൻ കഴിയാതെ പോകുന്നുവെങ്കിൽ നമ്മൾ വാസ്തവത്തിൽ വിശ്വസിക്കുന്നില്ല.... ദൈവം എല്ലാവരേയും യഹൂദന്മാരേയും വിജാതിയരേയും ഒരേ രീതിയിൽ അവരുടെ ഒരേ വിശ്വാസത്തിന്റെ അളവിൽ കാണുകയും പരിചരിക്കുകയും ചെയ്യുന്നു. ദൈവത്തിന് ആരോടും മുഖപക്ഷമില്ല. തൊലി വ്യത്യാസമില്ല, ചിലരെ തരം താഴ്ന്നവരായി കരുതുന്ന വേലിക്കെട്ടുകളെ ദൈവം തുച്ഛീകരിക്കുന്നു. നാം ചിലരെ അസ്‌വൃഷ്ടരായി കാണുന്നുവെങ്കിൽ നാം ഏക ദൈവ വിശ്വാസികളല്ല. മനുഷ്യവർഗ്ഗത്തിന്റെ ഏകീകരണത്തിനെതിരെ പ്രവർത്തിച്ചാൽ നാം ബഹു ദൈവാരാധകരാണ്.[109]

റോമർ 3:29, 30-ൽ പൗലൊസ് പറയാത്ത ഒരു കാര്യം കൂടെ ഇതിൽ നിന്നും ചുരുക്കിപ്പറയാം. യഹൂദൻ യഹൂദനല്ലാതാകുകയും, വിജാതിയൻ വിജാതിയനല്ലാ താകുകയും ചെയ്യേണ്ടതാവശ്യമില്ല. പകരം പൗലൊസ് ഊന്നൽ കൊടുക്കുന്നത്, രക്ഷയെകുറിച്ചുള്ള കാര്യത്തിൽ, ഇത്തരത്തിലുള്ള അകൽച്ചകൾ അപ്രധാനമാണ്. ഒരേ അടിസ്ഥാനത്തിലാണ് എല്ലാവരും രക്ഷിക്കപ്പെടുന്നത്.

ഞാനിത് പറയുന്നതിന്റെ കാരണം റോമർ 3:29, 30ഉം ഗലാത്യർ 3:26-28 വരേയും ക്രൂശ് മുഖാന്തരം എല്ലാ വ്യത്യാസങ്ങളും ഇല്ലാതായിത്തീർന്നു എന്ന് ചില ആളുകൾ പഠിപ്പിക്കുന്നു. പ്രത്യേകിച്ച് അവർ, പുതിയ നിയമത്തിൽ കുടുംബത്തിൽ ഭർത്താവിന് ഭാര്യയുടെമേൽ ഉള്ള അധികാരത്തെ (എഫെ. 5:23) തള്ളിക്കളായറുണ്ട്. അതിനു പറയുന്ന കാരണം, ഒരേ കർത്താവിനാൽ ഭാര്യയും ഭർത്താവും രക്ഷിക്കപ്പെട്ടു; ദൈവത്തിന്റെ മുമ്പിൽ അവർ തുല്യരാണ് എന്ന കാര്യമാണ്. ഇത് പുരുഷത്വം പുരുഷനല്ലാതാക്കുകയും സ്ത്രീത്വം സ്ത്രീത്വമില്ലാതാക്കുകയും ചെയ്യുന്നു എന്നതല്ലല്ലോ മറിച്ച് ദൈവം പുരുഷനെകൊണ്ടും സ്ത്രീയെകൊണ്ടും ആഗ്രഹിക്കുന്നതെന്തോ അങ്ങനെ ചെയ്യുകയെന്നതാണ്.

**വാക്യം 31.** പൗലൊസ് പറയുന്നത് "ഒരു മനുഷ്യൻ നീതീകരിക്കപ്പെടുന്നത്, ... ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാലല്ല" (3:28) അദ്ദേഹം ഊന്നൽ കൊടുക്കുന്നത് യഹൂദന്മാരെ അവരുടെ ന്യായപ്രമാണത്താൽ രക്ഷിക്കുന്നതുപോലെ തന്നെ വിജാതിയരെ ന്യായപ്രമാണമില്ലാതെയും രക്ഷിക്കുവാൻ കഴിയുമെന്നതാണ് (3:29, 30). ഈ ഒരു പ്രസ്താവന പറഞ്ഞതിനുശേഷം പൗലൊസിനു മനസ്സിലായി തന്റെ വിമർശകർ തന്നെ "ആന്റിനോമിനിസം"

(ന്യായപ്രമാണ എതിരാളി) എന്നു വിളിക്കുന്ന ഈ ഒരു പദം രണ്ടു ഗ്രീക്കു വാക്കുകൾ ചേർന്നുണ്ടായതാണ്. എതിരാളി (ആന്റി) എന്നും (നോമോസ്, νόμος)-നിയമം) എന്നുമുള്ള പദത്തിൽ നിന്നാണ്. നീതി വ്യവസ്ഥയിൽ വിശ്വസിക്കാത്തവർ എന്നാണ് ''ആന്റി നോമിനിസം'' എന്നതുകൊണ്ടർത്ഥമാക്കുന്നുത്; അവർ ''ധാർമ്മീക കെട്ടുകൾ'' വേണ്ടെന്നു വാദിക്കുന്നവരാണ്.[110] അതുകൊണ്ടാണ് പൗലൊസ് ഈ ഭാഗം ഒരു ചോദ്യത്തോടുകൂടെ അവസാനിപ്പിക്കുന്നത്. -താൻ ന്യായപ്രമാണത്തിന് ഒരു വില കല്പിക്കുന്നില്ലേ എന്ന ചോദ്യം **അതുകൊണ്ട് നമ്മൾ**[111] **വിശ്വാസത്താൽ ന്യായപ്രമാണത്തെ അസാധുകരിക്കുകയാണോ?**

''അസാധു'' എന്നത്, ഒരു ക്രിയാധാതുവിൽ നിന്നുള്ളതാണ്. καταργέω, *katargeō* അതിന്റെ അർത്ഥം ''പ്രവർത്തനരഹിതമാക്കി ചുരുക്കുക'' രണ്ടു പദങ്ങൾ ചേർന്നുള്ള വാക്കാണിത്. κατά / അഥവ ''താഴേക്ക്'' എന്നും ''പ്രവർത്തനമില്ലായ്മ''[112] കെ.ജെ.വി. പരിഭാഷയിൽ ശൂന്യമാക്കിമാറ്റുക എന്നർത്ഥത്തിൽ കാണാം. ബോറുർ ലിക്സിക്കോണിൽ വിവരിക്കുന്നത് ''പൊളിച്ചുകളയുക''നീക്കം ചെയ്യുക എന്നർത്ഥമാണ്.[113] ഈ ഒരു വാക്യത്തിൽ ഒരു പ്രത്യേക ആർട്ടിക്കിൾ (നോമോസ്) ന് മുന്നിലില്ല; എന്നാൽ പൗലൊസ് യഹൂദന്മാരുടെ ഇതിനോടുള്ള എതിർപ്പിനെ കാണിക്കാനാണ് ഈ വാക്കുപയോഗിച്ചിരിക്കുന്നത്. ആ വാക്ക്യത്തിന്റെ അടിസ്ഥാനത്തിൽ നിന്നും എങ്ങനെയാണ് ആ ചോദ്യം കാണുവാൻ സാധിക്കുക എന്നു പരിശോധിക്കാം. ''വിശ്വാസത്താലുള്ള നീതീകരണം മോശയുടെ ന്യായപ്രമാണത്തെ ഇല്ലാതാക്കുമോ?''

ഒരിക്കൽക്കൂടി പൗലൊസ് ആഘാതമുണ്ടാക്കുന്ന വാക്കിൽ അവരോടു സംസാരിക്കുന്നു: **അതൊരിക്കലുമില്ല!** അതിനു വിപരീതമായി അദ്ദേഹം പറയുന്നത് **നാം ന്യായപ്രമാണത്തെ ഉറപ്പിക്കുന്നു**. സംസ്ഥാപിക്കുക എന്നത് ഹിസ്റ്റിമി ἵστημι (*histēmi*) എന്ന പദമാണ് അതിന്റെ അർത്ഥം ''നിലനിർത്തുവാനുള്ള കാരണം''[114] എന്നാണ്. നോമോസിന്റെ മുമ്പിൽ പ്രത്യേക ആർട്ടിക്കിൾ ഇല്ലെങ്കിലും അതുപയോഗിച്ചിരിക്കുന്നത് മോശെയുടെ ന്യായപ്രമാണത്തിനെ ഉറപ്പിക്കുവാനാണ്. പൗലൊസ് തന്റെ ചിന്തകളെ ഇതിൽ വിപുലമാക്കുന്നില്ലെങ്കിലും തുടർന്നുവരുന്ന അദ്ധ്യായങ്ങളിൽ ന്യായപ്രമാണം എന്തു ചെയ്യുന്നു, ചെയ്യുന്നില്ല എന്നിത്യാദി കാര്യങ്ങളെ വ്യക്തമാക്കുന്നു. ക്രിസ്തുയേശു വന്നു ക്രൂശിൽ മരിച്ചപ്പോൾ ന്യായപ്രമാണത്തെ സംസ്ഥാപിച്ചുവെന്നതിന്റെ അർത്ഥമാക്കുന്നത്. ക്രൂശിലെ യാഗമരണത്താൽ യേശുക്രിസ്തു ''ന്യായപ്രമാണത്തെ പൂർണ്ണമാക്കി അഥവാ പൂർത്തീകരിച്ചു'' ഗലാത്യ ലേഖനത്തിൽ പൗലൊസ് പറഞ്ഞിരിക്കുന്നത് ന്യായപ്രമാണം ക്രിസ്തുയേശുവിലേക്ക് നമ്മെ നടത്തുന്നതിൽ ശിശുപാലകനായി തീർന്നുവെന്നും അതിനാൽ നമ്മൾ വിശ്വാസത്താൽ നീതീകരിക്കപ്പെടുമെന്നാണ്. (ഗലാ. 3:24) അതുകൊണ്ടാണ് ആ ഉദ്ദേശം സഫലീകൃതമാക്കപ്പെട്ടത്.

അടുത്തത് ഈ ഭാഗത്ത് അക്ഷരീകമായി എങ്ങനെ വായിക്കാമെന്ന് കാണാം: ''വിശ്വാസത്താൽ നമ്മൾ ന്യായപ്രമാണത്തെ അസാധുവാക്കുകയാണോ? അല്ല! മറിച്ച് ന്യാപ്രമാണത്തെ നാം സാധൂകരിക്കുകയാണ്'' ഇവിടെ വ്യക്തമായ ഒരു അടിവരയിട്ട സന്ദേശം കാണാം. നാം വിശ്വാസത്താൽ രക്ഷിക്കപ്പെട്ടവരാണ് അല്ലാതെ പ്രവർത്തികളാൽ അല്ലാത്തതിനാൽ ദൈവത്തിന്റെ ന്യായപ്രമാണത്തെ അനുസരിക്കേണ്ട എന്നതാണോ?[115] അതിന്റെ അർത്ഥം നമുക്കിഷ്ടംപോലെ ദൈവീക ന്യായപ്രമാണത്തിനനുസൃതമല്ലാതെ ജീവി

ക്കാമെന്നാണോ? പൗലൊസിന്റെ ഉത്തരം, തീർച്ചയായും പാടില്ല (NKJV). മറിച്ച് താൻ പറഞ്ഞത് ന്യായപ്രമാണം സംസ്ഥാപിതമായി എന്നാണ്. വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് നീതീകരണം നടക്കുന്നതെന്ന് പൗലൊസ് വളരെ ശക്തമായി പറയുമ്പോൾ ആ വിശ്വാസത്താലുള്ള നീതീകരണം ന്യായപ്രമാണത്താലാണ് സംഭവിക്കുന്നതെങ്ങനെയാണ് മനസ്സിലാക്കുക? അതിന്റെ ഒന്നാമത്തെ കാര്യം രക്ഷിക്കുന്ന വിശ്വാസം അനുസരണമുള്ള വിശ്വാസമാണ്. വിശ്വാസി ദൈവത്തിന്റെ ന്യായപ്രമാണത്തെ അനുസരിക്കുന്നതിൽ വ്യാപൃതനാകും. അവിശ്വാസി അങ്ങനെയായിരിക്കുകയില്ല. രണ്ടാമത്തെ കാര്യം.

വിശ്വാസിക്ക് മനസ്സിലാകുന്നത് ദൈവം അവനുവേണ്ടി എന്തു ചെയ്തു എന്നതിന്റെ അടിസ്ഥാനത്തിൽ ദൈവത്തെ അനുസരിക്കുവാനുള്ള താല്പര്യമാണ്. ''നാം അവനെ സ്നേഹിക്കുന്നു. കാരണം അവൻ നമ്മെ ആദ്യം സ്നേഹിച്ചു.'' (1 യോഹ. 4:19) ''നാം ഇതിനെ ഊട്ടി ഉറപ്പിക്കും. ദൈവത്തിന്റെ ന്യായപ്രമാണത്തെ മനസ്സിലാക്കുവാനും ദൈവത്തിന്റെ നിയമത്തെ പൂർണ്ണമായി അനുസരിക്കുവാനും അതു കാരണമാകും'' (1 യോഹ. 5:3). ഇതുപോലെ നമുക്ക് ഇതിനെ കാണാം, നാം ന്യായപ്രമാണത്തെ സ്ഥാപിച്ചു. ന്യായപ്രമാ ണത്തിന്റെ സാധ്യതകളെ നാം സ്ഥാപിച്ചു ദൈവത്തിന്റെ നിയമത്തെ നാം അനുസരിക്കുമെന്ന് നമുക്ക് ഇപ്പോഴും പ്രതീക്ഷകളുണ്ട്.

മക്ക്ഗൈഗൻ, വിശ്വാസത്താൽ രക്ഷ പ്രാപിക്കാമെന്ന് കരുതുന്നവർ ന്യായപ്രമാണം പാലിക്കണമെന്ന് പറയുന്നവരെക്കാൾ അധികമായി പ്രമാണത്തെ ആദരിക്കുന്നവരാണെന്ന് ചൂണ്ടികാണിക്കുന്നു. വിശ്വാസിയെന്നും ന്യായപ്രമാണ തൽപരർ എന്നും അദ്ദേഹം മുദ്രകുത്തിയിരിക്കുന്നവരെ തമ്മിൽ വൈരുദ്ധ്യമായി അദ്ദേഹം തരം തിരിച്ചിരിക്കുന്നത് വിശ്വാസത്താൽ നീതീകരിക്കപ്പെടുന്നവരേയും പ്രവർത്തികളാൽ നീതീകരണം സ്വീകരിക്കുന്നവരെയും തമ്മിലാണ്:

> ഒരു വശത്ത് ന്യായപ്രമാണ തല്പരൻ ന്യായപ്രമാണത്തെ തന്റെ ജീവിതത്തിൽ അനുസരിക്കുമെന്ന് അവകാശപ്പെടുകയും അതിൽ സംതൃപ്തനാകുകയും ചെയ്യുന്നു. എന്നാൽ ഒരു മനുഷ്യന്റെ അനുസരണം അപൂർണ്ണമായി തീരുന്നതിനാൽ അത് ന്യായപ്രമാണത്തെ തന്നെ കുറച്ചു കാണിക്കുകയും വിശുദ്ധിയെ നിരാകരിക്കുകയും ചെയ്യുന്നു. ന്യായപ്രമാണം ആവശ്യപ്പെടുന്ന തരത്തിൽ അതിനെ സംതൃപിതപ്പെടുത്തുവാൻ കഴിയാതെ പോകുന്നു. മറ്റൊരു വശത്ത് വിശ്വാസി ഏറ്റു പറയുന്നത് അവന് ചെയ്യുവാൻ സാധിക്കുന്നതിനെക്കാളും ന്യായപ്രമാണം ആവശ്യപ്പെടുന്നതുകൊണ്ടാണ് ഇത്തരത്തിൽ അത് പരിണമിക്കുന്നതെന്നാണ്. അവൻ സത്യത്തിൽ ന്യായപ്രമാണത്തോട് പറയുന്നത് ''എനിക്കു ചെയ്യുവാൻ സാധിക്കാത്ത കാര്യങ്ങൾ ന്യായപ്രമാണം എന്നിൽ നിന്നാവശ്യപ്പെടുന്നതിനാൽ എന്നോടു ക്ഷമിക്കണം എനിക്കിത്രമാത്രമേ സാധിക്കുകയുള്ളൂ എന്നതാണ്. അതുകൊണ്ട് എനിക്കു പകരക്കാരനായി ഇതെല്ലാം ചെയ്തു തീർക്കുവാൻ സാധിക്കുന്ന യേശുക്രിസ്തുവിനെ ഞാൻ സ്വീകരിക്കുന്നു. എനിക്കു പകരക്കാരനാക്കുന്നു. ഇതു പറയുന്നത് വിശ്വാസിയാണ്, പ്രമാണ തല്പരനല്ല; അവൻ അവന്റെ പ്രവൃത്തികളാൽ ന്യായപ്രമാണത്തിന്റെ കൊടുമുടിയിൽ കയറിയിരിക്കുന്നതിനാൽ വിശ്വാസിയെപ്പോലെ പറയുവാൻ സാധിക്കില്ല.[116]

3:31-ൽ നിന്നും വ്യത്യസ്തമായ ഒരു വാദമാണ്; പല പരിഭാഷകളിലും ഇന്നും മോശയുടെ ന്യായപ്രമാണം അനുസരിക്കണമെന്ന രീതിയിലാണ് കാണുന്നത്; എല്ലാവർക്കും അത് ബാധകമാണെന്നും അല്ലെങ്കിൽ യഹൂദന്മാർക്കെങ്കിലും അതാവശ്യമാണെന്ന് പറയുന്നു. പഴയനിയമ ന്യായപ്രമാണവും പുതിയനിയമ ന്യായപ്രമാണവും തമ്മിലുള്ള ഒരു മൽപ്പിടിത്തമല്ല പല എഴുത്തുകാരും നടത്തിക്കാണുന്നത്. എന്റെ അന്വേഷണത്തിൽ "ദൈവം പഴയനിയമത്തിലെ ആചാരാനുഷ്ഠാനങ്ങളെ ഒഴിവാക്കി എങ്കിലും ധാർമ്മിക നിയമങ്ങൾക്ക് മാറ്റമില്ല എന്നതു തന്നെയാണ്". അത് ശരിയാണെങ്കിൽ ഏതാണ് അനുഷ്ഠാന നിയമങ്ങളെന്നും ധാർമ്മീക നിയമങ്ങളെന്നതുമാണ് ചിന്തിക്കേണ്ടത്?

റോമർക്കെഴുതുന്നതിൽ പൗലൊസ് പറഞ്ഞിരിക്കുന്നത് നേരിട്ടല്ലാതെ തന്നെ നിർമ്മാർജ്ജനം ചെയ്യപ്പെട്ട ന്യായപ്രമാണത്തെക്കുറിച്ചാണ്.[117] അദ്ദേഹം ഉദ്ദേശിച്ചത് നാം പഴയനിയമ ന്യായപ്രമാണം പാലിച്ചുകൊണ്ടോ പുതിയനിയമ കല്പനകൾ പാലിച്ചതിനാലോ, വേറെ ഏതെങ്കിലും നിയമങ്ങൾ അനുഷ്ഠിക്കുന്നതിനാലോ അല്ല രക്ഷിക്കപ്പെടുന്നതെന്നാണ്. മറ്റൊരു വാക്കിൽ യാതൊരു നിയമത്തിനാലുമല്ല തന്റെ രക്ഷയെന്നതാണ്. മറ്റൊരു സന്ദർഭത്തിൽ പൗലൊസ് ഈ കാര്യത്തെ കൂടുതലായി വിവരിച്ചെഴുതുന്നുണ്ട്. എഫെ. 2:14, 15. വേർപാടിന്റെ നടുച്ചുവർ ക്രിസ്തു തന്റെ ക്രൂശിനാൽ ഇടിച്ചുമാറ്റി യഹൂദനെയും വിജാതിയനെയും തമ്മിൽ ഒരുമിപ്പിച്ചുവെന്നാണ്. ഗലാത്യർ 3:24ൽ പറയുന്നത്, നിയമം തനിക്ക് ഒരു ശിശുപാലകനായിരുന്നു. അതു തന്നെ ക്രിസ്തുവിന്റെ അടുക്കലേക്കെത്തിച്ചു. അങ്ങനെ താൻ ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നീതീകരിക്കപ്പെട്ടു. എന്നാൽ 25-ാം വാക്യത്തിൽ ഇപ്പോൾ ആ പ്രമാണം തനിക്കൊരു ഭാരമല്ല, കാരണം വിശ്വാസം വന്നപ്പോൾ നിയമം നീങ്ങിപ്പോയി. പഴയനിയമത്തിന്റെ അടിസ്ഥാനത്തിൽ പരിച്ഛേദനയും കർമ്മാചാരങ്ങളും ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നീക്കിക്കളഞ്ഞു. വ്യാജ ഉപദേഷ്ടാക്കൾ പഴയനിയമത്തിലെ നിയമങ്ങൾ തങ്ങളെ പഠിപ്പിക്കുവാൻ ശ്രമിക്കുമ്പോൾ അതിനെ വളരെ ശക്തിയുക്തം പൗലൊസ് എതിർക്കുകയാണ് (അപ്പൊ. പ്രവൃത്തി 15:1, 2; ഗലാത്യ. 5:2 എന്നിവ കാണുക).

ഈ വസ്തുതകൾ നമ്മുടെ ചർച്ചകൾക്ക് പിന്നീട് വഴിതെളിക്കും ഇപ്പോൾ ഇത്രമാത്രമേ നമ്മൾ പറയുന്നുള്ളൂ. 3:31-ൽ മോശെയുടെ ന്യായപ്രമാണം ഇപ്പോഴും നമ്മെ ബന്ധിച്ചിരിക്കുന്നുവെന്ന് പൗലൊസ് പറയുന്നില്ല.

റോമാലേഖനം പൗലൊസ് എഴുതിയപ്പോൾ തന്റെ വായനക്കാർ മൂന്നു കാര്യങ്ങൾ അറിയുവാൻ ആഗ്രഹിച്ചു. അത് വിശ്വാസത്തെക്കുറിച്ചുള്ള ഉപദേശവും തത്വങ്ങളുമായവയാണ്:

ഇത് പാപികളെ താഴ്ത്തുകയും - അഹങ്കാരം ഉപേക്ഷിപ്പിക്കുകയും ചെയ്യുന്നു.

ഇത് വിശ്വാസികളെ ഒരുമിപ്പിക്കുന്നു - അകൽച്ചയെ അകറ്റുന്നു.

ഇത് നിയമത്തെ സംസ്ഥാപിപ്പിക്കുകയും - അനുസരണത്തെ ഉൽസാഹിപ്പിക്കുകയും ചെയ്യുന്നു[118]

വിശ്വാസത്താലുള്ള നീതീകരണത്തെ സംബന്ധിച്ചു പൗലൊസിന്റെ പഠിപ്പിക്കലിൽ വ്യക്തിപരമായ ഒരു സ്വാധീനത ആവശ്യമാണെന്നതാണ് ഈ

കാര്യങ്ങളിലൂടെ വായനക്കാരായ ഓരോ വ്യക്തികൾക്കും അതു വ്യക്തമായി കാണും. ദൈവത്തിന്റെ പ്രവൃത്തിയെ നഷ്ടപ്പെടുത്താതിരിക്കുവാൻ ഓരോ വ്യക്തികളും വ്യക്തിപരമായി അതു സ്വീകരിക്കേണ്ടതാണ്. ദൈവം തന്റെ പുത്രനെ നമ്മുടെ രക്ഷക്കായി തന്നുവെന്നതുമാത്രമല്ല, മുഴുലോകത്തോടും അറിയിക്കുകയും ചെയ്തുവെന്നതാണ് പ്രത്യേകത. ആ രക്ഷണ്യപ്രവർത്തിയെ എങ്ങനെ ഓരോരുത്തർക്കും സ്വായത്തമാക്കാമെന്നതും അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള കാര്യങ്ങൾ നമ്മളിൽ അന്തർലീനമാണ്. മർക്കൊസ് 16:16ലും അ.പ്രവൃത്തി 2:38ലും പറഞ്ഞിരിക്കുന്ന പ്രകാരം നാം അത് സ്വീകരിച്ച്, യേശുക്രിസ്തുവിൽ നമ്മുടെ ആശ്രയം വെച്ച് അനുസരിച്ചിട്ടില്ലെങ്കിൽ ഇപ്പോൾ തന്നെ അത് സ്വീകരിച്ച് വിശ്വസിച്ച് ആശ്രയിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്.

## കൂടുതൽ പഠനത്തിന്:
## ന്യായപ്രമാണമെന്ന വാക്കിന്റെ പഠനം (*NOMOS*)

''ന്യായപ്രമാണം'' νόμος (*nomos*) എന്നത് റോമാലേഖനത്തിലെ ഒരു പ്രധാന വാക്കാണ്. ഇത് എഴുപതിൽ കൂടുതൽ പ്രാവശ്യം നമുക്ക് കാണാം. അതിന്റെ ആരംഭത്തിൽ ''നോമോസ്'' എന്ന വാക്കിന്റെ അർത്ഥം ''ശരിയായിരുന്ന (കാര്യം) ത് എന്നോ'' ''ഏതെങ്കിലും മാനദണ്ഡം,'' ''തത്വങ്ങൾ'' ''നിയമങ്ങൾ'' ''ആചാരങ്ങൾ'' എന്നൊക്കെയായിരുന്നു.[119] ക്രമേണ അത് എഴുതപ്പെട്ട നിയമാവലിക്ക് (ന്യായപ്രമാണത്തിന്റെ) പേരായി മാറികൊണ്ട് ഏതെങ്കിലും നീങ്ങികൂടാത്ത അധികാരത്തിന്റെ വാക്കുകളായി തീർന്നു.[120] എന്നിരുന്നാലും ഇത് വളരെ വിശാലമായ തലത്തിൽ അർത്ഥമുണ്ട്. ഇന്ന് ഇംഗ്ലീഷിൽ ''ലോ'' (നിയമം) എന്നർത്ഥത്തിലും അതുപയോഗിക്കുന്നു. എന്റെ ഇംഗ്ലീഷ് നിഘണ്ടുവിൽ പതിനാല് തരത്തിലുള്ള വിവരണങ്ങൾ ഈ പദത്തിന് കാണാം. വിവിധ സ്ഥാനങ്ങളിൽ ഉപയോഗിക്കുമ്പോൾ അവക്ക് വ്യത്യസ്തമായ സങ്കൽപ്പ അർത്ഥങ്ങൾ കാണാം.[121] ''മൂ'' പറയുന്നത്, സർക്കാർ തലങ്ങളിൽ നിന്നുണ്ടാകുന്ന ഉത്തരവുകൾ നിയമപരമായി നമ്മിൽ അടിച്ചേൽപ്പിക്കപ്പെടുന്നതിന്റ വിവരണങ്ങളാണതെന്നാണ് (ഉദാ. ഫെഡറൽ നിയമങ്ങൾ). സാധാരണഗതിയിൽ പാലിക്കപ്പെടുവാനുള്ള നിയമാവലികൾ, ബാഹ്യമായ തലത്തിൽ രൂപപ്പെടുത്തിയെടുക്കുന്നവയാണ്. (ലോകത്തിൽ ഭൗതീകതയുമായി) ബന്ധപ്പെടുത്തിയിരിക്കുന്ന നിയമങ്ങൾ (ഊർജ്ജതന്ത്രത്തിന്റെ നിയമം).[122]

പൗലൊസ് അതുപോലെ വിവിധ പദങ്ങളിൽ ഈ നിയമത്തെ ഉപയോഗിച്ചിട്ടുണ്ട്. പതിനാലു തരത്തിൽ എന്റെ ഇംഗ്ലീഷ് നിഘണ്ടുവിലുള്ള രീതിയിൽ പൗലൊസ് ആ പദത്തെ ഉപയോഗിച്ചിട്ടില്ല. എന്നാൽ നാനോന്മുഖമായ അർത്ഥതലങ്ങൾ ആ വാക്കിനുണ്ട്. ഉദാഹരണത്തിന് റോമർ 7:23-ൽ പൗലൊസ് എഴുതി. എന്റെ അവയവങ്ങളിൽ പോരാടുന്ന മറ്റൊരു നിയമം ഞാൻ കാണുന്നു. എന്നിൽ ഞാനറിയാതെ എന്നെ പാപത്തിന്റെ ചാപല്യത്തിലേക്കു നയിക്കുന്ന ഒരു *നിയമമാണത്*; അതെന്റെ ശരീരത്തിലെ അവയവങ്ങളിലുള്ള പാപപ്രമാണമാണ്.

ഖ. ഉ. തോമസ് ഇതിനെകുറിച്ച് പറയുന്നത് ''എന്റെ മനസ്സിൽ എനിക്കു കേൾക്കാവുന്നതാണ്, റോമറിൽ പറഞ്ഞിരിക്കുന്ന പ്രമാണത്തിന്റെ നിഴലുകൾ, അതെന്നെ ഒരു ചോക്കുകൊണ്ടെഴുതുന്ന ബോർഡുപോലെ പലതും എഴുതി കാണിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ പുസ്തകത്തിൽ ഏഴു തരത്തിൽ അതുണ്ട്.

ഒരു പക്ഷേ, എട്ടോ, പത്തോ അതിൽ കൂടുതലോ വ്യത്യസ്ത അർത്ഥങ്ങളും ആ വാക്കിനുണ്ട്"[123] എന്റെ സ്വന്തം പട്ടികയിൽ ഏഴ് വ്യത്യസ്തതകൾ കാണുന്നുണ്ട്. അതൊരു പക്ഷേ ബ്രദർ തോമസ് പറഞ്ഞിരിക്കുന്നതിലും വ്യത്യസ്ത രീതിയിലാണ്. താഴെ പറയുന്ന വിവരണങ്ങൾ ചില സാദ്ധ്യതകൾ തരുന്നവയാണെങ്കിലും നമുക്കു നല്കുന്ന പഠന വിവരങ്ങളിലെ ചില നിഴലുകളായികൂടെ അതിന്റെ അർത്ഥങ്ങൾ ഗ്രഹിക്കേണ്ടതാണ്. പൗലൊസ് നിയമത്തെ νόμος (*nomos*) ഉപയോഗിച്ചിരിക്കുന്ന രീതികൾ കാണാം:

1. നോമോസ് (നിയമം)വളരെ കർശനമായ രീതിയിൽ ഉപയോഗിച്ചിട്ടുണ്ട്. തോറയെ (പഴയ നിയമന്യായപ്രമാണത്തെ) കുറിക്കുവാൻ[124] റോമർ 3:21-ൽ നോമോസിന് (നിയമം) പൗലൊസ് പഴയനിയമത്തിലെ ന്യായപ്രമാണത്തെയും പ്രവാചകന്മാരേയും തമ്മിൽ വേർതിരിച്ചപ്പോൾ ആ ഒരർത്ഥം കാണുവാൻ കഴിയും. റോമർ 7-ൽ പൗലൊസ് പറയുന്നു, "ന്യായപ്രമാണം എന്നോടു പറഞ്ഞിരുന്നില്ലെങ്കിൽ ഞാൻ മോഹത്തെ അറിയുകയില്ലായിരുന്നു. 7:7 തോറയിൽ നിന്നുള്ള ഉദ്ധരണിയാണ് (പുറ. 20:17) ഇവിടെ പറഞ്ഞിരിക്കുന്നത്. ചിലർ ചിന്തിക്കുന്നത് നോമോസ് (നിയമം) എന്നത് റോമറിൽ എപ്പോഴും തോറയാണെന്നാണ് അങ്ങനെയുള്ള കാഴ്ച്ചപ്പാട് ഒരു പക്ഷേ വളരെ സങ്കുചിത ചിന്താഗതിയാണങ്കിൽ പോലും അതിന്റെ അടിസ്ഥാന തത്വാർത്ഥം ഈ വിധത്തിൽ തന്നെയാണ് ഈ ലേഖനത്തിൽ.

2. ഇത് പഴയനിയമത്തെ പൊതുവായി കാണുന്നതായും അർത്ഥമാക്കാം. റോമർ 3:10-18 വരെ പൗലൊസ് സങ്കീർത്തനങ്ങളും യെശയ്യാപ്രവാചകന്റെ പുസ്തകത്തിൽ നിന്നും ഉദ്ധരണികൾ ഉദ്ധരിച്ചുകൊണ്ട് പറഞ്ഞത്. "ന്യായപ്രമാണം അനുസരിക്കുന്നവരൊക്കേയും ന്യായപ്രമാണത്തിൻ കീഴുള്ളവരാകുന്നു എന്നാണ് (3:19). ഈ ഭാഗത്ത് പൗലൊസ് സൂചിപ്പിക്കുന്നത് പഴയനിയമ പുസ്തകത്തിലെ തോറ മാത്രമല്ല മുഴുവൻ ഭാഗത്തെയും ഉദ്ദേശിച്ചിരിക്കുന്നു.

3. ഇതിന് വിശാലമായ മറ്റൊരു അർത്ഥം കൂടെയുണ്ട്; പൊതുവായ ദൈവീക വെളിപ്പാടുമായി ബന്ധപ്പെട്ടതാണെന്നു ലിഖിതമോ അലിഖിതമോ ആയ കാര്യങ്ങൾ. ദൈവം വിജാതിയർക്ക് തന്നെ വെളിപ്പെടുത്തിയത് വരമൊഴിയാലും പ്രകൃതിയിലൂടെയും (1:19, 20) മന:സാക്ഷിയിലൂടെയും (2:15) ആണ്. പൗലൊസ് വിജാതിയർക്ക് ലഭിച്ച ന്യായപ്രമാണത്തെ അവർ തന്നെയാണ് ആ ന്യായപ്രമാണം എന്നാണ് പറഞ്ഞിരിക്കുന്നത് (2:14). ന്യായപ്രമാണമില്ലെങ്കിൽ പാപം ഇല്ല (4:15, 5:13) അതോടൊപ്പം എല്ലാവരും പാപികളാണന്നും ഊന്നിപ്പറയുന്നു (3:23) എങ്ങനെയാണദ്ദേഹത്തിനതു പറയുവാൻ സാധിക്കുക? കാരണം എല്ലാവർക്കും നിയമം ഉണ്ടായിരുന്നു, എന്നാൽ വിജാതിയർക്കാകട്ടെ എഴുതപ്പെടാത്ത ന്യായപ്രമാണവും "ന്യായപ്രമാണത്താൽ (ഗ്രീക്കിലെ അർത്ഥപ്രകാരം) അത് ദൈവത്തിൽ നിന്നുള്ള വെളിപ്പാടാണ് - പാപത്തെകുറിച്ചുള്ള ഒരു അറിവ് ഉണ്ടാകുന്നു" (3:20).

4. നോമോസ് എന്ന പദത്തിന്റെ അർത്ഥം വീണ്ടും വിശദീകരിക്കാവുന്നതാണ്. "നിയമമെന്നോ," "നിയമത്തിന് ആവശ്യമായതെന്നോ" ദൈവത്തിൽ നിന്നുള്ളതായാലും മനുഷ്യരിൽ നിന്നുള്ളതായാലും, അത് ദൈവനിശ്വാസ്യമായതായാലും അല്ലെങ്കിലും ഈ ഒരു കാര്യത്തിൽ ഇതിന്റെ അർത്ഥം "നിയമപരമായ സാദ്ധ്യതകളാണ്". ഇത് 7:2 ന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കേണ്ടത് (വിവാഹിതയായ ഭാര്യയുടെ) ഭർത്താവ് മരിച്ചാൽ ഭർത്താവിനെ സംബന്ധിച്ചുള്ള കാര്യത്തിൽ നിന്നും അവൾ മോചിതയാണ്.

5. ‘‘നോമോസ്’’ പൊതുവായി ഉപയോഗിക്കുമ്പോൾ അതിനെ ഒരു നിയമത്തിന്റെ വ്യവസ്ഥയിലൂടെയാണ് കാണേണ്ടത്. നമ്മൾ രക്ഷിക്കപ്പെട്ടത് ന്യായപ്രമാണത്തിന്റെ അടിസ്ഥാനത്തിലല്ലായെന്ന് പൗലൊസ് പറയുന്നതെന്ന് നമ്മൾ നിർദ്ദേശിച്ചു. അതിന്റെ പൊരുൾ ‘‘നമ്മൾ ഏതെങ്കിലും’’ ‘‘ഒരു നിയമവ്യവസ്ഥ’’ യിലല്ല രക്ഷിക്കപ്പെട്ടിരിക്കുന്നത്. ഉദാഹരണത്തിന്, റോമർ 3:20 ആക്ഷരീകമായി വായിക്കുന്നത് ‘‘ന്യായപ്രമാണത്താൽ ഒരു ജഡവും നീതീകരിക്കപ്പെടുകയില്ല’’ (നിയമ വ്യവസ്ഥയാൽ).

റോമാ ലേഖനത്തിൽ പലപ്പോഴായി ഉപയോഗിച്ചിരിക്കുന്ന ‘‘നോമോസ്’’ എന്ന വാക്ക് മുൻപറഞ്ഞ 5 വാദങ്ങൾക്കും യോജ്യമായിട്ടുള്ളതാണ്. സന്ദർഭവശാൽ പൗലൊസ് ചില സാഹചര്യങ്ങളിൽ രണ്ടാമത്തെ വിധത്തിലും ഉപയോഗിച്ചിട്ടുണ്ട്. ‘‘നിയമം’’ എന്നതിനുപയോഗിച്ചിരിക്കുന്ന ഇംഗ്ലീഷ് പദമായ ‘‘ലോ’’ ഗ്രീക്കിൽ ‘‘നോമോസ്’’ എന്നത് പൊതുതത്വമായി എന്നത് ഭരണവുമായി ബന്ധിച്ചിരിക്കുന്നു;[125] അല്ലെങ്കിൽ തത്വത്തിനും, പൊതുവായ മാനദണ്ഡത്തിനും[126]. അതാണ് റോമർ 3:27-ൽ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം.

3:27-ൽ ‘‘നിയമം’’ എന്നതിന്റെ അർത്ഥം ‘‘നിയമവ്യവസ്ഥക്കോ’’ അല്ലെങ്കിൽ കുറഞ്ഞ പക്ഷം ഒരു വ്യവസ്ഥയോ ആണ് ചിലർ ഇതിനെ വിവരിക്കുന്നത് പ്രവർത്തികളുടെ നിയമമെന്നാണ്. അതുകൊണ്ടാണ് പ്രവൃത്തികളാലുള്ള നീതീകരണം എന്നത് വിശ്വാസത്താലുള്ള നീതീകരണമായി അവർ കാണുന്നത്. അതിന്റെ സമാനമായ ഒരു അർത്ഥമാണ്. പഴയനിയമത്തിലും പുതിയ നിയമത്തിലും ചിലർ വീക്ഷിക്കുന്നത്; അത് ഒരു നിയമവും പഴയനിയമപ്രകാരം, പുതിയ നിയമത്തിൽ അതിനെ ‘‘തത്വ’’ മായും താരതമ്യപ്പെടുത്തി ചിലർ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. (ചകഢ; ഞടഢ; ചഋആ; അആ എന്നിവ കാണുക) മുമ്പു പറഞ്ഞതുപോലെ ‘‘ഇതിന്റെ അടിസ്ഥാനത്തിൽ’’ എന്നത് ഇവിടെയും വിശദമാണ്.

‘‘തത്വം’’ എന്ന വാക്ക് നോമോസിനെ പൗലൊസിന്റെ രണ്ടാമത്തെ ഭാഗമായി കാണിക്കുന്നു എങ്കിലും റോമർ 7-ൽ ചെറിയൊരു വ്യത്യാസത്തിൽ അതിനെ കാണാം. ‘‘സംസ്ഥാപിക്കപ്പെട്ട ഒരു പ്രവണത’’ ണ. ഋ. വൈൻ പറഞ്ഞിരിക്കുന്നത് ‘‘നോമോസ്’’ എന്നത് ഒരു കാര്യം ചെയ്യുവാനുള്ള പ്രവണതയുണ്ടാക്കുന്നതാണ്: അദ്ദേഹം റോമർ 7:21, 23 അതിന്റെ ഉദാഹരണമായി കാണിക്കുന്നു.[127] പുതിയനിയമത്തിന്റെ ദൈവശാസ്ത്ര നിഘണ്ടു. ‘‘ഭരണം’’ എന്ന വാക്കാണ് റോമർ 7-ൽ പറഞ്ഞിരിക്കുന്നതിനെ വിശദീകരണമായി പറയുന്നത്.[128] ബ്രൂസ് പറഞ്ഞു 7:21-ൽ പൗലൊസ് ഒരു നിയമത്തെ കണ്ടെത്തുന്നു. അതൊരു തത്വമോ അല്ലങ്കിൽ പൊതുവിലുള്ള ഒരു തത്വമോ[129] ആണ്.

ഈ ഒരു സാഹചര്യത്തിൽ ചിലർക്ക് സങ്കീർണ്ണതയുണ്ടായേക്കാം. ‘‘നിയമ’’ ത്തിന് ധാരാളം അർത്ഥങ്ങൾ ഉണ്ടെങ്കിൽ നല്കപ്പെട്ടിരിക്കുന്ന വാക്യത്തിന്റെ അർത്ഥമെന്താണന്ന് ഞാനെങ്ങനെ അറിയും? രണ്ടു നിർദ്ദേശങ്ങൾ ഇതിനു സഹായകരമാണ്. ഒന്നാമത് ഇതിന്റെ അടിസ്ഥാന അർത്ഥം അതിന്റെ സന്ദർഭം അനുസരിച്ചാണ് മനസ്സിലാക്കേണ്ടത്. രണ്ടാമത് മുൻഗണന നല്കേണ്ടത് ആദ്യത്തെ അർത്ഥമായും പിന്നീട് രണ്ടാമത്തെ അർത്ഥത്തിനുമായിരിക്കണം (‘‘തത്വം’’ മുതലായവ). നാം മുമ്പ് പറഞ്ഞതുപോലെ ‘‘നോമസ്’’ പലപ്പോഴും തോറക്കോ - പഴയനിയമത്തിനോ നേരിട്ട് ഉപയോഗിച്ചിട്ടുള്ള പദമാണ് - മറ്റു സാദ്ധ്യതകളെയും നമ്മുടെ മനസ്സിൽ സൂക്ഷിക്കുക.

**തടസ്സങ്ങൾ, തടസ്സങ്ങൾ! (3:1-8)**

ഈ ഒരു പ്രായോഗികതയെ നമുക്ക് പറയാവുന്നത് ‘‘ദയവുണ്ടായി, എന്നെ തെറ്റിദ്ധരിക്കരുത്!’’ പൗലൊസ് താൻ പ്രസംഗിച്ച ഈ വലിയ രക്ഷയെക്കുറിച്ച് യഹൂദന്മാർക്കുണ്ടായ ചോദ്യങ്ങളെ അറിഞ്ഞിരിക്കും. റോമർക്കെഴുതിയതുപേ ാലെ താൻ അവരിൽ നിന്നും ഇത്തരം ചോദ്യങ്ങൾ പ്രതീക്ഷിച്ചിരിരുന്നു. ഞാൻ ഇത് പൂർണ്ണസമയം പ്രസംഗിക്കുവാൻ ആരംഭിച്ചപ്പോൾ ഇത്തരത്തിലുള്ള ചോദ്യങ്ങൾ ധാരാളം പ്രാവശ്യം കേൾക്കുവാൻ ഇടയായി. ഞാൻ എന്നിൽ ചിന്തിച്ചകാര്യം ഇതിനെക്കുറിച്ച കാര്യങ്ങൾ ഒരു കാർഡിൽ അച്ചടിക്കണം എന്നായിരുന്നു. അങ്ങനെയെങ്കിൽ ആരെങ്കിലും ഇത്തരം ചോദ്യമുന്നയി ച്ചാൽ അവർക്കീ കാർഡുകൾ കൊടുക്കാമെന്നും അങ്ങനെ ചോദിക്കുന്ന ആളിന്റെയും എന്റെയും ധാരാളം സമയം ലഭിക്കാമെന്നും ആയിരുന്നു! ഇത് എന്റെ തന്നെ ഒരു സ്വകാര്യ തമാശയായിരുന്നു - നിങ്ങളിൽ ആരെങ്കിലും ഇത്തരം ദീർഘ പ്രസംഗികളുണ്ടങ്കിൽ ഞാൻ അർത്ഥമാക്കിയതെന്താണെന്നു നിങ്ങൾക്കു മനസ്സിലാകും.

വീണ്ടും, തെറ്റിദ്ധരിക്കുക എന്നു പറഞ്ഞാൽ എന്താണെന്ന് പൗലൊസിന റിയാമായിരുന്നു, മാത്രമല്ല, തെറ്റായി വ്യാഖ്യാനിക്കുക എന്നാൽ എന്താണന്നു (3:8 കാണുക). 50ൽ കൂടുതൽ വർഷങ്ങളായി ഞാനീ സുവിശേഷം വാ മൊഴിയായും വരമൊഴിയായും അറിയിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ചിലപ്പോഴൊക്കെ വല്ലാതെ നിരാശപ്പെടാറുണ്ട്. എന്താണു പറയേണ്ട തെന്ന് എനിക്കു ബുദ്ധിമുട്ടുണ്ടാകും; അതിന്റെ യഥാർത്ഥ അർത്ഥമെന്തെന്നു ചിലർ വായനയിലോ കേൾവിയിലോ മനസ്സിലാക്കാറില്ല; ചിലർ കേൾക്കു ന്നതോ വായിക്കുന്നതോ ചിലപ്പോൾ ശ്രദ്ധിക്കാറില്ല; ചിലർക്കാകട്ടെ ഫോട്ടോ ഗ്രാഫിപോലെയുള്ള ഓർമ്മയുണ്ടാകും. ഞാൻ പറഞ്ഞിട്ടുള്ള കാര്യങ്ങളെ അവർ ഉദ്ധരിച്ചിട്ടുള്ളത് ഞാൻ ഓർക്കുന്നു. എന്നാൽ ഞാൻ പറഞ്ഞതിനേ ാടു വളരെ കുറച്ചുമാത്രമേ സാമ്യമുണ്ടാകുകയുള്ളൂ. പൗലൊസിനും ഇതേ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നു.

**“നന്മ വരുവാൻ വേണ്ടി നമുക്കു തിന്മ ചെയ്യാമെന്നോ” (3:8)**

ഓക്കലഹോമയിലെ ഗവർണ്ണർ ഒരിക്കൽ തന്റെ പൗരന്മാരോടാവശ്യപ്പെ ട്ടത് ‘‘സ്കൂളുകൾക്ക് ഫണ്ടു ശേഖരണത്തിനായി വർദ്ധിച്ചുവരുന്ന ചീട്ടുക ളിയെ നിയമാനുസൃതമാക്കാമെന്ന്’’ അതു ഞാൻ ശ്രവിച്ചപ്പോൾ റോമർ 3:8 ആണ് എന്റെ കാതുകളിൽ അലയടിച്ചത്. ‘‘നന്മവരേണ്ടതിന് നാം തിന്മ പ്ര വർത്തിക്കുകയോ?’’

‘‘നന്മ വരുവാൻ വേണ്ടി തിന്മ പ്രവർത്തിക്കുക’’ എന്നത് ഒരു പഴഞ്ചൻ തത്വശാസ്ത്രമാണ്. ‘‘പ്രവർത്തനത്തിന്റെ അന്ത്യം രീതിയെ സാധൂകരിക്കും’’ പലരും വിശ്വസിക്കുന്നത് ശുഭപര്യവസാനമാണെങ്കിൽ അതിന്റെ മാർഗ്ഗം എങ്ങനെയായിരുന്നാലും കുഴപ്പമില്ലായെന്നാണ്; ലക്ഷ്യം നന്നാക്കാൻ വേണ്ടി സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ പ്രധാനപ്പെട്ടതല്ലായെന്ന ചിന്ത. ഒരു യുവാവ് തന്റെ വിജയത്തിനും ഗ്രാജുവേഷനുവേണ്ടി കോപ്പിയടിക്കുന്നത് ന്യായീകരിക്കുന്ന തുപോലെയാണിത്. ഒരു തൊഴിലാളി മറ്റൊരാളെ പഴിചാരി തന്റെ തെറ്റ് മറച്ച് ജോലിയിൽ തുടരുവാൻ ശ്രമിക്കുന്നതുപോലെ, തന്റെ ലക്ഷ്യം സാധൂകരി

ക്കുന്ന തെറ്റുകൾ. ദൈവത്തിനു മാത്രമേ ഇതുപോലുള്ള എത്ര ദൈവീകമ ല്ലാത്ത കാര്യങ്ങൾ നടക്കുന്നുവെന്നറിയുകയുള്ളൂ.

**അവസാന വിധി? (3:9)**

വിസ്താരം അവസാനിച്ചു. ജഡ്ജി പ്രതിഭാഗത്തു നില്പാണ്. വളരെ ശാന്ത മായ ശബ്ദത്തിൽ അദ്ദേഹം വിധി പ്രഖ്യാപിക്കുന്നു: ''കുറ്റക്കാരൻ എന്ന് വിധിക്കപ്പെടുന്നു!'' പാപത്തെ സംബന്ധിച്ചുള്ള അവസാനത്തെ വിധിയാണ് ''യഹൂദനും വിജാതിയനും (നമ്മൾ അടക്കം) പാപത്തിൻ കീഴിലാണ്'' (3:9 NIV)! നാം എല്ലാവരും പാപികളാണ്, നാം പാപത്തിൽ നഷ്ടപ്പെട്ടിരിക്കുന്നു.

ഒരു ശനിയാഴ്ച ഉച്ചകഴിഞ്ഞ് പാർക്കിലൂടെ ഒരു വ്യക്തി നടക്കുകയായി രുന്നു. തന്റെ കൈവശം തുകൽ ബാഗിൽ ഒരു പുതിയനിയമവും ഉണ്ടായിരു ന്നു. ഒരു കൂട്ടം ചെറുപ്പക്കാർ വിചാരിച്ചു അവന്റെ കൈയ്യിൽ ഉള്ളത് ക്യാമറ യാണെന്ന്. അവർ അദ്ദേഹത്തോടു തങ്ങളുടെ ഒരു ഫോട്ടോ എടുക്കുവാൻ ആവശ്യപ്പെട്ടു. നിങ്ങളുടെ പടങ്ങൾ ഉണ്ട് എന്നദ്ദേഹം അവരോടു പ്രതികരിച്ചു. തങ്ങൾ മുമ്പു കാണാത്തവരാകയാൽ എങ്ങനെയാണ് അവരുടെ പടങ്ങൾ അദ്ദേഹത്തിന്റെ കൈവശം ഉള്ളതെന്നവർ ചോദിച്ചു. അദ്ദേഹം തന്റെ പുതിയ നിയമം പുറത്തെടുത്തു. റോമർ 3:9–18[130] വരെ വായിച്ചു. നാം ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ക്രിസ്തുവിനെ കൂടാതെയുള്ള നമ്മുടെ ആത്മാക്കളുടെ ഒരു ചിത്ര മാണവിടെ കൊടുത്തിരിക്കുന്നത്.

ഇതിന്റെ തലകെട്ടിൽ പറഞ്ഞിരിക്കുന്ന ''അവസാന വിധിക്കു'' ശേഷം ഒരു ചോദ്യചിഹ്നം കാണാം. അതിട്ടിരിക്കുന്നത്, നമ്മുടെ ജീവിതത്തിന്റെ അവ സാനവിധി അതുപോലെയാകാതിരിക്കുവാൻ വേണ്ടിയിട്ടുള്ളതാണ്. റോമർ 3:21 ആരംഭിക്കുന്നതുതന്നെ ''എന്നാൽ'' എന്നു കൂട്ടിമുട്ടിക്കുന്ന ഒരു പദവുമായിട്ടാണ്. ചില കാര്യങ്ങൾ മാറ്റം വരുത്തുവാനായിട്ടുള്ളതാണ്. നാം രക്ഷിക്കപ്പെടുവാൻ വേണ്ടി ദൈവവും ക്രിസ്തുവും ചെയ്തന്താണന്ന് പറയുകയാണ് പൗലൊസ് റോമാ ലേഖനത്തിലൂടെ. പൗലൊസ്, പാപത്തിന്റെ പ്രശ്നത്തിൽ നിന്നും രക്ഷ കനിലേക്കുള്ള സാധ്യതയിലേക്ക് കൊണ്ടെത്തിക്കുകയാണ്.[131] അതുകൊണ്ട് അന്ധകാരത്താൽ മൂടപ്പെടരുതെന്നു പറയുന്നു. നമ്മുടെ പഠനത്തിൽ പ്രകാശം വിതറുവാൻ പോകുകയാണ്!

**മൂന്നു ചെറിയ വാക്കുകൾ (3:21-26)**

1930–ൽ ബർട്ട് കാൾമറും ഹാറി റൂബിയും ഒരു ഗാനം എഴുതി അതിന്റെ തലക്കെട്ട് ''മൂന്നു ചെറിയ വാക്കുകൾ''[132] എന്നതായിരുന്നു. ആ ഗാനം തുട ങ്ങുന്നത്,

മൂന്നു ചെറു വാക്കുകൾ
ഓ എന്താണ് ഞാൻ നല്കുക
അവ മനോഹര പദങ്ങളാണ്
അതു കേൾക്കുവാൻ ആ ചെറുവാക്കുകൾ
അതു കേൾക്കുവാനാണ് ഞാൻ ജീവിക്കുന്നത്
എന്റെ ജീവിത ശേഷിപ്പുകളിൽ.

''ആ ചെറു മൂന്നു വാക്കുകൾ'' ''ഞാൻ നിന്നെ സ്നേഹിക്കുന്നു'' എന്നതാണ്.

റോമർ 3:21-26 വരെയുള്ള ഭാഗത്ത് നാം കാണുന്നത്. *ദൈവം* നിന്നെ സ്നേഹിക്കുന്നു.

ഈ ''മൂന്നു ചെറു വാക്കുകൾ'' നിയമ കോടതിയിൽ നിന്നും അടിമചന്തയിൽ നിന്നും അൾത്താരയിൽ നിന്നും എടുത്തതാണ്. രണ്ടു വാക്കുകൾ ''നീതീകരണം, വീണ്ടെടുപ്പ്'' എന്ന ക്രിസ്തീയ പദങ്ങളുടെ പര്യായങ്ങളായി ഉപയോഗിച്ചിരിക്കുന്നതാണ്. ''മൂന്നാമത്തെ വാക്ക് അത്ര പരിചിതമായവയല്ല. ''പ്രായശ്ചിത്തയാഗം'' അതല്ല, നമുക്ക് സത്യസന്ധമായി തന്നെ പറയാം. മൂന്നാമത്തെ വാക്കു നമുക്ക് അത്ര പരിചയമുള്ളതല്ല; എന്നിരുന്നാലും ഇത് വളരെ പ്രാധാന്യമുള്ള ഒന്നാണ്.

### "ഈ വാക്കുകൾ ഞാൻ മനസ്സിലാക്കേണതുണ്ടോ?" (3:21-26)

റോമർ 3:21-26 വരെയുള്ള മൂന്നു വാക്കുകൾ മനുഷ്യവർഗ്ഗത്തിന്റെ രക്ഷാപദ്ധതിയുടെ ഹൃദയഭാഗത്തുള്ളവയാണ്. ''നീതീകരണം,'' ''വീണ്ടെടുപ്പ്'' ''പ്രായശ്ചിത്ത യാഗം''. ഇവ എല്ലാം വളരെ പ്രയാസമേറിയ ദൈവശാസ്ത്ര ആശയങ്ങളാണ്. പ്രത്യേകിച്ച് ''പ്രായശ്ചിത്തയാഗം'' എന്നത്. നമ്മൾ രക്ഷിക്കപ്പെടുവാൻ വേണ്ടി ഈ കാര്യങ്ങളെല്ലാം പൂർണ്ണമായി മനസ്സിലാക്കേണ്ടതായിട്ടുണ്ടോ? ഇല്ല. എന്നാൽ ഇത് എന്റെ മുറിയുടെ മുൻ വാതിലിന്റെ പൂട്ടെങ്ങനെ തുറക്കാൻ സാധിക്കും എന്നതുപോലെ ഞാൻ അറിഞ്ഞിരിക്കണം എനിക്ക് ആ പൂട്ടിന്റെ മെക്കാനിസം അറിയില്ലങ്കിലും എങ്ങനെ ചാവിയിട്ടാൽ അതു തുറക്കപ്പെടുമെന്നറിയാം. രക്ഷയുടെ ചാവിയെന്നത്, യേശു നിന്റെ പാപത്തിനു വേണ്ടി മരിച്ചു എന്നതാണ്. അവനിൽ ആശ്രയിക്കുകയും അവന്റെ യാഗത്തിൽ വിശ്വസിക്കുകയും ചെയ്യുക എന്നതാണ്. ഇതുവരേയും നിന്റെ ജീവിതത്തെ കർത്താവിനെ ഏല്പിച്ചില്ലെങ്കിൽ ഇപ്പോൾ തന്നെ അത് സംഭവിക്കേണ്ടതിനായി ഞാൻ ദൈവത്തോടപേക്ഷിക്കുന്നു (അ.പ്രവൃത്തി. 2:36-38, 41, 47). ഏതെങ്കിലും ഒരുവൻ തന്റെ ശരിയായ ബോധാവസ്ഥയിൽ ദൈവത്തിന്റെ വലിയ ദാനമായ രക്ഷയെ അവഗണിക്കുമോ?

### ക്രൂശിൽ യേശു മരിക്കേണുന്നതിന്റെ ആവശ്യമെന്തായിരുന്നു? (3:21-26)

യേശുവിന്റെ മരണത്തിന്റെ ഉദ്ദേശം വളരെ പ്രധാനപ്പെട്ടതും വിശാലമായതുമായ ഒരു വിഷയമാണ്. നൂറുകണക്കിന് വാല്യം എഴുതിയാൽ തീരാത്തതാണിതിലെ വിഷയം. ആയിരം വാല്യങ്ങളിൽ ഉത്തരമെഴുതുവാൻ കഴിയാത്തതുമാണിതിനെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക്. എന്നിരുന്നാലും നമ്മൾ ചെറിയൊരു വിവരണമാണിവിടെ പങ്കുവെക്കുന്നത്.[133]

''എല്ലാവരും പാപം ചെയ്തു'' (3:23) പാപത്തിന്റെ ശമ്പളം മരണമത്രേ (6:23). പാപികൾ ആത്മീക മരണം അനുഭവിക്കുന്നു - അത് ദൈവത്തിൽ നിന്നുള്ള അകൽച്ചയാണ് - ഈ ഒരു ആയുഷ്ക്കാലത്തുതന്നെ (എഫെ. 2:1, 12)കൂടാതെ അവർ മരണത്തിന്റെ രണ്ടാം ഘട്ടത്തെ അഭിമുഖീകരിക്കും, ദൈവത്തിൽ നിന്നുള്ള നിത്യമായ അകൽച്ച (വെളി. 20:14, 21:8).

പാപമെന്നാൽ പരിശുദ്ധനായ ദൈവത്തോടുള്ള അവഹേളനമാണ് (3:23, യെശ. 5:16; എബ്രാ. 10:29 കാണുക). നല്ല പ്രവർത്തികൾ മൂലം ചെയ്തുപോയ ഒരു പാപത്തിന്റെ കുറ്റത്തിൽ നിന്നുപോലും രക്ഷപ്പെടുവാൻ സാധ്യമല്ല. നമ്മുടെ പ്രവർത്തികളാൽ നമുക്കു രക്ഷപ്പെടുവാൻ സാധ്യമല്ല (എഫെ. 2:8, 9). നാം നമ്മുടെ ഏറ്റവും നല്ലതായ കാര്യങ്ങൾ ചെയ്താൽ പോലും അതു മതിയാ

കുകയില്ല (3:12; യെശയ്യ. 64:6). നീതിമാനായ ദൈവം എന്ന നിലയിൽ (യെശയ്യ 30:18) പാപത്തെ ശിക്ഷിക്കാതെ ദൈവത്തിന് നിസ്സാരമായി കാണാൻ കഴിയില്ല (1:18). എല്ലാവരും പാപികളായിരുന്നതിനാലും (ഇപ്പോഴും) തങ്ങളുടെ പാപങ്ങളുടെ കുറ്റത്തിൽ നിന്നും രക്ഷപ്പെടുവാൻ സാധിക്കാതെയിരുന്നാൽ മനുഷ്യവർഗ്ഗത്തിന്റെ ദുരന്താവസ്ഥയിൽ അതു കൊണ്ടെത്തിക്കുന്നതു കാണാം.

ദൈവം നീതിമാനായ ദൈവം മാത്രമല്ലായ്കയാൽ ദൈവത്തിനു സ്തോത്രം. അവൻ *സ്നേഹവാനായവനും* കൂടെയാണ് (1 യോഹ. 4:8)! ദൈവം സ്നേഹവാനായതിനാൽ അവൻ ആഗ്രഹിച്ചതും (ആഗ്രഹിക്കുന്നതും) ആരും നഷ്ടപ്പെടരുതെന്നാണ് (2 പത്രൊ. 3:9). ഈ രണ്ടു സ്വഭാവങ്ങളും ഉള്ളത് പ്രദർശിപ്പിക്കുന്നത് ഒരല്പം പ്രയാസം നമുക്ക് തോന്നിയേക്കാം. എങ്ങനെയാണ് ഒരേ സമയത്ത് പാപികളെ ശിക്ഷിക്കുകയും അതേസമയം തന്നെ പാപികളെ നീതീകരിക്കുകയും ചെയ്യുക (3:26 കാണുക)? ഈ പ്രതിസന്ധിക്കുള്ള ദൈവത്തിന്റെ ഉത്തരം ''ഞാൻ തന്നെ അതിന്റെ വിലകൊടുത്തു കൊള്ളാമെന്നാണ്, മനുഷ്യവർഗ്ഗത്തിന്റെ പാപത്തിന്റെ ശിക്ഷക്കായി എന്റെ മകനെ പ്രായശ്ചിത്തമാക്കി കൊള്ളാം'' (യോഹ 3:16 കാണുക). 1 യോഹ. 4:10-ൽ നമ്മൾ വായിക്കുന്നത്, അവൻ നമ്മളെ സ്നേഹിച്ച് തന്റെ പുത്രനെ നമുക്ക് പ്രായശ്ചിത്ത യാഗമാക്കിയെന്നാണ്. പ്രായശ്ചിത്തം എന്ന വാക്കിന്റെ അർത്ഥം അവകാശമായിരുന്നതെന്തോ, പ്രസാദിപ്പിക്കുവാൻ സാധിക്കുന്നതും ദൈവത്തിന്റെ നീതിയെ സംതൃപ്തിപ്പെടുത്തുവാൻ കഴിയുന്നത് എന്നാണ്.

ഏതു കാര്യമാണ് കഷ്ടപ്പാടിന്റെ പ്രായശ്ചിത്തമായിട്ടുള്ളത്? മനുഷ്യവർഗ്ഗത്തിന്റെ പ്രശ്നത്തിനു പരിഹാരമായി ഒന്നിനു പകരമായി മറ്റൊന്നിനെ നല്കുന്നത്- ദൈവം സ്ഥാപിച്ചിട്ടുള്ളതിനെ (ഉല്പ. 4:4; 8:20; 31:54) ഈ ഒരു ഉറപ്പ് സംസ്ഥാപിച്ചു. ''രക്തം ചൊരിഞ്ഞിട്ടല്ലാതെ പാപമോചനമില്ല'' (എബ്രാ. 9:22), ദൈവത്തിന്റെ നിർദ്ദേശപ്രകാരം പതിനായിരക്കണക്കിന് മൃഗങ്ങളെ മനുഷ്യനു പകരമായി യാഗാർപ്പണം നടത്തി. പ്രശ്നം ഇതായിരുന്നു. പശുകിടാങ്ങളുടെയും കാളകളുടെയും രക്തം പാപങ്ങളെ പോക്കുവാൻ മതിയായതായിരുന്നില്ല (എബ്രാ. 10:4). ഒരൊറ്റ യാഗമെ അതിനു പരിഹാരമായിട്ടുള്ളൂ. അത് പരിപൂർണ്ണനായ ദൈവപുത്രന്റെ യാഗം മാത്രം (1 പത്രൊ. 1:18, 19). അവന്റെ രക്തം മാത്രമേ ദൈവത്തിന്റെ കോപത്തിൽ നിന്നും നമ്മെ രക്ഷിക്കുകയുള്ളൂ (5:9). യേശുക്രിസ്തുവിന്റെ വിലയേറിയ രക്തം മാത്രമേ പാപങ്ങളെ പരിഹരിക്കുവാൻ സാധ്യമായിട്ടുള്ളൂ (മത്താ. 26:28).

ഏത് രൂപത്തിലാണ് യേശുവിന്റെ യാഗത്തിന്റെ രക്തച്ചൊരിച്ചിലിനുണ്ടാകേണ്ടിയിരുന്നത്? ദൈവത്തിന്റെ നിത്യ പദ്ധതിയനുസരിച്ചുള്ള (എഫെ. 3:11) നിത്യ ക്രൂശീകരണത്തിനായി തീരുമാനിച്ചിട്ടുള്ളത്. സങ്കീർത്തനക്കാരൻ പറഞ്ഞത് കഷ്ടപ്പെടുന്ന ദാസന്റെ കൈകാലുകൾ കുത്തി തുളക്കപ്പെടണം എന്നായിരുന്നു (സങ്കീ. 22:16). ക്രിസ്തു തന്നെ അത്തരത്തിലൊരു ക്രൂശീകരണത്തെക്കുറിച്ചു മുൻകൂട്ടി പ്രവചിച്ചിരുന്നു (മത്താ. 20:17-19; ലൂക്കൊ. 24:6-8) - അതിൽ തന്റെ കൈകാലുകൾ തുളക്കപ്പെടുന്നതിനെ കുറിക്കുന്നു. യേശുക്രിസ്തു റോമൻ കുരിശിൽ മരിച്ചപ്പോൾ രക്തം തന്റെ കൈകാലുകളിൽനിന്നും ഇറ്റിറ്റു വീണു, അവന്റെ കുന്തമുറിവിൽ നിന്നും ചങ്കിൽ നിന്നും. മരണത്തിനുശേഷം അവന്റെ വശങ്ങളിൽ നിന്നും രക്തം ഒഴുകി (യോഹ. 19:34, 37; സെഖര്യ. 12:10). റോമർ 5:9, 10ന്റെ അടിസ്ഥാനത്തിൽ നമ്മൾ നീതീകരിക്കപ്പെട്ടതും ദൈവത്തോടു നിരപ്പായതും ദൈവകോപത്തിൽ നിന്നും

വിടുവിക്കപ്പെട്ടതും ആ രക്തത്താൽ ആകുന്നു.

എങ്ങനെയാണ് യേശുവിന്റെ മരണത്താൽ നമുക്ക് രക്ഷ സാദ്ധ്യമാക്കി തന്നത്? അതു നമുക്കറിയില്ലെങ്കിലും ഇങ്ങനെ നമുക്കു ചിന്തിക്കാം. അവന്റെ മരണം ദൈവത്തിന്റെ നീതിയെ സംതൃപ്തിപ്പെടുത്തുന്നതായിരുന്നു (3:25; എബ്രാ. 2:17; 1 യോഹ. 2:2). അതുകൊണ്ട്, അവന്റെ സ്നേഹത്തോടു പ്രതികരിക്കുവാൻ കഴിയുന്നവർക്ക് (യോഹ. 14:15, 1 യോഹ. 4:19) കൂടാതെ ആ രക്ഷയ്ക്കുള്ള കാര്യങ്ങൾ അംഗീകരിക്കുവാൻ സാധിക്കുന്നവർക്ക് (മർക്കൊ. 16:15, 16; അ.പ്രവൃത്തി. 2:37, 38) അത് രക്ഷയായി ഭവിക്കും! ദൈവം നമുക്കുവേണ്ടി ചെയ്തത് മുഴുവനും എന്താണെന്നു നമുക്കറിഞ്ഞുകൂടായെങ്കിലും നാം അവൻ ചെയ്തതിനായി സ്തുതിക്കുന്നു. ''പറഞ്ഞു തീരാത്ത ദാനങ്ങൾ നിമിത്തം അവനു മഹത്വം!'' (2 കൊരി. 9:15).

### "എന്നാൽ ഇപ്പോൾ ..." (3:21)

റോമർ 3:21-ൽ ആരംഭിക്കുന്നത് ചിന്തിച്ചുനോക്കുക ''എന്നാൽ ഇപ്പോൾ...'' ലിയോഡ് ജോൺസ് പറഞ്ഞിരിക്കുന്നത് ''തിരുവചനത്തിൽ ഇതിനെക്കാളും മനോഹരമായ ഒരു വാക്കില്ലായെന്നാണ്...'' ''എന്നാൽ ഇപ്പോൾ''[134] പുതിയനിയമ എഴുത്തുകാർ ഈ വാക്കു ഉപയോഗിച്ചിരിക്കുന്നത് ക്രിസ്തുവിന് പുറമെയുള്ളവരെ ഉദ്ദേശിച്ചുകൊണ്ടാണ്.[135] ഉദാഹരണത്തിന് എഫെസ്യർ 2ൽ നമ്മൾ വായിക്കുന്നത്,

> ... നിങ്ങൾ ആ സമയത്ത് ക്രിസ്തുവിനെകൂടാതെയുള്ളവരും, യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവരും പരദേശികളും വാഗ്ദത്തങ്ങൾക്ക് അന്യരുമായി, ദൈവത്തിൽ പ്രത്യാശയില്ലാത്തവരുമായ ലോകക്കാരായിരുന്നു. എന്നാൽ ഇപ്പോൾ ക്രിസ്തു യേശുവിൽ നിങ്ങളെ അവന്റെ രക്തത്താൽ വിലക്കുവാങ്ങിയിരിക്കുന്നു (3:12, 13).

''എന്നാൽ ഇപ്പോൾ'' എന്ന അനുഭവം നിങ്ങളിൽ പലർക്കും ഉണ്ടാകും.[136] ദൈവകൃപയാൽ നിങ്ങൾ യേശുവിന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടു ആത്മീകമായി, നിങ്ങൾ അപകടത്തിൽ നിന്നും വിജയത്തിലേക്കു കടന്നു. നിങ്ങളിൽ ചിലർ ഇപ്പോഴും ആ സമയത്തുള്ളവരായിരിക്കാം. ഒരു പക്ഷേ നിങ്ങൾ വിശ്വസിക്കുന്നില്ലായിരിക്കാം, യേശുക്രിസ്തുവിൽ ആശ്രയിക്കുന്നില്ലായിരിക്കും. അവനിലുള്ള വിശ്വാസത്തിനു സമർപ്പിക്കാത്തവരായിരിക്കും. (മർക്കൊ. 16:16; അ.പ്രവൃത്തി. 2:38; റോമർ. 6:3, 4). എന്തുതന്നെയായിരുന്നാലും നിങ്ങളുടെ ആത്മീക ആവശ്യത്തിനുവേണ്ടി ദൈവസ്നേഹത്തോടു പ്രതികരിക്കുക. *ഇന്ന്* നിങ്ങൾ ''മുമ്പെ'' എന്നതിൽ നിന്നും ''എന്നാൽ ഇപ്പോൾ'' എന്ന അവസ്ഥയിലേക്ക് പ്രവേശിക്കുവാൻ സാധിക്കും!

### എല്ലാവരും പാപം ചെയ്തു (3:23)

നമ്മുടെ പാപസ്വഭാവത്തെ കാണിക്കുവാനായി രണ്ടു ഉദാഹരണങ്ങൾ കാണിക്കാം - ഒന്ന് വേഗതയെ അനുസരിക്കുന്നതും മറ്റൊന്ന് കണ്ണാടിയിൽ നോക്കുന്നതും. എന്റെ കാർ ഓടിക്കുന്നതിന്റെ ലൈസൻസ് കിട്ടിയതിനുശേഷം, ഞാൻ വേഗതയുടെ നിയമം പാലിക്കുവാൻ ശ്രമിച്ചിരുന്നു. എന്നിട്ടും എനിക്ക് മൂന്ന് ഫൈൻ ടിക്കറ്റ് ലഭിച്ചു. അതുപോലെ, എന്റെ മുഖം എപ്പോഴും

വൃത്തിയായി സൂക്ഷിക്കുവാൻ ഞാൻ ശ്രമിച്ചു. എന്നാൽ കണ്ണാടിയിൽ നോക്കുമ്പോഴൊക്കെ മുഖത്തു ചില പൊടി പറ്റിയിരിക്കുന്നത് കാണുമായിരുന്നു. നാം ദൈവത്തിന്റെ പ്രമാണങ്ങൾ പാലിക്കുവാൻ അത്യുൽസാഹം കാണിച്ചാൽ പോലും പലപ്പോഴും വീണുപോകാറുണ്ട്. ചിലർ ചില ചെറിയ കാര്യത്തിലായിരിക്കും എന്നാലും നമ്മെളെല്ലാവരും പലതിലും വീഴാറുണ്ട്. നാം എല്ലാവരും നിയമലംഘികളാണ്. പഴയ ഒരു ഗീതത്തിൽ ഉള്ളതുപോലെ ''എന്റെ കൈകളുടെ പ്രയത്നഫലങ്ങളാൽ നിയമം അനുശാസിക്കുന്നത് നടപ്പിൽ വരുത്തുവാൻ സാദ്ധ്യമല്ല.''[137]

**"ഞാനെന്ന് ഇതിനർത്ഥമുണ്ടോ?" (3:23)**

എല്ലാവരും എന്ന ആ ചെറിയ വാക്ക് 3:23-ൽ വളരെ പ്രാധാന ആശയത്തെ പ്രദർശിപ്പിക്കുന്നതാണ്: ''എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായി തീർന്നു...'' ഒരു പക്ഷേ കേൾവിക്കാരിൽ ഒരാൾ പറഞ്ഞിരിക്കാം, തീർച്ചയായും പൗലൊസ് എന്നെ അതിൽ ഉദ്ദേശിച്ചുകാണുകയില്ല! ''എല്ലാവരും'' എന്നതും സ്ത്രീയും പുരുഷനും ആൺകുട്ടിയും പെൺകുട്ടിയും ദൈവമുമ്പാകെ കണക്കു ബോധിപ്പിക്കേണ്ടവരാണ്. ഇവിടെ എഴുതിയിരിക്കുന്നതെന്താണന്ന് വായിച്ചാൽ *നിങ്ങളും* അതിൽ ഉൾപ്പെടുന്നതായി കാണാം.

''പാപത്തി'' നുപയോഗിച്ചിരിക്കുന്ന പദങ്ങൾ ഓർക്കുന്നുണ്ടോ? ഒന്നുകിൽ വീഴ്ച സംഭവിച്ചതും മറ്റൊന്നിൽ ദൂരത്തേക്കു മാറിപ്പോകുന്നതിനു ഊന്നൽ കൊടുക്കുന്നതുമാണ്. ആർക്കെങ്കിലും പറയുവാൻ സാധിക്കുമോ ''ഞാൻ ചെയ്യേണ്ടുന്ന കാര്യങ്ങളെല്ലാം ചെയ്തു എന്നും ചെയ്യുവാൻ പാടില്ലാത്തവ ചെയ്തിട്ടില്ലായെന്നും?'' തീർച്ചയായും നമ്മെളെല്ലാവരും സമ്മതിക്കേണ്ടുന്ന കാര്യം നാം എല്ലാം പാപികൾ ആകുന്നുവെന്നാണ്. ചിലർ യേശുക്രിസ്തുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ടവരും ആ രക്തത്തിൽ ആശ്രയിക്കാത്തതിനാൽ രക്ഷിക്കപ്പെട്ടാത്തവരുമാണ് മറ്റുചിലർ!

ചില സമയത്ത് ജനങ്ങൾ എതിർക്കും, ''എന്നാൽ എനിക്കറിയാവുന്ന ഭയാനകരായ പലരേക്കാളും ഞാൻ നല്ലവനാണ്. തീർച്ചയായും അത് ഞാൻ പാപിയല്ല എന്നു തെളിയിക്കുന്നില്ല.'' നമ്മുടെ ലക്ഷ്യത്തെ താരതമ്യം ചെയ്യുക - ദൈവത്തിന്റെ മഹത്വം - വളരെ വിദൂരതയിലുള്ള ഒരു രാജ്യവുമായി. ഒരു സമുദ്രതീരത്തു നിന്നുകൊണ്ട് മറുകരയിലുള്ള ആ രാഷ്ട്രത്തിലേക്കു നീന്തുവാനായി നാം എടുത്തു ചാടിയാൽ, ഒരുപക്ഷേ നിങ്ങൾ എനിക്കു മുമ്പായി നീന്തി തുടങ്ങുമായിരിക്കും. എന്നാൽ നമ്മൾ ആരും അത്രയും ദൂരം നീന്തി എത്തുകയില്ല. മാത്രവുമല്ല നമ്മൾ ആ സമുദ്രത്തിൽ നീന്തിത്തുടിച്ചു താഴ്ന്നു പോകുമെന്നല്ലാതെ രക്ഷപ്പെടുവാൻ പോലും സാധിക്കുകയില്ല; നമ്മുടെ ലക്ഷ്യസ്ഥാനത്ത് ചെന്നെത്തുകയുമില്ല. നാം എത്ര നല്ലവരാണെന്ന് നമ്മെക്കുറിച്ചു തന്നെ ചിന്തിച്ചാലും നമുക്ക് അളക്കുവാൻ കഴിയാത്തത്ര വിദൂരതയിലാണ് ദൈവമഹത്വത്തിൽ നിന്നും നാം.

എല്ലാ മനുഷ്യർക്കും ഒരു പൊതുവായ സ്വഭാവമുണ്ട്. അതെന്നത് ദേശിയതയോ, വർഗ്ഗമോ, ഒരേ സംസ്ക്കാരമോ അല്ല, ദൈവത്തിന്റെ മുമ്പാകെ നമുക്കുള്ള പൊതുവായ അയോഗ്യതയാണ്![138] നാം എല്ലാവരും പാപികളാണ്!

ഒരു സഭയുടെ മുമ്പിൽ ഒരു നോട്ടീസ് ബോർഡ് എല്ലാ ആഴ്ചയിലും കാണാം. ഓരോ ആഴ്ചയിലും അതിൽ എഴുതുന്ന കാര്യങ്ങൾ വ്യത്യസ്തമായതാണ്. അതു വഴി കടന്നുപോകുന്നവർക്കു ചിന്തിക്കുവാൻ വേണ്ടി

എഴുതുന്നതാണ്. ഒരാഴ്ച്ച അവിടെ ഇത്തരത്തിൽ ഒരു ബോർഡ് കണ്ടു ‘‘ഈ സഭ പാപികൾക്കുവേണ്ടി മാത്രമുള്ളതാണ്.’’ ചില ദിവസങ്ങൾക്കു ശേഷം അവിടുത്തെ പട്ടക്കാരനൊരു കത്തു കിട്ടി. അതിൽ ഇപ്രകാരമാണ് പറഞ്ഞി രിക്കുന്നത്. ‘‘ഈ സഭ പാപികൾക്കു വേണ്ടി മാത്രമുള്ളതാണന്നു കേട്ടപ്പോൾ എനിക്ക് വലിയൊരു ആഘാതമായി. കഴിഞ്ഞ 25 വർഷമായി ഞാൻ ഈ സഭയിലെ അംഗമാണ്; പക്ഷേ ഒരിക്കൽപോലും ഇതൊരു അന്യായമായ സ്ഥലമോ സ്വാഗതാർഹമല്ലാത്ത ഒരിടമോ ആയിട്ടെനിക്കു തോന്നിയിട്ടില്ല’’ അടുത്ത ആഴ്ച പട്ടക്കാരൻ ഇങ്ങനെ എഴുതിതൂക്കി ‘‘എല്ലാവരും പാപം ചെയ്യ്തു ദൈവതേജസ്സ് നഷ്ടപ്പെട്ടു’’ (3:23).[139]

ഒരു അറിയപ്പെടുന്ന സുവിശേഷകൻ അടുത്ത പട്ടണത്തിലെ മേയറിന് തന്റെ സന്ദർശനത്തെ കുറിച്ചെഴുതി. അവിടെ ആത്മീക പ്രശ്നങ്ങളുള്ള ആളു കളുടെ പട്ടിക അദ്ദേഹം ചോദിച്ചു. അവർക്കെന്തെങ്കിലും ആവശ്യമുണ്ടോ എന്നന്വേഷിച്ചു. ഒരു പ്രാവശ്യം അദ്ദേഹത്തിന് അത്ഭുതം കൂറുമാറ് ആ പട്ടണത്തിലെ ടെലിഫോൺ ഡയറക്ടറി തന്നെ മേയർ അയച്ചുകൊടുത്തു![140] ഔദ്യോഗികമായി ഇതയച്ചുകൊടുത്തത് ‘‘*എല്ലാവരും* പാപം ചെയ്തു ദൈവ തേജസ്സ് നഷ്ടപ്പെടുത്തി’’ എന്ന വാക്യം അറിയാമായിരുന്ന ഒരാളായിരുന്നു.

**“നീതീകരിക്കപ്പെട്ടു” എന്ന വാക്ക് (3:24)**

ഞാൻ പ്രസംഗം ആരംഭിച്ച കാലത്ത് ഒരു സഭയിൽ പ്രസംഗ വിഷയമെ ഴുതി കൊടുത്ത് ഒരു ബുള്ളറ്റിനിൽ വന്ന കാര്യത്തെക്കുറിച്ചു ചിന്തിച്ചല്ലാതെ എനിക്ക് ‘‘നീതീകരണം’’ എന്ന വാക്കു ചിന്തിക്കുവാൻ കഴിയില്ല. അച്ചടിലോ കത്ത് ‘നീതീകരിക്കുക’ എന്നാൽ ഒരു പേജിന്റെ ഇരുവശങ്ങളും ഒരേ രീതി യിൽ വാക്കുകൾ കൂട്ടിമുട്ടിക്കുക എന്നാണ്. പ്രസിദ്ധീകരിക്കുന്ന മാസികക ളിൽ കമ്പ്യൂട്ടറിൽ വലതുവശത്തായി ലൈൻ കൃത്യമാക്കി നിർത്തുന്നതാണ്. അൻപതു വർഷങ്ങൾക്കു മുമ്പ് ഞാൻ മാസിക കൈകൊണ്ട് ലൈൻ ഒരേ രീതിയിൽ ആക്കണമായിരുന്നു. ആദ്യം ഞാൻ ആവശ്യത്തിനുള്ള വരികൾ (/////) ഇതുപോലെ വരികൾ പൂർണ്ണതയിൽ എത്തിക്കുവാനായി അച്ചടിക്കു മായിരുന്നു. അതിനുശേഷം ആ വരികൾ പൂർത്തീകരിക്കുവാനായി സ്ലാഷ് (//////) എന്ന് അടിക്കുമായിരുന്നു. അവസാനമായി ഞാനവ വീണ്ടും ടൈപ്പ് ചെയ്തു ഒഴിഞ്ഞു കിടക്കുന്ന സ്ഥലം പൂർണ്ണമാകുമ്പോൾ അത് വളരെ ഭംഗി യായി കാണും. അതിലെ വരികൾ എങ്ങനെയെങ്കിലും അപൂർണ്ണമായി കിടക്കു ന്നതല്ല, മറിച്ച് അവ നീതീകരിച്ചുകൊണ്ട് പൂർത്തീകരിക്കപ്പെട്ടതായി കാണാം.

**“കൃപ” എന്ന വാക്ക്! (3:24)**

ഞാൻ ടെക്സാസിലുള്ള അബിലേനയിൽ പഠിക്കുവാനായി ക്രിസ്ത്യൻ കോളേജിൽ ചേർന്ന് അധികം താമസിയാതെ ഞായറാഴ്ച്ചകളിൽ ഞാൻ ഒക്‌ലഹോമയിൽ പ്രസംഗിക്കുവാൻ ആരംഭിച്ചു. എല്ലാ വാരാന്ത്യത്തിലും എന്റെ നിയമനത്തിൽ എത്തിച്ചേരുവാൻ സഹ - വിദ്യാർത്ഥിയുമായി അവി ടേയും യാത്ര ചെയ്യുമായിരുന്നു. ഞങ്ങൾ അബിലേനിയയിൽ തിങ്കളാഴ്ച്ച അതിരാവിലെ മടങ്ങിയെത്തുന്ന പതിവുണ്ടായിരുന്നു. എല്ലാ തിങ്കളാഴ്ച്ചയും രാവിലെ 8:00 മണിക്ക് ടൈപ്പിംഗ് ക്ലാസ്സുണ്ടായിരുന്നു. അത് പഠനാരംഭത്തിൽ ഉള്ളവർക്കു മാത്രമുള്ളതായിരുന്നു. രണ്ടു പേർ മാത്രമേ ആ ക്ലാസ്സുകളിൽ ഉണ്ടായിരുന്നുള്ളൂ. അതിൽ ഒന്ന് ഞാനായിരുന്നു. വളരെ കുറച്ചുമാത്രം ഉറ

ങ്ങിയ ആ വാരാന്ത്യത്തിനു ശേഷം തെറ്റുവരുത്താതെ ടൈപ്പു ചെയ്യുന്നത് ആയാസമായി തോന്നി. ആ സെമസ്റ്ററിന്റെ അന്ത്യത്തിൽ അധികം തെറ്റുകൾ വരുത്താതെ ശ്രദ്ധിച്ചെങ്കിലും ഓരോ മിനിറ്റിലും ഞാൻ പൂജ്യം വാക്കു മാത്രം ടൈപ്പു ചെയ്യുമായിരുന്നു! അദ്ധ്യാപിക എനിക്ക് ''ഉ'' മാർക്കു തരുമായിരുന്നു. സ്കൂളിൽ എനിക്ക് ''ഉ'' മാർക്കായിരുന്നു കിട്ടിയിരുന്നത്. എന്നാൽ ആ കോഴ്സ് ജയിച്ചതിന്റെ അമിതാഘോഷത്തിലായിരുന്നു ഞാൻ! ആ ഒരു ''ഉ'' എനിക്ക് ഒരു സമ്മാനമായി – കൃപയായി – കിട്ടിയ മാർക്കായിരുന്നു. അത് എന്റെ പരിശ്രമത്താലോ, അർഹതപ്പെട്ടതിനാലോ കിട്ടിയതായിരുന്നില്ല.

തീർച്ചയായും, ദൈവത്തിന്റെ കൃപയുടെ അത്ഭുതമാർന്ന പ്രകടനം തന്റെ സ്വന്തം പുത്രനെ നമ്മുടെ പാപങ്ങൾക്കു വേണ്ടി അയച്ചുവെന്നതാണ് (3:25). രക്ഷ നമുക്ക് സൗജന്യമാണ്; എന്നാൽ അത് വിലകുറഞ്ഞതാണന്ന് അർത്ഥമില്ല.[141] ദൈവത്തിന് തന്റെ മകനെ അതിനായി വില കൊടുക്കേണ്ടി വന്നു! ചിലർ 'കൃപ' എന്നത് വിവരിക്കുവാൻ ഇംഗ്ലീഷിൽ (ഗ്രെയ്സ്) എന്നതിന്റെ മുഴുവാക്കുകൾ ഇങ്ങനെ കൊടുക്കാറുണ്ട്:

G-ഗോഡ്സ് (ദൈവത്തിന്റെ)
R-റിച്ചസ് (ധനങ്ങൾ)
A-അറ്റ്
C-ക്രൈസ്റ്റ്സ് (ക്രിസ്തുവിന്റെ)
E-എക്സ്പെൻസ് (വിലയിൽ)

പൗലൊസ് ''ദൈവത്തിന്റെ കൃപയാൽ നമ്മൾ നീതീകരിക്കപ്പെട്ടു'' എന്ന് പറഞ്ഞപ്പോൾ അതിന്റെ ഫലങ്ങളെ ഊന്നൽ കൊടുത്ത് ആവർത്തിക്കുകയാണ്. ആ ഒരു കാര്യം നമ്മൾക്ക് നഷ്ടമായി പോകാതിരിക്കുവാനാണ്. നീതീകരണം *സൗജന്യമാണ്*! അതെ സംപൂർണ്ണമായി *സൗജന്യമാണ്*! പാപികളായ നമുക്ക് രക്ഷ നമുക്കു നേടിയെടുക്കുവാൻ സാദ്ധ്യമല്ല. ദൈവം വെച്ചിരിക്കുന്ന വ്യവസ്ഥകൾ പൂർത്തീകരിച്ചാൽ പോലും അതിൻപ്രകാരം ദൈവത്തെ നമുക്ക് നമ്മുടെ പരിതിയിൽ കൊണ്ടുവരുവാൻ സാധിക്കുകയില്ല. ദൈവം നമ്മുടെ കടക്കാരനല്ല. നാം കൃപയാൽ മാത്രമേ രക്ഷിക്കപ്പെടുകയുള്ളു. അതല്ലാതെ സാദ്ധ്യമല്ല!

ഞാനെന്തെങ്കിലും കൂടെ ചെയ്താലെ രക്ഷിക്കപ്പെടൽ പൂർത്തിയാകുകയുള്ളോ? (അ.പ്രവൃത്തി. 2:36–38) ഒരു ദാനം നമ്മൾ സ്വീകരിക്കണം. ജിമ്മി അലൻ എഴുതി, ''ദാനം സ്വീകരിക്കുന്നതിനുമുമ്പ് അതിനായുള്ള ഒരു ആഹ്വാനമുണ്ട്. അത് സ്വീകരിച്ചുകഴിഞ്ഞാൽ അത് ദാനം തന്നെയാണ്. അതിൽ സ്വീകരിക്കപ്പെടുവാനുള്ള ഏതെല്ലാം വ്യവസ്ഥിതികളുണ്ടോ അതെല്ലാം അതിൽ അടങ്ങിയിട്ടുണ്ട്. യഥാർത്ഥത്തിൽ, ഒരു ദാനവും വ്യവസ്ഥ കൂടാതെ ഉണ്ടാകുന്നതല്ല''[142]

എന്നിരുന്നാലും, ആ യാഥാർത്ഥ്യത്തിന്റെ മനസ്സിലാക്കൽ ആ സത്യത്തിന്റെ മാർഗ്ഗത്തിൽ നിന്നും നമ്മെ തിരുച്ചുവിടുന്നില്ല. നാം രക്ഷിക്കപ്പെടുന്നത് ദൈവത്തിന്റെ ദാനമായിട്ടുള്ള കൃപയിലാണ്! ഫിലിപ്പ് യാൻസി പറഞ്ഞു, ''കൃപ'' സുവിശേഷത്തിന്റെ സത്തയാണ്; സൂര്യന്റെ രൂപം വെള്ളത്തിൽ പതിക്കുമ്പോൾ കാണുവാൻ കഴിയുന്നതുപോലെയാണത്.[143] അത്ഭുതമാർന്ന കൃപ (അമൈസിംഗ് ഗ്രെസ്) എന്ന ആ ഗാനം പാടിയിട്ട് ഇരുന്നൂറു വർഷങ്ങൾ

പിന്നിട്ടിട്ടും ലോകത്തിൽ ആ ഗാനത്തിന്റെ സ്വാധീനം വലുതാണ്, കൂടാതെ മനോഹരമായതാണ്:

അത്ഭുതമാർന്ന കൃപ! അതെത്ര മാധുര്യശബ്ദം!
എന്നെപ്പോലൊരു പാപിയെ രക്ഷിച്ചു!
ഒരിക്കൽ ഞാൻ നഷ്ടപ്പെട്ടവനായിരുന്നു, എന്നാൽ ഇപ്പോൾ ഞാൻ കണ്ടെത്തപ്പെട്ടു;
അന്ധനായിരുന്നു, എന്നാൽ ഇപ്പോൾ കാഴ്ച്ച ലഭിച്ചു.[144]

**"വീണ്ടെടുപ്പു വില കൊടുത്തു!" (3:24, 25)**

വലിയൊരു വീണ്ടെടുപ്പു വില കൊടുത്തതിനെക്കുറിച്ചൊരു പത്രത്തിന്റെ തലക്കെട്ടിൽ വന്നത് നിങ്ങളിൽ ചിലർ ഓർക്കുന്നുണ്ടായിരിക്കും. തങ്ങളുടെ തട്ടികൊണ്ടുപോയ മകനെ തിരിച്ചുകിട്ടാൻ വേണ്ടി ചാൾസ് ലിൻഡ് ബർഗും തന്റെ ഭാര്യയും കൂടെ 50,000 ഡോളർ കൊടുത്തു. 1963-ൽ പ്രസിദ്ധ പാട്ടുകാരനും അഭിനേതാവുമായ ഫ്രാൻങ്ക് സാനാട്ര തന്റെ മകൻ ഫ്രാങ്ക് ജൂനിയറിനെ തിരികെ കിട്ടാൻ വേണ്ടി കിഡ്നാപ്പറുമാർക്ക് 2,40,000 ഡോളർ കൊടുക്കേണ്ടിവന്നു. അത്തരത്തിലുള്ള വീണ്ടെടുപ്പുവിലയുമായി ക്രിസ്തുവിന്റെ വീണ്ടെടുപ്പുവിലയുമായി താരതമ്യപ്പെടുത്തുന്നത് തെറ്റാണ്.[145] നമുക്കായി യേശു നല്കിയ വീണ്ടെടുപ്പുവില യേശുവിന്റെ രക്തം ക്രൂശിൽ ചിന്തിയതാണ്.

**രക്തത്താൽ രക്ഷപ്പെട്ടു! (3:25; 5:9)**

പൗലൊസ് റോമർ 3:25ൽ എഴുതിയത് ''ദൈവം (യേശുവിനെ) പരസ്യമാക്കി, തന്റെ രക്തത്താൽ നമുക്കൊരു പ്രായശ്ചിത്തയാഗമാക്കി വിശ്വസിക്കുന്നവർക്ക് രക്ഷ നൽകി'' 5:9-ൽ അപ്പൊസ്തലൻ വ്യക്തമാക്കിയത് ''അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടിട്ട് ദൈവകോപത്തിൽ നിന്നും നാം രക്ഷിക്കപ്പെട്ടു.''

ചില ആളുകൾ ഇതിനെ ''രക്തമതം'' എന്നു പേരുവിളിച്ചു. ചില വർഷങ്ങൾക്കു മുമ്പ് യു.എസിലെ പ്രധാനപ്പെട്ട സഭാ വിഭാഗങ്ങൾ രക്തം എന്ന വാക്കിനെ അവരുടെ പാട്ടുപുസ്തകത്തിൽ നിന്നും നീക്കം ചെയ്യാനായി ഒരു വോട്ടെടുപ്പ് സംഘടിപ്പിച്ചു. എന്നിരുന്നാലും പാട്ടുപുസ്തകത്തിൽ നിന്നും ക്രിസ്തീയ വിശ്വാസത്തിൽ നിന്നും രക്തത്തെ മാറ്റിയാൽ ജീവനെ മാറ്റുന്നതിനു തുല്യമാണ്. കാരണം രക്തത്തിലാണ് ജീവനിരിക്കുന്നത് (ലേവ്യ 17:11). എബ്രായ ലേഖന കർത്താവ് എഴുതിയ് ''രക്തച്ചൊരിച്ചിലില്ലാതെ പാപമോചനമില്ല'' (എബ്രാ. 9:22).

എബ്രായർ 9:11-14-ൽ പഴയനിയമത്തിലെ രക്തം ചൊരിഞ്ഞുള്ള യാഗങ്ങളും ഉടമ്പടികളും യേശുക്രിസ്തുവിന്റ രക്തയാഗവുമായി താരതമ്യപ്പെടുത്തുകയും വിവിധ വശങ്ങളെക്കുറിച്ച് പഠിപ്പിക്കുകയും ചെയ്യുന്നു. അതിന്റെ സാമ്യങ്ങളെയും വ്യത്യാസങ്ങളെയും കുറിച്ച് പഠിക്കുമ്പോൾ ഒരുപക്ഷേ നമുക്ക് ശരിയായി കാര്യങ്ങൾ മനസ്സിലാക്കുവാനും പാപങ്ങളെ പരിഹരിക്കുന്നതിന്റെ ആവശ്യകത അതിലൂടെ ഗ്രഹിക്കുവാനും കഴിയും.

*പഴയ ഉടമ്പടി.*

1. അതിന്റെ നിയമം ദൈവവുമായുള്ള മനുഷ്യവർഗ്ഗത്തിന്റെ ബന്ധത്തിന്റെ ഉൽപത്തി മുതൽ രക്തം ചൊരിഞ്ഞുകൊണ്ട് ആ ബന്ധം നിലനിർത്തുന്നതു കാണാം. അതിനായി ദൈവം കാര്യങ്ങൾ ചെയ്തിരിക്കുന്നു.

ഹാബേൽ തന്റെ ആട്ടിൻകൂട്ടത്തിൽ നിന്നും കൊണ്ടുവന്നു (ഉല്പ. 4:4).
നോഹ ദൈവത്തിന് യാഗം കഴിച്ചു. തന്റെ മൃഗ സമ്പത്തിൽ നിന്നും; പറവജാതികളിൽനിന്നും (ഉല്പ. 8:20).
അബ്രഹാം ധാരാളം യാഗപീഠങ്ങൾ പണിതു. ദൈവത്തിനു യാഗങ്ങൾ അർപ്പിച്ചു (ഉല്പ. 12:7, 8; 13:18; 22:9).
പെസഹാകുഞ്ഞാട് യാഗമാണ് (പുറ. 12:1–27).

എബ്രായ ലേഖന കർത്താവിന്റെ പ്രത്യേക താല്പര്യം ഒന്നാമത്തെ ഉടമ്പടിയിലുള്ള രക്താർപ്പണവുമായി ബന്ധപ്പെട്ടു കിടക്കുന്നതാണ് – പഴയനിയമം (എബ്രാ. 9:18).

പത്തു കല്പനകൾ ദൈവം നല്കിയതിനുശേഷം അനുബന്ധ നിയമങ്ങളും നല്കി. അതു പുസ്തകമാക്കി മാറ്റി. അതാണ് ചുരുൾ (സ്ക്രോൾ) (പുറപ്പാട്. 24:4) അതു ചെയ്തു കഴിഞ്ഞപ്പോൾ ദൈവമുമ്പാകെ അവന്റെ കല്പനകളെ പാലിച്ചുകൊള്ളാമെന്ന് യിസ്രായേൽ മക്കൾ ഉടമ്പടിയെ പുതുക്കി. തുടർന്ന് കാളകളെ യാഗം അർപ്പിച്ചു (പുറ. 24:5). കാളകളുടെ ആ രക്തം പുസ്തകത്തിന്മേലും അവിടെ കൂടി വന്ന യിസ്രായേൽ ജനത്തിന്റെ മേലും തളിച്ചു (പുറ. 24:8; എബ്രാ. 9:19), തിരുനിവാസത്തിന്മേലും സമാഗമനകൂടാരത്തിന്മേലും അതിന്റ മേശമേലും (എബ്രാ. 9:21) മോശെ പിന്നീടു പറഞ്ഞു ‘‘ദൈവം നിങ്ങളുമായി ഉണ്ടാക്കിയ ഉടമ്പടിയുടെ രക്തം ഇതായെന്ന്’’ (പുറ. 24:8).

അതിനുശേഷമുള്ള 150 വർഷങ്ങൾ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നതിൻ പ്രകാരം ധാരാളം രക്തയാഗങ്ങൾ അർപ്പിക്കുകയുണ്ടായി. ആട്ടുകൊറ്റന്മാരുടെയും കാളക്കിടാങ്ങളുടെയും രക്തം ചിന്തി (എബ്രാ. 9:12). പ്രാവുകളുടെ ചാരം ചില മതാനുഷ്ഠാന കർമ്മങ്ങൾക്ക് ഉപയോഗിച്ചു (എബ്ര. 9:13; സംഖ്യ 19:9 കാണുക). എല്ലാ വർഷവും പാപപരിഹാരദിനത്തിൽ ഏറ്റവും വലിയ രക്തബലി നടത്തിപ്പോന്നു (എബ്രാ. 9:25). ന്യായപ്രമാണത്തിൻ കീഴിൽ നിയമം അനുസരിച്ച്, എല്ലാ വസ്തുക്കളും രക്തത്താൽ ശുദ്ധീകരിക്കപ്പെട്ടു. രക്തം ചൊരിഞ്ഞിട്ടല്ലാതെ പാപമോചനം ഇല്ല (എബ്രാ. 9:22).

2. അതിന്റെ കാരണം എന്തുകൊണ്ടാണിതിങ്ങനെയുള്ള കാര്യങ്ങൾ? അതിനു എബ്രായ ലേഖനകർത്താവു നല്കുന്ന വിശദീകരണം 9:16, 17ൽ വാക്കുകൾ കൊണ്ടുള്ള കളിയാണ്. ഉടമ്പടിക്ക് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന പദം (ഡുനികെ) പൊതുവേ ഒരു ഇഷ്ടത്തിന്റേതായി കാണാം. ഈ വാക്കിന്റെ പ്രാരംഭ അർത്ഥം എഴുത്തുകാരൻ സൂചിപ്പിച്ചിരിക്കുന്നത് അവസാന ഇഷ്ടവും നിയമങ്ങളും അതിന്റെ ആവിഷ്ക്കാരകൻ മരിക്കുന്നിടം വരേയും ഫലപ്രദമാകുകയില്ല. അതുകൊണ്ട് അദ്ദേഹം അവസാനിപ്പിക്കുന്നത്, മനുഷ്യനും ദൈവത്തിനും ഇടയിൽ ആ നിയമം ഉറപ്പിക്കുവാൻ ഒരാൾ മരിക്കേണ്ടത് അനിവാര്യമായിരുന്നു എന്നാണ്.

എബ്രായ എഴുത്തുകാരൻ അതിനപ്പുറത്തേക്ക് പോകുന്നില്ല. അയാൾക്കു അതെന്തുകൊണ്ട് എന്ന് വിശദീകരിക്കേണ്ടുന്ന ആവശ്യകത ഇല്ല. മൃഗബലികളെ കുറിച്ചറിയുന്നവരായിരുന്നു തന്റെ വായനക്കാർ. രക്തം ചൊരിഞ്ഞിട്ടല്ലാതെ പാപമോചനമില്ലായെന്നു പറഞ്ഞപ്പോൾ (എബ്രാ. 9:22) അദ്ദേഹത്തിന്റെ വായനക്കാർ തലയാട്ടി സമ്മതിച്ചു കാണും. എന്നിരുന്നാലും നമ്മിൽ പലർക്കും ആ ഒരു പശ്ചാത്തലം ഉണ്ടാകുകയില്ല ചിലർ അതിശയിച്ചു ചോദിച്ചേക്കാം ദൈവത്തിന് എന്തിനാണ് രക്തയാഗം. ദൈവത്തിന്റെ മനസ്സിൽ ഉണ്ടായിരുന്ന

തെല്ലാം നമുക്ക് മനസ്സിലാകുകയില്ല (യെശ. 55:8, 9), എന്നാൽ താഴെ വരുന്ന ചില നിർദ്ദേശങ്ങൾ ശ്രദ്ധിക്കാം. ദൈവത്തിന് തന്റെ ജനത്തെ സത്യങ്ങൾ പഠിപ്പിക്കുവാൻ താല്പര്യമുണ്ടായിരുന്നു. താഴെ പറയുന്ന കാര്യങ്ങൾ അവരെ മനസ്സിലാക്കികൊടുക്കുവാൻ ദൈവം ആഗ്രഹിച്ചിരുന്നു:

*പാപമെന്നത് വളരെ ഭയാനകമാണ്.* അത് എളുപ്പത്തിൽ പരിഹരിക്കപ്പെടുക യില്ല. നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെടണമെങ്കിൽ ഒരു മരണം സംഭവിച്ചിരിക്കണം; രക്തം ചൊരിയപ്പെടണം.

*ദൈവം കൃപാലുവാണ്.* അവൻ പാപങ്ങളെ ക്ഷമിക്കുവാൻ സന്നദ്ധനാണ്– എന്നാൽ ശരിയായ രക്തബലി നടന്നാൽ മാത്രമേ അതു സംഭവിക്കുകയുള്ളൂ.

*രക്തം അനിവാര്യമാണ്.* രക്തം ചൊരിച്ചിലില്ലാതെ പാപങ്ങൾക്ക് മോചനമുണ്ടാകുകയില്ല.

*മൃഗങ്ങളുടെ രക്തം മതിയായതല്ല.* മൃഗയാഗം കൂടെക്കൂടെ ചെയ്യേണ്ടതാണ് (എബ്രാ. 10:1–3, 11). എല്ലാവരുടെയും പാപങ്ങളെ പരിഹരിക്കുവാൻ പരിപൂർണ്ണമായ ഒരു യാഗം –ഭൂതം, വർത്തമാനം, ഭാവി– ആവശ്യമാണ് (എബ്രാ. 10:12). അതൊരു പുതിയ ഉടമ്പടിയിലേക്ക് നമ്മെ കൊണ്ടുവരും.

*പുതിയ ഉടമ്പടി.*

1. പരിഹാരം. പഴയനിയമത്തിലെ പല യാഗങ്ങൾക്ക് വിരുദ്ധമായി പുതിയ നിയമത്തിലുള്ള രക്തബലി പുതിയ ഉടമ്പടി ഉണ്ടാക്കുന്നു; ആ ബലി ക്രൂശിൽ ക്രിസ്തുവിന്റെ യാഗമാണ്.[146] എബ്രായ ലേഖകൻ പാപപരിഹാരദിനത്തിലെ വസ്തുതകളെ സാങ്കല്പികമായി ഇവിടെ യാഗത്തോടു ചേർത്തു വിവരിക്കുന്നു.

പാപപരിഹാരദിനത്തിൽ മഹാപുരോഹിതൻ, അതിവിശുദ്ധ സ്ഥലത്തേക്കു (എബ്രാ. 9:24) മൃഗങ്ങളുടെ രക്തവുമായി പ്രവേശിക്കുകയും അവിടെ കൃപാസനത്തിൽ അത് തളിക്കുകയും ചെയ്യുന്നു. അതുപോലെ[147] യേശു സ്വർഗ്ഗാധിസ്വർഗ്ഗത്തിൽ പ്രവേശിച്ചിരിക്കുന്നു (എബ്രാ. 9:11, 12). എന്നിരുന്നാലും, പാപപരിഹാര ദിനത്തിലെ യാഗത്തെപ്പോലെയല്ലാതെ ക്രിസ്തുവിന്റെ യാഗം ഒരിക്കലായിട്ടും എന്നന്നേക്കുമുള്ളതായിരുന്നു (എബ്രാ. 7:27; 9:12; 10:10 കാണുക റോമ. 6:10, 1 പത്രൊ. 3:18) യേശു സ്വർഗ്ഗത്തിനും ഭൂമിക്കും ഇടയിൽ അങ്ങോട്ടുമിങ്ങോട്ടും പോയി ഒന്നിനുപുറകെ ഒന്നൊന്നായി ബലിയർപ്പണം നടത്തേണ്ടതില്ല.

2. ഫലങ്ങൾ. യേശുവിന്റെ പരിപൂർണ്ണയാഗം എന്താണ് പൂർത്തീകരിച്ചത്? അവൻ സ്വന്തയാഗത്താൽ പാപങ്ങളെ എന്നേക്കുമായി നീക്കം ചെയ്യുവാൻ വന്നു (എബ്രാ. 9:26). ഒന്നാമത് തന്റെ മരണം പഴയനിയമത്തിൽ (എബ്രാ. 9:15) യാഗങ്ങൾകൊണ്ട് പാപക്ഷമ ഉണ്ടായിരുന്നു; അത് ഭാഗികമായതു മാത്രമായിരുന്നു; അത് വരുവാനുള്ള യേശുവിന്റെ ക്രൂശിലെ മരണത്തോടു ബന്ധപ്പെട്ടുള്ള ക്ഷമയായിരുന്നു.

പ്രാഥമികമായി ഇതിനോടുള്ള നമ്മുടെ താല്പര്യമെന്നത്, യേശുവിന്റെ മരണം സുവിശേഷത്തോടു നാം പ്രതികരിക്കുമ്പോൾ അത് നമുക്ക് നമ്മുടെ

രക്ഷയുടെ ഉറപ്പായി മാറുന്നു (എബ്രാ. 9:15; 2 തെസ്സ. 2:14). അത് നമുക്ക് കുറ്റമറ്റ മനസാക്ഷിയെ നല്കുകയും ജീവനുള്ള സത്യദൈവത്തെ സേവിക്കുവാൻ ഇടയാക്കുകയും ചെയ്യും (എബ്രാ. 9:14). അത് നിത്യതയിലെ ഒരു അവകാശത്തിലേക്ക് നമ്മെ ഉറപ്പിക്കുന്നു (എബ്രാ. 9:15). തുടർന്നു യേശുവിന്റെ രക്തം പുതിയ ഉടമ്പടിയിലേക്കു നമ്മെ പ്രവേശിപ്പിക്കുന്നു (എബ്രാ. 9:17); ദൈവത്തോടുള്ള നമ്മുടെ ഉടമ്പടിയുടെ മദ്ധ്യസ്ഥൻ യേശുവാണ്; അവൻ നമുക്കുവേണ്ടി പിതാവിന്റെ സന്നിധാനത്തിൽ നിരന്തരം മദ്ധ്യസ്ഥത ചെയ്യുന്നു.

നമ്മുടെ ടെക്സ്റ്റ് ഉപസംഹരിക്കുന്നത് നമ്മൾ ഒരിക്കൽ മാത്രം മരിക്കുമെന്നും, ക്രിസ്തു നമുക്കായി ഒരിക്കൽ മരിച്ചുവെന്നും പറഞ്ഞുകൊണ്ടാണ് (എബ്രാ. 9:27, 28). ബ്രൂസ് ഈ വാക്കുകളെ ഇങ്ങനെയാണ് ചുരുക്കി എഴുതുന്നത്, ‘‘മനുഷ്യർ ഒരിക്കൽ മരിക്കും, അത് ദൈവീക നിയമനമാണ്. അവരുടെ കാര്യത്തിൽ അവരെ ന്യായവിധി പിന്തുടരും. ക്രിസ്തു ഒരിക്കലായി മരിച്ചു. അതു ദൈവത്താലുള്ള നിയോഗമാണ്. എന്നാൽ അവന്റെ മരണത്തോടുകൂടെ എല്ലാ മനുഷ്യർക്കും രക്ഷ അനുഗമിക്കുന്നു.’’[148]

*ഉപസംഹാരം:* എല്ലായ്പ്പോഴും നമ്മൾ അറിഞ്ഞിരിക്കേണ്ടന്ന കാര്യം രക്ഷയുടെ സത്യം എത്ര അത്ഭുതമേറിയതാണന്നതാണ്. യേശുവിന്റെ വിലയേറിയ രക്തത്തെ നമുക്കായി ചിന്തിയെന്നത് നമ്മൾ ദൈവത്തിന് നന്ദിപറയാനായി എല്ലായ്പ്പോഴും ഇടയാകണം. ദൈവം നമ്മൾക്കായി ശുദ്ധിയുള്ള രക്തത്തെ തന്നു വീണ്ടതിനെ തിരസ്ക്കരിക്കാതെ അതിൽ ശ്രദ്ധയുള്ളവരായി നമുക്ക് ജീവിക്കാം (എബ്രാ. 10:29).

**പഴയ ഉടമ്പടിക്കകെത്തുള്ള പാപങ്ങൾ (3:25)**

രണ്ടു സമാനഭാഗങ്ങൾ കൂടെ പുതിയനിയമത്തിൽ വെല്ലുവിളി ഉയർത്തുന്നു. ഒന്ന് റോമർ 3:25ൽ യേശുവിന്റെ യാഗത്തെകുറിച്ചു സംസാരിക്കുമ്പോൾ ദൈവം നമ്മുടെ മുൻപാപങ്ങളെ ക്ഷമിച്ചു എന്നു കാണാം. മറ്റൊന്ന് എബ്രാ. 9:15 ‘‘ക്രിസ്തുവിന്റെ മരണത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പുണ്ട്.’’ ഈ ഭാഗങ്ങൾ പരിശോധിക്കുമ്പോൾ വളരെ ചിന്തയോടുകൂടെ വേണം അതു ചെയ്യുവാൻ; കാരണം ‘‘ഒന്നാമത്തെ ഉടമ്പടി’’ (പഴയനിയമം) പൊതുവെ വിശ്വസിച്ചിരുന്നത് ദൈവം അവരുടെ പാപങ്ങൾ ക്ഷമിച്ചുവെന്നാണ് (സങ്കീ. 32:51).

ഇവിടെ ആ ആശയങ്ങളെ അംഗീകരിച്ചാൽ ദാവീദിന്റെ രണ്ടു സങ്കീർത്തനങ്ങളിൽ 32, 51 പാപക്ഷമയുടെ കാര്യങ്ങളാണ് പ്രതിപാദിച്ചിരിക്കുന്നത്. അത് *മാനുഷികമായ കാഴ്ച്ചപ്പാടിൽ* നിന്നുള്ളതാണ്. റോമ. 3:25ഉം എബ്രാ. 9:15ഉം അവതരിപ്പിക്കുന്ന പാപക്ഷമ ദൈവീക കാഴ്ച്ചപ്പാടിന്റെ ഭാഗത്തുനിന്നുമാണ്. പാപങ്ങൾ പൂർണ്ണമായും, എല്ലാമായും യേശുവിന്റെ യാഗം വരെ ക്ഷമിച്ചിരുന്നില്ല. എന്നാൽ ദൈവത്തിന്റെ മനസ്സിൽ യേശു ബലിയാകുമെന്നതിനെക്കുറിച്ച് ഒരു സംശയവും ഉണ്ടായിരുന്നില്ല (എഫെ. 3:11; 1 പത്രോ. 1:19, 20). അതുകൊണ്ടുതന്നെ യേശുവിന്റെ ക്രൂശിലെ യാഗത്തിനു മുമ്പുതന്നെ ആ യാഗത്തിന്റെ അടിസ്ഥാനത്തിൽ മറ്റുള്ളവരുടെ പാപങ്ങൾ ക്ഷമിച്ചുകൊടുക്കാം.

**ഏതു ഉദാഹരണമാണ് ഉപയോഗിക്കാവുന്നത്? (3:26)**

ഈ കാലയളവത്രയും ധാരാളം പ്രസംഗകർ ഉദാഹരണങ്ങളായി ഇവ നിർദ്ദേശിച്ചിരുന്നു. ദൈവത്തിന്റെ നീതിയും സ്നേഹവും[149] ഒരേ സമയത്ത്

വിശദമാക്കുന്നതെങ്ങനെ? ഒരു ജ്ഞാനിയും ബുദ്ധിമാനുമായവന്റെ കഥ ശ്രദ്ധിക്കാം:

> അദ്ദേഹം ഭരണം കാഴ്ച്ചവെച്ചത്, തന്റെ ശാരീരിക ശക്തികൊണ്ടുമാത്ര മല്ല, തന്റെ ബുദ്ധി വൈഭവത്താലും പക്ഷഭേദമില്ലായ്മകൊണ്ടുമായി രുന്നു. അങ്ങനെയിരിക്കെ തന്റെ നാട്ടിൽ മോഷണം അതിവേഗത്തിൽ തുടരുവാൻ തുടങ്ങി. ഈ ഗോത്രത്തലവൻ തന്റെ ജനത്തോടു വിളംബരം ചെയ്തു, മോഷ്ടാവിനെ കണ്ടുകിട്ടിയാൽ ചാട്ടവാറുകൊണ്ട് 10അടി കൊടുക്കുമെന്ന്. പിന്നീടും മോഷണം തുടർന്നതിനാൽ അദ്ദേഹം ശിക്ഷ നാല്പതടിയാക്കി മാറ്റി. അത് നടപ്പിൽ വരുത്തുവാൻ അദ്ദേഹത്തിന് കഴിയുമെന്നല്ലാവർക്കും ഉറപ്പായിരുന്നു. എന്നാൽ എല്ലാവരെയും അമ്പ രപ്പിച്ചുകൊണ്ട് ആ ഗോത്രത്തലവന്റെ വയോവൃദ്ധയായ മാതാവായി രുന്നു അത്. അവർ തന്റെ മാതാവാകയാൽ ഗോത്രത്തലവൻ വാക്കുപ ാലിക്കുകയില്ലായെന്നു പിറുപിറുപ്പ് നാട്ടിലെങ്ങും ഉണ്ടായി. എന്നാൽ ആ ഗോത്രത്തലവൻ തന്റെ വാക്കു പാലിക്കുവാൻ തീരുമാനിച്ചു. തന്റെ വൃദ്ധ മാതാവിന് 40 അടി വെച്ചു കൊടുക്കുവാൻ ആജ്ഞാപിച്ചു. നീതിയുടെ ഭാഗത്തുനിന്നും അടിയാരംഭിക്കുവാൻ തുടങ്ങിയപ്പോൾ അദ്ദേഹത്തിന്റെ സ്നേഹം തന്റെ മാതാവിനോട് കൂടുതലായിരുന്നതിനാൽ ചാട്ടവാറിന്റെ അടി അവരുടെ ശരീരത്തിലേക്ക് വരുന്ന സന്ദർഭത്തിൽ തന്നെ ആ വൃദ്ധ മാതാവിന്റെ ശരീരത്തെ തന്റെ ശരീരംകെ ാണ്ട് ആ ഗോത്രത്തലവൻ പൊതിഞ്ഞു. ഒരടിപോലും കൊള്ളാതെ ആ അടികളെല്ലാം അദ്ദേഹം സ്വയമായി സ്വന്തം ശരീരത്തിൽ ഏറ്റുവാങ്ങി.[150]

**ആത്മപ്രശംസ പുറത്താകുന്നു (3:27)**

ഉ. മൂഡി ഒരിക്കൽ ഇങ്ങനെ പറഞ്ഞിട്ടുണ്ട്. തന്റെ നിഗള മനോഭാവം മാറ്റു വാൻ ഇടയായാൽ എത്ര സന്തുഷ്ടിയുള്ളവനാകും:

> ഒരു മനുഷ്യന് സ്വർഗ്ഗത്തിലേക്കുള്ള വഴിയിലാണങ്കിൽ അവന്റെ അവ സാനം വരെ അവനെക്കുറിച്ചൊന്നും കേൾക്കുകയില്ല. എന്നാൽ ആയിരം ഡോളർ കൊടുത്ത് മറ്റുള്ളവരുടെ മുമ്പിൽ എത്തുന്നവനെക്കുറിച്ചു, അവന്റെ ഗർവ്വത്തെ കുറിച്ച് അല്പമെങ്കിലും കേൾക്കാതിരിക്കുകയില്ല. ഞാൻ ഇത്തരക്കാരെക്കുറിച്ച് ധാരാളം കേട്ടു മടുത്തുപോയിട്ടുണ്ട്. എന്നാൽ എന്റെ സന്തോഷമെന്നത്, നിത്യത വരെ അവിടെ എത്തിചേ രാൻ വേണ്ടി ആരും ഒരിക്കലും പ്രവർത്തിച്ചിട്ടില്ല എന്നതാണ്![151]

**വിശ്വാസത്താൽ മാത്രമല്ല (3:28)**

റോമർ 3:28 ലാണ് പ്രസിദ്ധനായ മാർട്ടിൻലൂദർ എന്ന നവീകരണ കർത്താവ് (1483–1546) ''മാത്രം'' എന്ന ഒരു വാക്ക് തന്റെ ബൈബിളിൽ ജർമ്മൻ പരിഭാഷയിൽ ഉൾപ്പെടുത്തിയത്; അത് വിശ്വാസത്താൽ മാത്രമാണ് നീതീക രണം എന്നു വ്യക്തമായി ജനങ്ങളെ പഠിപ്പിക്കുവാനായിട്ടാണ് അത് ചെയ്തത്[152] ലൂദർ എന്ന കത്തോലിക്കയിലെ ഒരു പുരോഹിതനായിരുന്നു. പിന്നീടതിനേ ാടു വിയോജിപ്പുണ്ടായി. പ്രവൃത്തിയാലുള്ള – (കർമ്മമാർഗ്ഗത്താൽ) രക്ഷയെ പാടെ നിരാകരിക്കുവാനായി തന്റെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ

‘‘കർമ്മമാർഗ്ഗത്തെ’’ പരിപൂർണ്ണമായി ഒഴിവാക്കികൊണ്ട് അമിതമായി താൻ വിശ്വാസ മാർഗ്ഗത്തിന് പ്രാധാന്യം നൽകി. ‘‘മാത്രം’’ (റോമ. 3:28) എന്ന വാക്ക് ചേർത്ത് ഈ വാക്യത്തെ കർമ്മമാർഗ്ഗത്തെ നിരാകരിച്ചപ്പോൾ യാക്കൊബിന്റെ ലേഖനത്തിലെ 2:24 പ്രവൃത്തികളുടെ അനിവാര്യത ഒരു വൈരുദ്ധ്യമായി തീർന്നു. അതിനു ലൂദർ പരിഹാരം കണ്ടെത്തിയത് യാക്കൊബിന്റെ ലേഖനം ‘‘വൈക്കോലിന്റെ ലേഖനം’’ എന്നു പരിഹസിച്ചുകൊണ്ടും വിലയില്ലാത്തതെന്ന് പറഞ്ഞുകൊണ്ടുമാണ്.[153]

ഞാൻ പലപ്പോഴും അതിശയിച്ചിട്ടുള്ളത്, എത്രയോ വ്യാഖ്യാതാക്കളാണ് ലൂദറിനെ അനുകൂലിച്ചുകൊണ്ട് സ്ഥായിയല്ലാത്ത കാര്യങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതാണ് ‘‘വിശ്വാസത്താലുള്ള രക്ഷ’’ എന്നു പഠിപ്പിക്കുന്ന ഇവാഞ്ചലിക്കൽ (സുവിശേഷ വിഹിത വിശ്വാസം) ക്രിസ്ത്യാനികൾക്ക് ഏറ്റവും പ്രഥമമായ ഒരു ആധികാരിക വാക്കാണിത്.

അകത്തോലിക്കരായ എല്ലാവരും തന്നെ ലൂദറിനോടു കടപ്പെട്ടിരിക്കുന്ന ഒരു വസ്തുതയുണ്ട്, ഒരിക്കലും ഇളക്കം തട്ടാത്തവിധം മതത്തിന്റെ വ്യവസ്ഥിതിയെ ഇളക്കിമാറ്റി എന്നതിനാലാണത്. ലൂദർ തിരുവെഴുത്തിനെ ജർമ്മൻ ഭാഷയിലേക്ക് പരിഭാഷ്പെടുത്തിയത് അത്യധികം ശ്ലാഘനീയമായ ഒരു ഉദ്യമമായിരുന്നു-എന്നാൽ അദ്ദേഹം ‘‘മാത്രം’’ എന്ന ആ പദം എടുത്ത് എഴുതിയത് ശരിയായില്ലായെന്നാണെന്റെ പക്ഷം. അദ്ദേഹത്തിനു വേണമെങ്കിൽ ഇങ്ങനെ എഴുതാമായിരുന്നു. ‘‘രക്ഷ വിശ്വാസത്താൽ മാത്രമാണന്ന് ഞാൻ വിശ്വസിക്കുന്നു എന്ന്’’ അങ്ങനെ എഴുതിയിരുന്നെങ്കിൽ അതൊരു നല്ലകാര്യമാകുമായിരുന്നു. അല്ലാതെ ദൈവനിശ്വാസ്യമായ ആ വാക്യത്തിൽ ദൈവ വാക്കായി ആ പദത്തെ ചേർത്തത് അത്ര ശരിയായില്ല.

ഒന്നാമതായി, ലൂദർ ദൈവവചനത്തോടു ഒരു പദം എഴുതിചേർത്തതുകൊണ്ട് തെറ്റാണ് ചെയ്തത് (ആവ. 4:2, സദൃ. 30:6, വെളി. 22:18, 19 എന്നിവ കാണുക). രണ്ടാമതായി, അത് എഴുതിചേർത്തപ്പോൾ അദ്ദേഹത്തിന്റെ അനുയായികൾ അതിനെ അപ്രകാരം തന്നെ കണ്ടുകൊണ്ട് മറ്റുള്ളതിനെയെല്ലാം നിരാകരിച്ചതിനാൽ അതും തെറ്റാണ്. ദൈവ വചനത്തിൽ പറഞ്ഞിരിക്കുന്ന മറ്റു കാര്യങ്ങൾ അപ്രധാനമെന്ന് അവർ അവകാശപ്പെട്ടു.

ഞാൻ താമസിക്കുന്ന ഇടങ്ങളിൽ ‘‘മാത്രം,’’ ‘‘ആവശ്യമായിരിക്കുന്നത്’’ എന്നെല്ലാം വാദിക്കുന്നവർ ‘‘സ്നാനം’’ ആവശ്യമില്ലായെന്നു പറയുന്നു. സ്നാനം രക്ഷക്ക് ആവശ്യമില്ല; രക്ഷയുമായി ബന്ധപ്പെട്ടല്ല സ്നാനം പറയുന്നത്. എന്നാൽ പത്രൊസിന്റെ പ്രസംഗത്തിൽ മാനസ്സാന്തരപ്പെട്ട ആളുകൾ ഞങ്ങൾ എന്തു ചെയ്യണമെന്ന് ചോദിച്ചപ്പോൾ പാപങ്ങളുടെ മോചനത്തിനായി സ്നാനപ്പെടുവീൻ എന്നു പറയുന്നു (അ. പ്രവൃത്തി. 2:37). യേശുക്രിസ്തുവിന്റെ നാമത്തിന്റെ പ്രത്യേകതക്കായിട്ടാണ് അവിടെ സ്നാനത്തെപ്പറ്റി പറയുന്നത് (അ. പ്രവൃത്തി. 2:38) ആദിമ നൂറ്റാണ്ടിൽ ത്രിയേക ദൈവത്തെക്കുറിച്ചറിവില്ലായ്കയാൽ അവർക്ക് യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം അനിവാര്യമായിരുന്നു (അ. പ്രവൃത്തി. 22:10). പൗലൊസും ഇതേകാര്യം ദൈവത്തോടു ചോദിച്ചപ്പോൾ സ്നാനത്തെക്കുറിച്ചു പറയുന്നുണ്ട്. അനന്യാസ് പൗലൊസിനു കൊടുക്കുന്ന മറുപടിയിലും ‘‘എഴുന്നേറ്റു സ്നാനപ്പെട്ട് നിന്റെ പാപങ്ങളെ ഏറ്റുപറഞ്ഞ് സ്നാനപ്പെടുക’’ എന്നു കാണാം (അ. പ്രവൃത്തി. 22:16). അവിടെ യേശുവിൽ ആശ്രയിച്ചാൽ മതിയെന്നു മാത്രമല്ല പറഞ്ഞിരിക്കുന്നത്.

ജെ. ഡബ്ല്യു. മാക്ഗ്രെ എഴുതിയിരിക്കുന്നത്,

> റോമാ ലേഖനത്തിൽ പ്രവർത്തിയാലുള്ള നീതീകരണത്തെ (തിരുത്തുവാൻ വേണ്ടി ലൂദർ മറ്റൊരു തെറ്റുണ്ടാക്കി; അത് വിശ്വാസത്താൽ മാത്രമുള്ള നീതീകരണം എന്നതായിരുന്നു, അവയിൽ രണ്ടും പ്രത്യേകിച്ച് കാര്യമൊന്നുമില്ല. നമുക്ക് സൗജന്യമായി ലഭിച്ച നീതീകരണത്തിന്റെ പങ്കാളിത്തത്തിനായി വിശ്വാസവും, മാനസ്സാന്തരവും, സ്നാനം മുതലായവ ആവശ്യമാണ്, അങ്ങനെയാണ് ക്രിസ്തുവിന്റെ രക്തത്തെ നമ്മൾ ആശ്രയിക്കുന്നതും ആദരിക്കുന്നതും. നമ്മുടെ ഭാഗത്തു നിന്നും നമുക്കു ചെയ്യുവാനുള്ള കാര്യങ്ങൾ ചെയ്യുമ്പോഴാണ് ദൈവത്തിന്റെ പ്രവർത്തിയോടു നമ്മൾ ക്രിയാത്മകമായി പ്രതികരിക്കുന്നത്. അത് നമുക്കായി കർത്താവു വെച്ചിരിക്കുന്ന വ്യവസ്ഥകളാണ്. ആ വ്യവസ്ഥകൾ അനുധാവനം ചെയ്യുമ്പോഴാണ് യേശുവിന്റെ രക്തം നമുക്ക് പ്രയോജനകരമായി തീരുന്നത്; അതാണ് നമ്മെ നീതീകരിക്കുന്നത്.[154]

ഞാൻ വിശ്വാസത്താലുള്ള നീതീകരണം വിശ്വസിക്കുന്നവനാണ്. ഞാൻ ദൈവത്തെ സ്തുതിക്കുന്നു. കാരണം വിശ്വാസത്താലാണ് ഞാൻ രക്ഷിക്കപ്പെട്ടത്, അല്ലാതെ പൂർണ്ണമായി ഞാൻ ദൈവത്തെ അനുസരിച്ചിട്ടില്ല. അതേ സമയം, ദൈവം എനിക്കായി വെച്ചിരിക്കുന്ന ഏതെങ്കിലും വ്യവസ്ഥയെ ചെറുതാക്കുവാനോ നിരാകരിക്കുവാനോ എനിക്കവകാശമില്ല; ഞാനങ്ങനെ നിരാകരിച്ചാൽ അതു വിശ്വാസക്കുറവല്ല, എന്റെ ആശ്രയക്കുറവാണ്.

---

കുറിപ്പുകൾ

[1]The next section, 3:9–20, is more general in nature (3:9b, 19b) but still gives special attention to the Jews (3:9a, 19a, 20a). [2]Douglas J. Moo, *Romans*, The NIV Application Commentary (Grand Rapids, Mich.: Zondervan Publishing House, 2000), 103. [3]*The Analytical Greek Lexicon* (London: Samuel Bagster & Sons, 1971), 317. [4]W. E. Vine, Merrill F. Unger, and William White, Jr., *Vine's Complete Expository Dictionary of Old and New Testament Words* (Nashville: Thomas Nelson Publishers, 1985), 15. [5]See John MacArthur, Jr., *Romans 1—8*, The MacArthur New Testament Commentary (Chicago: Moody Press, 1991), 168; Leon Morris, *The Epistle to the Romans* (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1988), 153. [6]MacArthur, 169. [7]James R. Edwards, *Romans*, New International Biblical Commentary (Peabody, Mass.: Hendrickson Publishers, 1992), 83. [8]James D. Smart, *Doorway to a New Age: A Study of Paul's Letter to the Romans* (Philadelphia: The Westminster Press, 1972), 56. [9]The Analytical Greek Lexicon, 314. [10]Edwards, 83.

[11]See comments on 3:31. [12]"Will it?" is not in the original text. It is supplied by the translators because this particular kind of sentence in the Greek has an implied answer. [13]In an earlier word study, it was noted that *pistis* ("faith") is sometimes translated as "faithful" (full of faith). [14]Edwards, 88. [15]The Greek word for "God" is not found in the original text. As one who had grown up with the Ten Commandments, Paul would have been unlikely to use the name of God in this type of expression. [16]Ancient manuscripts have this title for Psalm 51: "A Psalm of David, when Nathan the prophet came to him, after he had gone in to Bathsheba." The story is found in 2 Samuel 12:1–15. [17]Moses E. Lard, *Commentary on Paul's Letter to Romans* (Lexington, Ky.: N.p., 1875; reprint, Delight, Ark.: Gospel Light Publishing Co., n.d.), 103. [18]"Is He?" is not in the Greek text, but the words are implied in the Greek construction of the sentence. [19]Morris, 161. [20]Ibid., 157–58.

[21]John Calvin, *The Epistle of Paul the Apostle to the Romans*, trans. and ed. John Owen (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1948), 116. [22]Edwards, 85. [23]Morris, 166. [24]The similarity is even more pronounced in the Greek. Both questions begin with τί οὖν (*ti oun*, "what then"). [25]Some writers believe "we" indicates that Paul was talking about himself and other Christians, but the context favors Paul's identification with his fellow Jews (see 9:3). Either way, the conclusion remains the same: *All* are "under sin." [26]*The Analytical Greek Lexicon* (London: Samuel Bagster & Sons, 1971), 10, 341. [27]MacArthur, 180. [28]Walter Bauer, *A Greek-*

*English Lexicon of the New Testament and Other Early Christian Literature*, 3d ed., rev. and ed. Frederick W. Danker (Chicago: University of Chicago Press, 2000), 1036. [29]Some think that Romans 3:10, 11 is from a third source: Ecclesiastes 7:20. [30]Alfred Edersheim, *The Life and Times of Jesus the Messiah*, new updated ed. (Peabody, Mass.: Hendrickson Publishers, 1993), 311.

[31]Psalm 53:1–3 reads almost the same way. [32]The only exceptions are those who are not accountable, such as babies and those with diminished mental capacity. [33]Richard Rogers, *Paid in Full: A Commentary on Romans* (Lubbock, Tex.: Sunset Institute Press, 2002), 56. [34]Some insist that "the Law" can only refer to the Torah (the first five books of the Old Testament); but in our text Paul quoted from Psalms and Isaiah, which he then referred to as "the Law." Therefore, "the Law" can refer to more than just the Torah. [35]For the use of the word "under," see comments on 3:9. [36]C. E. B. Cranfield, *Romans: A Shorter Commentary* (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1985), 67. [37]"Flesh" (σάρξ, *sarx*) will be discussed later in the commentary, but, here, it just means "person." [38]Literally, verse 20 has "through law." [39]This is not the usual word for "knowledge" (γνῶσις, *gnōsis*), but a strengthened form (ἐπίγνωσις, *epignōsis*) which means "to know full well" and suggests "advanced 'knowledge'" (Vine, 347). [40]A "plumb-line" is a line (string) with a weight on the end. It is held beside a structure to see whether or not the structure is perfectly straight vertically.

[41]D. Martyn Lloyd-Jones, *Romans: The Righteous Judgment of God* (2:1—3:20) (Grand Rapids, Mich.: Zondervan Publishing House, 1989), 198. [42]Rogers, 58. [43]R. C. Bell, *Studies in Romans* (Austin, Tex.: Firm Foundation Publishing House, 1957), 29. [44]Morris, 177. [45]See KJV. For easier readability, most modern translations break the sentence into several sentences. The NASB translators made two sentences. [46]Morris, 173. [47]Moo, 125. [48]Edwards, 97. [49]Romans 1:17 uses *present* tense ("is revealed"), referring to the revelation of God's righteousness in the preaching of the gospel. Romans 3:21 uses *past* tense ("has been manifested"), referring to the manifestation of God's righteousness in the death of Jesus (a past event). [50]John R. W. Stott, *The Message of Romans: God's Good News for the World*, The Bible Speaks Today (Downers Grove, Ill.: Inter-Varsity Press, 1994), 109 (emphasis added).

[51]Vine, 390. [52]The Greek text has the words for "Jesus Christ" in the genitive case, which can be translated either "of Jesus Christ" (subjective) or "in Jesus Christ" (objective). In this passage, it may be either subjective or objective. [53]Morris, 175–76. [54]J. D. Thomas, *Romans*, The Living Word (Austin, Tex.: R. B. Sweet Co., 1965), 27. [55]*The Analytical Greek Lexicon*, 17. [56]Vine, 576. [57]D. Stuart Briscoe, *Romans*, The Communicator's Commentary (Waco, Tex.: Word Books, 1982), 89. [58]C. G. Wilke and Wilibald Grimm, *A Greek-English Lexicon of the New Testament*, trans. and rev. Joseph Henry Thayer (Edinburgh: T. & T. Clark, 1901; reprint, Grand Rapids, Mich.: Baker Book House, 1977), 478. [59]*American Heritage Dictionary*, 4th ed. (2002), s.v. "transgress." [60]*The Analytical Greek Lexicon*, 420.

[61]Briscoe, 89. [62]G. Schrenk, "*dikaióō*," in *Theological Dictionary of the New Testament*, ed. Gerhard Kittel and Gerhard Friedrich, trans. and abr. Geoffrey W. Bromiley (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1985), 175. [63]Stott told of the sixteenth-century debate regarding whether God actually makes us righteous (the Catholic position) or whether He counts us as righteous (the Reformer position) (Stott, 127). [64]Morris, 178. [65]J. D. Thomas, Class Notes, *Romans*, Abilene Christian College (1955). [66]H. Conzelmann, "*cháris*," in *Theological Dictionary of the New Testament*, 1298–1301. [67]Ibid., 1304 (emphasis added). [68]MacArthur, 208–9. [69]Quoted in Bell, 31. [70]Metonymy is a figure of speech in which one thing stands for something else that is closely related. For example, in the US, when one says that "the White House" did something, he is actually referring to the President.

[71]John A. Mackay, *God's Order: The Ephesian Letter and This Present Time* (New York: Macmillano., 1953), 97. [72]Vine, 564. [73]Edwards, 104. [74]There is some question whether "in His blood" should be placed after "propitiation" or "faith" (see KJV). The statement resulting from either placement is consistent with biblical teaching elsewhere, so it is not a question that should concern us. [75]These texts do not use exactly the same form of the Greek word translated "propitiation" in Romans 3:25, but they use words from the same family. [76]When one enters any new field of endeavor, he must learn some distinctive terms. Think of learning to read ... or farm ... or drive a car ... or use a computer. The same is true in religion. [77]*American Heritage Dictionary*, 4th ed. (2002), s.v. "propitiation." [78]F. Büschel, "*hilastē´rion*," in *Theological Dictionary of the New Testament*, 364. [79]That question is discussed in Morris, 181–82; Stott, 113–14. [80]Moo, 133.

[81]F. F. Bruce, *The Letter of Paul to the Romans*, 2d ed. The Tyndale New Testament Com-

mentaries (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1985), 100. [82]Stott, 115. [83]Ibid. [84]Vine, 153. [85]In the Greek text, the words translated "in the forbearance of God" are at the beginning of verse 26, but they modify the thought at the end of verse 25, so the NASB translators inserted the words in verse 25. [86]Some think "the sins previously committed" refers to sins committed by individuals before they became Christians. However, in this passage, the contrast seems to be between *then* (before Christ) and now (after Christ's coming). [87]Briscoe, 94–95. [88]Quoted in William Barclay, *The Letter to the Romans*, rev. ed., The Daily Study Bible (Philadelphia: Westminster Press, 1975), 59. [89]Edwards, 106. [90]MacArthur, 218.

[91]Ibid., 205. [92]*American Heritage Dictionary*, 4th ed. (2002), s.v. "boast." [93]Adapted from William Hendriksen, *Exposition of Paul's Epistle to the Romans*, New Testament Commentary (Grand Rapids, Mich.: Baker Book House, 1981), 135. [94]These expressions are from MacArthur, 220. [95]Jim McGuiggan, *The Book of Romans*, Looking Into The Bible Series (Lubbock, Tex.: Montex Publishing Co., 1982), 137. [96]Adapted from Hendriksen, 135. [97]This is an illustration found in many books, including Warren W. Wiersbe, *The Bible Exposition Commentary*, vol. 1 (Wheaton, Ill.: Victor Books, 1989), 524. [98]Paul may have used the plural "we" here to refer to all inspired speakers and writers—or he may have used "we" in an "editorial" sense, as he did in 3:8, to refer only to himself. [99]"Maintain" is translated from λογίζομαι (*logizomai*), which means "to count, calculate" (*The Analytical Greek Lexicon*, 249). This is a key word in chapter 4; we will discuss it in that context. [100]Ibid., 440.

[101]Edward Mote, "My Hope Is Built on Nothing Less," *Songs of Faith and Praise*, comp. and ed. Alton H. Howard (West Monroe, La.: Howard Publish-ing Co., 1994). [102]"Monotheism" refers to the belief that there is just one God: "only" or "one" (μόνος, *monos*) plus "God" (θεός, *theos*). [103]"Shema" is the Hebrew word for "hear" (שְׁמַע, *shema'*), the word with which Deuteronomy 6:4 begins. [104]The original text has literally "the circumcision" and "the uncircumcision" (see KJV). [105]The text says that Jews are justified "by [ἐκ, *ek*] faith" while Gentiles are justified "through [δία, *dia*] faith." Some have tried to find significance in the fact that two different Greek prepositions are used, but Paul was probably just using synonyms for variety (as most writers do).

[106]Bruce, Romans, 95. [107]Ibid., 95–96. [108]N. Tom Wright, *New Tasks for a Renewed Church* (London: Hodder and Stoughton, 1992), 168. [109]Adapted from Halford E. Luccock, *Preaching Values in the Epistles of Paul*, vol. 1, *Romans and First Corinthians* (New York: Harper & Brothers, 1959), 37–38. [110]In John's epistles, one error he was exposing was antinomianism (see, for instance, 1 Jn. 3:4, 10; 5:2, 3).

[111]As in 3:8 and 3:28, Paul may have been using "we" either in a plural or an "editorial" sense. [112]Vine, 3. [113]Bauer, 525. [114]Vine, 207. [115]Barclay's translation has "Do we then through faith completely cancel out all law?" (Barclay, 60). [116]Adapted from McGuiggan, 139. [117]Although he did not directly address this matter in Romans, he did give strong indications of his thoughts on it—as we shall see in our discussion of 7:1–6. [118]Adapted from Stott, 121. [119]H. Kleinknecht, "*nómos*," in *Theological Dictionary of the New Testament*, 646. [120]Vine, 354.

[121]*American Heritage Dictionary*, 4th ed. (2002), s.v. "law." [122]Moo, 87. [123]Thomas, *Romans*, 48. [124]These five books are called "The Books of Law" or "The Pentateuch." [125]Vine, 354–55. [126]Bauer, 677. [127]Vine, 355. [128]W. Gutbrod, "*nómos*," in *Theological Dictionary of the New Testament*, 652. [129]Bruce, *Romans*, 51. [130]Adapted from MacArthur, 187.

[131]Charles R. Swindoll, *Coming to Terms with Sin: A Study of Romans 1—5* (Anaheim, Calif.: Insight for Living, 1999), 44. [132]Bert Kalmar, "Three Little Words," © 1930, Warner Bros.; © 1958, Edwin H. Morris & Co., MPL Communications. [133]A more thorough discussion is given in "The Center of God's Love" in David Roper, *Jesus Christ and Him Crucified* (Arvada, Colo.: Christian Communications, 1976). [134]D. Martyn Lloyd-Jones, *Romans: Atonement and Justification* (3:20—4:25) (London: Banner of Truth Trust, 1970), 25. [135]See 6:21, 22; 7:5, 6; 16:25–27; Gal. 4:8, 9; Eph. 5:8; Col. 1:21, 22 ["yet ... now"]; 3:7, 8; Heb. 12:26; 1 Pet. 2:10; 2:25. [136]Moo, 135. [137]A. M. Toplady, "Rock of Ages," *Songs of Faith and Praise*, comp. and ed. Alton H. Howard (West Monroe, La.: Howard Publishing Co., 1994). [138]Edwards, 102. [139]Adapted from John T. Carroll and James R. Carroll, *Preaching the Hard Sayings of Jesus* (Peabody, Mass.: Hendrickson Publishers, 1996), 17. [140]Paul Lee Tan, *Encyclopedia of 7,700 Illustrations* (Rockville, Maryland: Assurance Publishers, 1979), 1287.

[141]Wiersbe, 523. [142]Jimmy Allen, *Survey of Romans*, 7th ed. (Searcy, Ark.: By the author, 1994), 55. [143]Philip Yancey, *What's So Amazing About Grace?* (Grand Rapids, Mich.: Zondervan, 1997), 13. [144]John Newton, "Amazing Grace," *Songs of Faith and Praise*, comp. and ed.

Alton H. Howard (West Monroe, La.: Howard Publishing Co., 1994). [145]Fritz Ridenour, ed., *How to Be a Christian Without Being Religious* (Glendale, Calif.: G/L Publications, 1967), 27. [146]In Hebrews 13:15, 16, praising God and helping others are referred to as sacrifices we make to God—but these are not blood sacrifices. The same is true for the spiritual sacrifice mentioned in Romans 12:1, 2. [147]Jesus did not take physical blood into God's spiritual domain. This is figurative language. [148]F. F. Bruce, *The Epistle to the Hebrews*, The New International Commentary on the New Testament (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1964), 222–23. [149]A classic story tells of Lycurgus, an ancient king of Sparta, whose son broke a law that was punishable by inflicted blindness. The prince was blinded in one eye, but the king gave one of his own eyes to spare his son from the full penalty of the law. (James Burton Coffman, *Commentary on Romans* [Austin, Tex.: Firm Foundation Publishing House, 1973], 134.) [150]MacArthur, 117–18.

[151]Adapted from David F. Burgess, comp., *Encyclopedia of Sermon Illustrations* (St. Louis: Concordia Publishing House, 1988), 211. [152]John David Stewart, *A Study of Major Religious Beliefs in America*, The Living Word (Austin, Tex.: R. B. Sweet Co., 1962), 32. [153]This famous statement is found in the original preface of Martin Luther's German New Testament (1522). See E. Theodore Bachmann and Helmut T. Lehmann, eds., *Luther's Works*, vol. 35, *Word and Sacrament I* (Philadelphia: Fortress Press, 1960), 362, 395–97. [154]J. W. McGarvey and Philip Y. Pendleton, *Thessalonians, Corinthians, Galatians and Romans*, The Standard Bible Commentary (Cincinnati: Standard Publishing, n.d.), 323.